"ഇതെല്ലാം ഈശോ ജനക്കൂട്ടത്തോടു ഉപമകൾവഴി പറഞ്ഞു. ഉപമകൾവഴിമാത്രം സംസാരിപ്പാനേ അവിടുന്നു ഇഷ്ടപ്പെട്ടുള്ളു. പ്രവാചകൻവഴി പറയപ്പെട്ട വചനങ്ങൾ ഇങ്ങനെ പൂർത്തിയായി. എൻെറ മനോഗതം ഉപമകൾവഴി ഞാൻ സംസാരിക്കും. ലോകാരംഭം മുതൽ രഹസ്യമായി കാക്കപ്പെട്ടിരുന്നവയെ ഞാൻ വെളിപ്പെടുത്തും."

—മത്തായി xiii: 34, 35.

# സത്യദീപം

"ഒരു മനുഷ്യൻ ക്രമരഹിതമായി എന്തെങ്കിലും ആശിക്കുമ്പോഴൊക്കെ അവൻെറ ഹൃദയം ക്ഷണേന അസ്വസ്ഥമായിത്തീരുന്നു. അഹങ്കാരികൾക്കും അത്യാഗ്രഹികൾക്കും ഒരിക്കലും മനസ്സമാധാനമുണ്ടായിരിക്കുകയില്ല. ഹൃദയത്തിൽ വിനീതരും സാധുക്കളുമായവർ വളരെ സമാധാനത്തോടുകൂടി വർത്തിക്കുന്നു."

—ക്രിസ്താനുകരണം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1956 നവംബർ 14—ബുധനാഴ്ച | Vol. 30, No. 14

# മറിയത്തിൻെറ "ഫിയാത്തു്"

(ഏണേക്കാട്ടു് യൗസേപ്പു് കത്തനാർ)

ലത്തീൻഭാഷയിൽ "ഫിയാത്തു്" എന്ന പദം ഒരു ക്രിയയാണെങ്കിലും ഇവിടെ നാമമെന്നോണം ഉപയോഗിക്കുന്നു എന്നേയുള്ളു. മലയാളത്തിൽ ഇതിൻെറ അർത്ഥം (അപ്രകാരം) സംഭവിക്കട്ടെ, ആയിത്തീരട്ടെ, ഉണ്ടാകട്ടെ എന്നൊക്കെ പറയാം. മുൻനടന്ന കാര്യങ്ങൾക്കും, കേട്ട സംഭാഷണങ്ങൾക്കും മററും എതിരൊന്നുമില്ലാതെ, പൂർണ്ണമായ സമ്മതം കൊടുക്കുന്നുവെന്നുചുരുക്കം. So be it, or be it done എന്ന മൂന്നു വാക്കുകൾ കൂടി ഇംഗ്ലീഷിലും "നെഹവേ"എന്നു ഏകപദംകൊണ്ടു സുറിയാനിയിലും ഇതേ ആശയം വെളിപ്പെടുത്തുന്നു. ഈ ലേഖനത്തിൻെറ അഭിധാനം മറിയത്തിൻെറ "അങ്ങനെയാകട്ടെ" എന്നു മലയാളീകരിപ്പാൻ പാടുണ്ടു്. ഒരാൾ സംഭാഷണം അവസാനിപ്പിക്കുമ്പോൾ, എന്നാൽ പോകട്ടെ, ചെയ്യട്ടെ, നോക്കട്ടെ എന്നും മററും നാം കേൾക്കാറുണ്ടല്ലൊ. അതിനു ഇതരൻ നൽകുന്ന മറുപടി ഉപചാരപൂർവ്വമായി "എന്നാൽ അങ്ങനെയാകട്ടെ", ചുരുക്കത്തിൽ, "അങ്ങനാട്ടെ" എന്നതുതന്നെയാണു് ഈ "ഫിയാത്തു്."

ഗബ്രിയേൽ മാലാഖാ മറിയത്തെ അഭിവാദനംചെയ്ത സമയം അവസാനം അവൾ നൽകിയ മറുപടിയുടെ കാതൽ ഈ "ഫിയാത്തു്" ആകുന്നു. അതേപ്പററിയുള്ള ഒരു ലഘുചിന്തനമാണു് ഈ ലേഖനവിഷയം.


ദൈവത്തിൽനിന്നും ഉൽഭൂതമായ പ്രകൃതിനിയമപ്രകാരംതന്നെ, ദീർഘദൃഷ്ടിയുള്ള ബുദ്ധിമാനായ ഒരാൾ, കർഷകനോ, വണിക്കോ, വ്യവസായിയോ, മററാരെങ്കിലും താൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾക്കു് വല്ല വിഘ്നവും ഇടയ്ക്കു നേരിടുന്നപക്ഷം അതിനെ വിജയപൂർവ്വം തരണംചെയ്യാൻ നിവൃത്തിപോലെ വേണ്ടവിധം മുൻകൂട്ടിക്കരുതും. സൃഷ്ടികളിൽ അനന്തരം വന്നുഭവിക്കാവുന്ന തകരാറുകൾ ദിവ്യബോധത്തിൽ ദർശിച്ചും അതിനുള്ള നിവാരണം നിശ്ചയിച്ചുമാണു് ആ കർമ്മത്തിനു ദൈവം ഉദ്യുക്തനായതു്. ആദിമാതാപിതാക്കന്മാരുടെ അധഃപ്പതനവും ദൈവപുത്രൻെറ മനുഷ്യാവതാരവുമാണു് ഇവിടത്തെ വിവക്ഷിതം. ദൈവം മനുഷ്യനാകാനുള്ള സമ്മുഹൂർത്തം വന്നു. അതിനായി എല്ലാം തികഞ്ഞുള്ളൊരു നാരിവേണം. അവളിലാണു് ഈ രഹസ്യം മുഴുവൻ കേന്ദ്രീകൃതമായിരുന്നതു്. ആ സ്ത്രീയുടേയും പിശാചിൻേറയും മദ്ധ്യേ ശത്രുത ആദ്യമേ സ്ഥാപിക്കപ്പെട്ടു. അവളുടേയും അവളുടെ സന്തതിയുടേയും ആവിർഭാവം അത്യാശാപൂർവ്വം നോക്കിപ്പാർത്തിരുന്ന ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട ജനം, ഇസ്രായേൽക്കാർ, കാലദീർഘതകൊണ്ടു് നിരാശയിൽ ഉൾപ്പെടാതിരിപ്പാൻ പൂർവ്വപിതാക്കന്മാരും പ്രവാചകരും മുഖേന ക്ലിപ്തസമയത്തേയും സാഹചര്യങ്ങളേയും വിശദമായി വെളിപ്പെടുത്തിയിരുന്നു. അവയെല്ലാം യോജിച്ചു. ദാനിയേലിൻെറ "എഴുപതു ആഴ്ചകൾ" കഴിഞ്ഞു. യാക്കോബു പ്രവചിച്ചിരുന്നതുപോലെ യൂദായുടെ ചെങ്കോൽ അന്യനായ ഹേറോദിൻെറ കൈയിലായി. അതുപോലെ ശേഷവും. ഇനി കന്യക ഗർഭംധരിക്കണം. അത്രമാത്രം. അപ്പോൾ കാലത്തിൻെറ തികവായി. ഇനി ഒന്നേ വേണ്ടതുള്ളു. ആ സ്ത്രീയുടെ, കന്യകയുടെ, സമ്മതംകിട്ടണം. വ്യക്തിസ്വാതന്ത്ര്യം ദൈവം നൽകിയതാണു്; അതിനെ താൻ ഒരിക്കലും ഹനിക്കയില്ല. എതിരുണ്ടാകയില്ലെന്നു ദൈവത്തിനു അറിയാമെങ്കിലും ഇതരന്മാരും അതു ഗ്രഹിക്കണമല്ലോ. അതിനായി ഗബ്രിയേലിനെ നിയോഗിച്ചു. വളരെ പ്രധാനപ്പെട്ട കാര്യങ്ങൾക്കാണു്, തൻെറ "മുമ്പിൽനില്ക്കുന്ന" ഈ മുഖ്യദൂതനെ ദൈവം വിളിക്കുക. മുൻപും പിൻപും അങ്ങനെയായിരുന്നു. തൻെറ നാമത്തിൻെറ അർത്ഥം "ദൈവത്തിൻെറ ശക്തി" എന്നാണു് Gabriel = Fortitudo Dei. പേർഷ്യൻസാമ്രാജ്യം നശിപ്പിക്കപ്പെടുമെന്നും എഴുപതു "ആഴ്ചകൾ" കഴിയുമ്പോൾ ക്രിസ്തു പിറക്കുമെന്നും മററുമുള്ള അത്ഭുതപ്രവചനങ്ങൾ ഗബ്രിയേൽവഴിയാണുണ്ടായതെന്നു പഴയനിയമം ദാനിയേൽപുസ്തകത്തിൽ കാണാം. മാത്രമല്ല സ്നാപകയോഹന്നാൻെറ ജനനം സക്കറിയായേയും, ക്രിസ്തുവിൻെറ ജനനം മറിയത്തേയും ധരിപ്പിച്ചതും ഗബ്രിയേൽതന്നെ. പാരമ്പര്യപ്രകാരം മാർ യൗസേപ്പിൻെറ മനഃക്ലേശം മാററിയതും ആട്ടിടയന്മാരെ സദ്വാർത്ത അറിയിച്ചതും ഗത്സേമ്മിനിയിൽ കർത്താവിനെ ധൈര്യപ്പെടുത്തിയതും ഈ മഹാ മാലാഖായാണു്.

ഈ ദൈവദൂതപ്രമാണി അറിഞ്ഞ മനുഷ്യാവതാരപ്പരമരഹസ്യം അനേകം ഇതരമാലാഖാമാർക്കും വെളിപ്പെട്ടു. സ്വർഗ്ഗീയവേഷഭൂഷണാലംകൃതനായി നസ്രത്തിലെ മറിയത്തിൻെറ പക്കലേക്കു യാത്രപുറപ്പെട്ട ഈ മുഖ്യദൂതനെ അവരിൽ അനേകായിരം അകമ്പടിസേവിച്ചു. അവർക്കു അന്യോന്യം കാണാമായിരുന്നുവെന്നും അത്യന്തം കുതൂഹലചിത്തരായി ആശയവിനിമയം ചെയ്തിരുന്നുവെന്നും പറയപ്പെടുന്നു. മനുഷ്യാവതാരത്തോടു് ഗാഢമായി ബന്ധിച്ചിരുന്ന കുരിശിൻെറ മഹനീയ അടയാളം ആ ദൈവപ്രതിനിധിയായ ഗബ്രിയേലിൻെറ രാജകീയ കുപ്പായത്തിനു പുറമെ നെഞ്ചിന്മേൽ സുവ്യക്തം ദർശനീയമായിരുന്നുവത്രേ.

മറിയത്തെ അറിയിക്കേണ്ടതും അവളോടു ചോദിക്കേണ്ടതും ആയ കാര്യങ്ങളുടെ ആശയം മാത്രമല്ല, അതിനുപയോഗിക്കേണ്ട വാക്കുകൾപോലും ക്ലിപ്തമായി ദൈവാവിഷ്കരണംവഴി മുഖ്യദൂതനു സിദ്ധിച്ചു. അങ്ങനെ പരിവാരസമേതം മറിയത്തിൻെറ ചെറുകുടിലിനുള്ളിൽ പ്രവേശിച്ചു. ഇതാ, അതിൻെറ ഒരുകിൽ പതിന്നാലരവയസ്സുകാരി, പാവപ്പെട്ട ആ യുവതി, ബാഹ്യമായ യാതൊരു പ്രൗഢിയും കൂടാതെ, ഏകാകിനിയായി കഴിയുന്ന നിരാലംബ, അച്ചാരകല്യാണശേഷം നാട്ടാചാരപ്രകാരമുള്ള വിവാഹത്തിനു ദിവസം പാർത്തുനോക്കിയിരിക്കുന്ന സാധ്വി, രണ്ടു മുട്ടുകളും നിലത്തൂന്നി, തലകുനിച്ചു് കൈകൾകൂപ്പി അർദ്ധോന്മീലിതനേത്രങ്ങളോടു കൂടി ഏകാഗ്രചിത്തയായി ധ്യാനനിരതയായി, മറിയത്തെ ഗബ്രിയേൽ കണ്ടു വിസ്മയിച്ചു. അസാധാരണമായ സ്വർഗ്ഗീയസുഗന്ധം അവിടെ ആകമാനം വ്യാപിച്ചു. തൻെറ ഇടത്തുവശം അല്പം പിറകിൽ ഒരു മുട്ടുമടക്കി വണങ്ങി ആദരപൂർവ്വം നില്ക്കുന്ന മുഖ്യദൂതൻമാത്രം മറിയത്തിനും കാണപ്പെട്ടു. ദിവ്യപ്രഭാപൂരിതമായ തൻെറ അന്തഃപുരത്തിൽ സ്വർഗ്ഗീയാനന്ദം വഴിയുന്ന മധുരസ്വരം "സ്വസ്തി, നന്മനിറഞ്ഞവളെ......" എന്നും മററും കേട്ടു് മറിയം അത്ഭുതപ്പെട്ടു. "മറിയം! (ആ തേനോലും നാമം ദൈവദൂതൻ ഒന്നാസ്വദിച്ചു) നീ ഭയപ്പെടേണ്ടാ......"

സുവിശേഷത്തിലുള്ള ഈ സംഭാഷണം, ചോദ്യവും മറുപടിയും, നമ്മൾ വായിക്കുംപോലെ ഉടനു

(ശേഷം 9-ാംപേജിൽ)




## ഇന്ത്യയുടെ പുതിയ ഭൂപടം

"സംസ്ഥാനപുനസ്സംഘടനയ്ക്കുശേഷം ഇന്ത്യയിൽ ആന്ധ്റാപ്രദേശ്, ആസ്സാം, ബീഹാർ, ബോംബെ, ജമ്മു-കാശ്മീർ, കേരളം, മദ്ധ്യപ്രദേശ്, മദ്രാസ്, മൈസൂർ, ഒറീസ്സ, പഞ്ചാബ്, രാജസ്ഥാൻ, ഉത്തരപ്രദേശ്, പശ്ചിമബംഗാൾ എന്നിങ്ങനെ 14 സംസ്ഥാനങ്ങളും, ഡൽഹി, ഹിമാചൽപ്രദേശ്, മണിപ്പൂർ, ത്രിപുര, ആൻഡമാൻ-നിക്കോബാർദ്വീപുകൾ ലക്ഷ-അമീൻദ്വീകൾ എന്നിങ്ങനെ കേന്ദ്രം ഭരിക്കുന്ന ആറു പ്രദേശങ്ങളുമാണുള്ളതു്.

സംസ്ഥാനങ്ങളുടെ വിസ്തീർണ്ണവും ജനസംഖ്യയും താഴെ കൊടുക്കുന്നു:

| സംസ്ഥാനം | വിസ്തീർണ്ണം (ച. മൈ.) | ജനസംഖ്യ |
|---|---|---|
| ആന്ധ്റാപ്രദേശ് | 105962 | 31259815 |
| ആസ്സാം | 85012 | 9043707 |
| ബീഹാർ | 67300 | 38827517 |
| ബോംബെ | 190919 | 48265120 |
| ജമ്മു-കാഷ്മീർ | 62780 | 4400000 |
| കേരളം | 15035 | 13549118 |
| മദ്ധ്യപ്രദേശ് | 171201 | 26095680 |
| മദ്രാസ് | 50110 | 29974936 |
| മൈസൂർ | 74347 | 19401612 |
| ഒറീസ്സ | 60136 | 14645946 |
| പഞ്ചാബ് | 47456 | 16134890 |
| രാജസ്ഥാൻ | 132078 | 15946731 |
| ഉത്തരപ്രദേശ് | 113409 | 62215742 |
| പശ്ചിമബംഗാൾ | 33809 | 26258647 |

# ശകാരവർഷങ്ങൾ

(റവ. വി. സി. ഗീവറുഗീസ് കോറെപ്പിസ്കോപ്പാ ബി. എ.)

(തുടർച്ച)

"അന്ത്യോഖ്യായിൽ പത്രോസ് സിംഹാസനം സ്ഥാപിച്ചതിന്റെ ഓർമ്മ ഫെബ്രുവരി 22-ാം തീയതി റോമാസഭ കൊണ്ടാടുന്നു. വത്തിക്കാനിലേയും കല്ലുദോനിയാസഭയിലെ സകല ഗ്രന്ഥശാലകളേയും അച്ചനും കൂട്ടരും പരിശോധിച്ച് അന്ത്യോഖ്യായിൽനിന്നു റോമിലേക്കു സിംഹാസനത്തെ മാററിയെന്ന് എന്തെങ്കിലും ഒരു തെളിവു കാണിക്കാമോ?" ഇതു "വിശ്വാസത്യാഗി" 3-ാം പുറത്തുനിന്നുള്ള ഉദ്ധരണിയാണ്.

മറുപടി:- പത്രോസ്ശ്ലീഹാ റോമായ്ക്കു പോയെന്നും റോമായിൽ തന്റെ സിംഹാസനം സ്ഥാപിച്ചെന്നും യാക്കോബായരേഖകൾ സമ്മതിച്ചുപറയുന്നു. (പെന്തിക്കോസ്തി നമസ്കാരം—ലിലിയോ, "എശ്താദർ ഹ്‌വാവ് ശ്ലീഹേ..." എന്നാദിയായിട്ടുള്ളത്. അതിന്റെ അർത്ഥം: "ശ്ലീഹന്മാർ പുറജാതികളെ എല്ലാം ശിഷ്യപ്പെടുത്തുവാൻ അയക്കപ്പെട്ടു. അവരിൽ ഓരോരുത്തനും ഓരോ സ്ഥലം ദൈവപുത്രൻ ഏല്പിച്ചുകൊടുത്തു. ശീമോൻ റോമാ" ഇത്യാദി—മതപ്രസംഗത്തിനായി മിശിഹാതന്നെ പത്രോസിനെ റോമിലേക്കയച്ചു എന്നാണല്ലോ ഈ നമസ്കാരത്തിൽ പ്രസ്താവിച്ചിരിക്കുന്നത്.

മോശെ ബർക്കീപ്പായുടെ സാക്ഷ്യംകൂടി ഉദ്ധരിക്കാം:-

(De Dedicatione Ecclesiae, I) "ശെമവൂൻ ബർയൗനൊ" എന്നു തുടങ്ങിയുള്ള വാചകം, അതിന്റെ അർത്ഥം: "കീപ്പാ എന്നു പേരുവിളിക്കപ്പെട്ട യോനായുടെ പുത്രനായ ശീമോൻ, അതായത് ശ്ലീഹന്മാരുടെ തലവനായ പത്രോസ്... റോമായ്ക്കുപോയി...അവിടെ സഭ സ്ഥാപിച്ചു; അതിനെ ശ്ലീഹന്മാരുടെ തലവന്റെ സിംഹാസനമാക്കി. ഇരുപത്തഞ്ചുവത്സരം അതിനെ ഭരിച്ചു."

റോമാസഭ ഫെബ്രുവരി 22-ാം തീയതി പത്രോസിന്റെ അന്ത്യോക്യാസിംഹാസനത്തിന്റെ ഓർമ്മ കൊണ്ടാടുന്നുണ്ടെങ്കിലും റോമാസിംഹാസനത്തിന്റെ ഓർമ്മ കൊണ്ടാടുന്നില്ലെന്നു ബ: റമ്പാച്ചന്റെ വാചകത്തിൽ ഒരു സൂചനയുണ്ട്. റോമാസഭയുടെ പഞ്ചാംഗത്തിൽ നിങ്ങൾ നോക്കിയാൽ ജനുവരി 18-ാം തീയതി ആ തിരുനാൾ കൊണ്ടാടുന്നതായി കാണാം.

ശ്ലീഹന്മാരുടെ കാനോനാകൾ എന്ന ഗ്രന്ഥത്തിൽ (ഈ ഗ്രന്ഥം യാക്കോബായക്കാർ, നെസ്തോറിയർ എന്നിവരുടെ കൈവശമുണ്ട്) "ശ്ലീഹന്മാരുടെ ആചാര്യത്വത്തിന്റെ കൈവെപ്പ് റോമാനഗരവും ഇത്താല്യമുഴുവനും സ്പെയിനും ബ്രിട്ടനും ഗാളും അവയ്ക്കുചുററുമുള്ള മററു പ്രദേശങ്ങളും ശീമോൻകീപ്പായിൽനിന്നുതന്നെ സ്വീകരിച്ചു. അദ്ദേഹം അന്ത്യോഖ്യായിൽനിന്നു അവിടെ എത്തുകയും......"

എന്നാൽ ഒരുകാര്യം പ്രത്യേകം ഓർക്കേണ്ടതുണ്ട്. പത്രോസ്ശ്ലീഹാ സ്ഥാപിച്ച അന്ത്യോഖ്യാസിംഹാസനത്തിലെ 457-ാമാണ്ടിലെ... പാത്രിയർക്കീസ് കല്ക്കിദോൻ സൂനഹദോസിനെ സ്വീകരിച്ചിരുന്നു. അതു അന്ത്യോഖ്യായിലെ മാക്സിമോസ് പാത്രിയർക്കീസാണ്. ഈ പാത്രിയർക്കീസിന്റെ പിൻഗാമികളല്ല ഇന്നത്തെ യാക്കോബായപാത്രിയർക്കീസന്മാർ. പിന്നെയോ, 543-ാമാണ്ട് യാക്കോബു ബുർദാനാ മർദ്ദീനിൽ ഒരു പാത്രിയർക്കീസിനെ വാഴിക്കുകയും ആ പാത്രിയർക്കീസിനെ അന്ത്യോഖ്യായിലെ സാക്ഷാൽ പാത്രിയർക്കീസിനു എതിരായി നിറുത്തുകയുംചെയ്തു. ഇങ്ങനെ മർദ്ദീനിൽ വാഴിച്ച പാത്രിയർക്കീസിന്റെ പിൻഗാമികളാണ് യാക്കോബായപാത്രിയർക്കീസന്മാർ— യാക്കോബു ബുർദാനാ ആദ്യം "ഷെള്ളാക്കാരൻ സർഗ്ഗീസിനേയും" പിന്നീട് ഒരു പൗലോസിനേയും അന്ത്യോഖ്യാപാത്രിയർക്കീസ് എന്ന അഭിധാനത്തിൽ വാഴിച്ചു. എന്നാൽ അക്കാലത്തു കത്തോലിക്കാസഭയോടു യോജിച്ചുനിന്ന അന്ത്യോഖ്യാപാത്രിയർക്കീസ് അന്ത്യോഖ്യായിൽ വാഴുന്നുണ്ടായിരുന്നു—കുറേമുമ്പ് അന്ത്യോഖ്യായിൽനിന്നു ബഹിഷ്കൃതനായ സേവേരൂസിന്റെ പിൻഗാമിയായിട്ടത്രേ സർഗ്ഗീസ് വാഴിക്കപ്പെട്ടതു. അന്ത്യോഖ്യായിൽ സത്യവിശ്വാസിയായ ഒരു പാത്രിയർക്കീസ് ഭരണംനടത്തുമ്പോൾ അന്ത്യോഖ്യാപാത്രിയർക്കീസ് എന്ന നാമത്തോടെ അന്ത്യോഖ്യായിൽനിന്നു വളരെ ദൂരം ഒരാൾ പ്രത്യക്ഷനായാൽ അയാളുടെ അവകാശവാദത്തെ വകവച്ചുകൊടുക്കുവാൻ നിവൃത്തിയില്ല. യാക്കോബായപാത്രിയർക്കീസന്മാർ നാളിതുവരെ അന്ത്യോഖ്യായിൽ വസിച്ചിട്ടില്ലെന്നുള്ളതും പ്രസ്താവയോഗ്യമാണ്.

15-ാം നൂററാണ്ടിലുള്ള ഒരു യാക്കോബായപഞ്ചാംഗം വത്തിക്കാൻ ഗ്രന്ഥശാലയിൽ സൂക്ഷിച്ചിട്ടുണ്ട്. (Codex Vatic. Syr. 63, 12) ഇതിൽ കർക്കടകം 30-ാം തീയതി കുറിച്ചിരിക്കുന്ന ഓർമ്മയിൽ ഇപ്രകാരം ചേർത്തിരിക്കുന്നു. "മോർ യാക്കോബ് ബുർദ്ദ് ആയോ. അദ്ദേഹം നിമിത്തം നമ്മൾ യാക്കോബായക്കാർ എന്നു വിളിക്കപ്പെട്ടു." ബുർദ്ദ് ആയോ എന്നു പറയുന്നതു മലയാളത്തു സാധാരണ പറഞ്ഞുവരുന്ന ബുർദ് ആനാതന്നെയാണ്. ബർ എബ്രായയും ഇതുതന്നെ സമ്മതിച്ചു പറയുന്നു. (Chronicle I, 218 കാണുക)

എന്നെ മഹാദോഷിയായി ചിത്രീകരിച്ചതുകൊണ്ടോ കത്തോലിക്കാസഭയിൽ പാഷണ്ഡോപദേശങ്ങൾ ഉണ്ടെന്നു ഒരു വാചകം പറഞ്ഞതുകൊണ്ടോ മതിയാകയില്ല. പാഷണ്ഡതകളെ ഓരോന്നായെടുത്തു തെളിയിക്കണം. യാക്കോബായസഭ ദൈവത്തിന്റെ സഭയാണെങ്കിൽ സകല ജാതികളോടും സുവിശേഷം അറിയിക്കുവാൻ കല്പിച്ചിട്ട് പതിന്നാലു നൂററാണ്ടു കഴിഞ്ഞിട്ടും അതിനെന്തുകൊണ്ട് അക്കാര്യം സാധിച്ചില്ല. യോബിനെ ദൈവം പരിശോധിച്ചിട്ട് അല്പനാൾ കഴിഞ്ഞപ്പോൾ യോബിനു സകലതും ഇരട്ടിയായി കൊടുത്തില്ലേ? യോബിനോടു യാക്കോബായസഭയെ ബ: റമ്പാച്ചൻ സാമ്യപ്പെടുത്തിയിട്ട് യോബിന്റെ അനുഭവം യാക്കോബായസഭയ്ക്കു കാണുന്നില്ലല്ലോ—യോബ് തനിക്കുണ്ടായ ശിക്ഷകളെ "യഹോവാ തന്നു, യഹോവാ എടുത്തു" എന്നുപറഞ്ഞ് സഹിച്ചതും, യാക്കോബായസഭ ഇന്നത്തെ കാതോലിക്കാപക്ഷക്കാരോടു വട്ടിപ്പണം, പഴയസെമ്മിനാരി മുതലായവയ്ക്കുവേണ്ടി യുദ്ധം ചെയ്യുന്നതും തമ്മിൽ വല്ല സാമ്യവുമുണ്ടോ? യേശുക്രിസ്തു പണിയുന്ന സഭയോടു നരകവാതിലുകൾ ബലം ചെയ്യുകയില്ലെന്ന് അനുഭവംകൊണ്ടു കാണിച്ചുകൊടുത്താൽ ഇങ്ങനെ കത്തോലിക്കാസഭയിലേക്കും പ്രോട്ടസ്റ്റൻറു സഭകളിലേക്കും യാക്കോബായസഭകളിൽനിന്നു നൂറുനൂറായി ആളുകൾ ഒഴുകിപ്പോകുമോ? ജീവനും ശക്തിയും പുരോഗമനവും യാക്കോബായസഭയിലുണ്ടെന്നു ബോദ്ധ്യപ്പെട്ടാൽ പുറത്തു പോകേണ്ടിവരുകയില്ല. കത്തോലിക്കാസഭ അലാസ്കായിലെ എസ്കിമോകളുടെ ഇടയിലും ആഫ്രിക്കയിലെ പിഗ്മീസിന്റെ ഇടയിലും സഹാറായിലെ നോമാഡ്സിന്റെ ഇടയിലും കുഷ്ഠരോഗികളുടെ കോളനികളിലും, ലോകത്തിലെ സകല ജാതികളുടെ ഇടയിലും ഏകവിശ്വാസവും ഏകസന്മാർഗ്ഗവും പഠിപ്പിക്കുന്നതു കണ്ണുതുറന്നു നോക്കിയാൽ കാണരുതോ? ഒരു സഞ്ചാരിയിൽനിന്നു എന്റെ അറിവു ശീമയിൽ യാക്കോബായക്കാർക്ക് അറുപതിൽതാഴെ മാത്രം പട്ടക്കാരേ ഉള്ളു എന്നാണ്. മലങ്കരെയുള്ള പട്ടക്കാരെ പഠിപ്പിക്കുകയും പോററുകയും ചെയ്യുന്ന രീതിയും നമുക്കറിയരുതോ? സർവ്വശക്തനായ ദൈവം മനുഷ്യാവതാരംചെയ്ത് മരിച്ചുയിർത്തു സ്വർഗ്ഗാരോഹണം ചെയ്ത മഹാപുരോഹിതനായിരുന്നു. ലോകത്തിൽ തന്റെ സഭയെ ഇരുപതുനൂററാണ്ടു പണിതിട്ട് അതിന്റെ ഭരണഘടനയും കാനോനും പട്ടത്വവും ഏതുവിധമെന്നു നിശ്ചയിക്കുവാൻ ലൗകികകോടതിയിൽ ആശ്രയിച്ചിരിക്കുന്നുവെന്നു കാണുമ്പോൾ ദൈവംതമ്പുരാന്റെ പ്രവർത്തനം ഭയങ്കരമായ ഒരു തോൽവിയിൽ എത്തിയെന്നു തോന്നുന്നില്ലേ? ദൈവം തോററിട്ടില്ല; താൻ പണിയുന്ന സഭ പാതാളവാതിലുകളുടെ പ്രഹരങ്ങൾ തട്ടിയിട്ടും കുലുക്കംകൂടാതെ മുമ്പോട്ടുനീങ്ങുന്നതു നോക്കിക്കാണുക.

ഞാൻ യാക്കോബായസഭയിൽ ചെയ്ത വേലകൾ അപജയപ്പെട്ടു എന്നു പറഞ്ഞ് എന്നെ അപലപിക്കുന്നല്ലോ. ആലുവാ സെമ്മിനാരിയിൽ നാല്പത്തഞ്ചുകൊല്ലം മുമ്പുമുതൽ സുറിയാനി കോളേജു നടത്തുവാൻ തുടങ്ങിയിട്ട് ഇന്നും അവിടെയുള്ള വൈദികകോളേജ് എങ്ങനെയിരിക്കുന്നു? കോട്ടയം പഴയസെമ്മിനാരി, സഭ മുഴുവൻകൂടി പണിതിട്ട് എന്തുകൊണ്ട് ഇന്നു വവ്വാലിനു പാർപ്പിടങ്ങളായിത്തീർന്നു? വെട്ടിക്കൽ ദയറാ സ്ഥാപിച്ചിട്ട് അവിടെ ദയറാക്കാർ ഉണ്ടാകാത്തതു എന്തുകൊണ്ട്? വട്ടിപ്പണം സ്ഥാപിച്ചിട്ട് ഇന്നു പണമില്ലാത്ത വട്ടികൊണ്ടു മാത്രം തെക്കും വടക്കും അലയേണ്ടിവരുന്നതെന്ത്? മുളന്തുരുത്തി സൂനഹദോസിൽ നിയമമുണ്ടാക്കിയിട്ട് സഭയിന്നു വ്യക്തമായ ഭരണഘടനയില്ലാതെ ആടുന്നതെന്ത്? മലങ്കരഅസോസ്യേഷനും മാനേജിംഗ്കമ്മിററിയും മലങ്കരമെത്രാനും ഇന്നു പാത്രിയർക്കീസ്പാർട്ടിയിൽ നിയമപ്രകാരം ഭരണംനടത്തുവാൻ കഴിയാത്തതെന്തുകൊണ്ട്? ഇങ്ങനെ യാക്കോബായസഭ മുഴുവൻകൂടി ശ്രമിച്ചിട്ട് ഇതിൽ ശുഭമായി ഒന്നും കുരുക്കുകയില്ലെങ്കിൽ മഹാ പാപിയായ ഞാനും ഈ മരുഭൂമിയിൽ നട്ട ചെടികൾ ശരിയായി തഴയ്ക്കാത്തതു എന്തുകൊണ്ടാണ് എന്നറിയരുതോ? ഞാൻ അസ്ഥിരനായി കുഴങ്ങിയെന്നു ബ: റമ്പാച്ചൻ എന്നെക്കുറിച്ച് അപലപിക്കുന്നതിനു മുമ്പുതന്നെ, യാക്കോബായസഭയാകുന്ന പ്രളയത്തിൽ നോഹിന്റെ പെട്ടകമെന്നപോലെ കുഴങ്ങിക്കറങ്ങി എന്നു "സത്യദീപം" വഴിയായി ഞാൻ കഴിഞ്ഞ ജൂലൈമാസത്തിൽ പ്രസിദ്ധീകരിച്ചതാണ്. കത്തോലിക്കാസഭയാകുന്ന പാറമേൽ ഉറയ്ക്കുന്നതുവരെ എന്റെ ജീവിതപേടകം ശരിയായ സ്വസ്ഥത കണ്ടെത്തിയിരുന്നില്ല. ആ സ്വസ്ഥതയാകുന്ന കൃപാവരംകൊണ്ടുതന്നെയാണ് യഥാർത്ഥശാന്തി കിട്ടുന്ന ഭവനത്തിലേക്കു ദൈവത്തിന്റെ ആത്മാവ് എന്നെ നയിച്ചതു. കല്ക്കിദോൻ പൊതുസൂനഹദോസിനെ എതിർത്തുമൂലവും പോർട്ടുഗീസുകാരോടുള്ള പിണക്കത്തിൽ നിയമവിരുദ്ധമായി 12 അച്ചന്മാർചേർന്ന് ആലങ്ങാട്ടുവച്ചു മേല്പട്ടക്കാരനെ വാഴിച്ചതുമൂലവും പോർട്ടുഗീസുകാരോടുള്ള പിണക്കത്തിൽ ബുദ്ധികെടായി കത്തോലിക്കാസഭയോടു പിണങ്ങിയതുമൂലവും തായിത്തണ്ടായ കത്തോലിക്കാസഭയിൽനിന്നു പണ്ടേ വേർപെട്ട യാക്കോബായപാത്രിയർക്കീസന്മാരോടു ബന്ധംപിടിച്ച കാലംമുതൽ മലങ്കരയാക്കോബായസഭ പൊട്ടിപ്പൊട്ടിക്കൊണ്ടിരിക്കുന്നു. കത്തോലിക്കാസഭയിൽനിന്നു പ്രോട്ടസ്റ്റൻറുസഭക്കാർ വേർപെട്ടെങ്കിലും നാല്പത്തേഴരക്കോടി ജനങ്ങളുള്ള കത്തോലിക്കാസഭയുടെ ശക്തിയും ചൈതന്യവും ഇന്നത്തെ യാക്കോബായസഭയ്ക്കു സ്വപ്നം കാണാൻപോലും സാദ്ധ്യമാണോ? കത്തോലിക്കാസഭയുടെ ഭരണഘടന യാക്കോബായസഭ പകർത്തി നോക്കുക. എന്നാലും അതൊരു ആഗോളസഭയായി തീരുമെന്നു വിചാരിപ്പാൻ ന്യായമുണ്ടോ?

ഞാൻ മഹാപാപിയാണെന്നും ഞാൻ എന്തുചെയ്താലും നന്നാകയില്ലെന്നും പറയുന്നതു ശരിയാകയാലാണു പാപികളുടെ സങ്കേതനഗരത്തിലേക്കും എന്തുനന്മ പ്രവർത്തിച്ചാലും ശുഭമായി വളർന്നു ഫലം കായ്ക്കുന്ന നല്ലനിലമാകുന്ന കത്തോലിക്കാസഭയിലേക്കും ചേരേണ്ടിവന്നതു. എന്നെ അറുപതു കൊല്ലം വളർത്തിയിട്ട് അനുസരണം പഠിപ്പിക്കുവാൻ യാക്കോബായസഭയ്ക്കു കഴിഞ്ഞില്ലെങ്കിൽ ആറു ദിവസംകൊണ്ട് എന്നെ അനുസരണം പഠിപ്പിക്കുവാനും ക്രമത്തിൽ കൊണ്ടുവരുവാനും ധൈര്യം നൽകുവാനും കത്തോലിക്കാസഭയ്ക്കു കഴിഞ്ഞു എന്നറിഞ്ഞുകൊള്ളുക. അതിനാലാണ് എന്നെപ്പോലെയുള്ള പാപികൾ രക്ഷയ്ക്കായി കത്തോലിക്കാസഭയിലേക്കു വരുവാൻ ഞാൻ ക്ഷണിക്കുന്നതു. സത്യത്തെ സ്നേഹിക്കുന്നവർ സ്ഥാപിതതാല്പര്യങ്ങൾകൊണ്ടു കുടുങ്ങിയിട്ടില്ലെങ്കിൽ കത്തോലിക്കാസഭയിൽ ചേരുകതന്നെ ചെയ്യും. പലരും അഭിമാനത്താലും ലൗകികഉദ്ദേശ്യങ്ങളാലും ചേരാതിരിക്കുന്നുണ്ട്.

കാട്ടുവഴിയിൽക്കൂടി ഞാൻ സ്വർഗ്ഗയാത്ര ചെയ്തപ്പോൾ കള്ളന്മാരും കവർച്ചക്കാരും എന്നെ തല്ലി മുറിപ്പെടുത്തി. എന്റെ വകയെല്ലാം കവർച്ചചെയ്തു എന്നെ അർദ്ധപ്രാണനാക്കിയപ്പോൾ നല്ല സമരിയാക്കാരനായ ഒരു കത്തോലിക്കാമെത്രാപ്പോലീത്താ എന്നെഎടുത്തുകൊണ്ടുപോയി വഴിയമ്പലത്തിലിട്ടു ചികിത്സിച്ചു. എനിക്കു നിവർന്നുനില്ക്കാറായി എന്നുകണ്ടപ്പോൾ സർപ്പം, പിശാച്; നരകയോഗ്യൻ എന്നിപ്രകാരമുള്ള ഗദകളും കുറുവടികളുമായി എന്റെനേർക്കു വരുന്നു. ക്രൂശിലേ മരണം സഹിച്ച യേശുമിശിഹായുടെ രക്തം എന്റെ നാഡികളിൽക്കൂടി വഴിയമ്പലമാകുന്ന കത്തോലിക്കാസഭയിൽവച്ചു ദിവസേന പകർത്തിവിടുന്നതിനാൽ ഞാൻ ഭീരുവായിത്തീർന്നിട്ടില്ലെന്ന് അറിഞ്ഞുകൊള്ളുക.

എന്റെ പ്രാണനെ ഞാൻ വിലയേറിയതായി കരുതുന്നില്ല. കർത്താവു സ്ഥാപിച്ചു പണിതുകൊണ്ടുവരുന്ന കാതോലികവും അപ്പസ്തോലികവും ഏകവും വിശുദ്ധവുമായ സഭയ്ക്കുവേണ്ടി എന്റെ ശരീരം ഒരു യാഗമായിത്തീരുന്നെങ്കിൽ ഞാൻ അതിൽ സന്തോഷിക്കുകയേയുള്ളു. എന്റെ ജീവൻ എന്റെ രക്ഷിതാവിന്റെ ജീവനിൽ മറഞ്ഞിരിക്കുകയാണ്. കോപത്തിന്റേയും അസത്യത്തിന്റേയും അസഹിഷ്ണുതയുടേയും സ്നേഹമില്ലായ്മയുടേയും കാഠിന്യത്തിന്റേയും ഇരുമ്പഴികളുടെ ഉള്ളിൽനിന്നു", ദൈവത്തിന്റെ മാലാഖാ എന്നെ കടത്തിക്കൊണ്ടുപോന്നു. സ്വാതന്ത്ര്യത്തിന്റെ അന്തരീക്ഷം ദൈവത്തിന്റെ കുടുംബത്തിൽ ഞാൻ ശ്വസിക്കുന്നു. എന്റെ പോരാട്ടം അവസാനിപ്പിച്ച്, എന്റെ ആത്മാവിനെ പിടിച്ചിരിക്കുന്നവന്റെ സ്വർഗ്ഗീയമണവറയിലേക്ക് എന്നെ കൊണ്ടുപോകുന്ന ദിവസത്തിന്നായി ഞാൻ നോക്കിപ്പാർത്തിരിക്കുന്നു.

"റോമൻസഭയുടെ പാഷണ്ഡോപദേശങ്ങൾക്കെല്ലാം പ്രതിവാദം നടത്തുവാൻ ശ്രമിക്കുന്നെങ്കിൽ അങ്ങു നിശ്ചയമായും വിലപിക്കേണ്ടിവരും" എന്നു ബ. റമ്പാച്ചൻ "വിശ്വാസത്യാഗി" 4-ാംപുറത്തു് എഴുതിയിട്ടുണ്ട്. കത്തോലിക്കാസഭയുടെ ഉപദേശങ്ങൾ പാഷണ്ഡതയല്ലെന്ന് അതിലേ സമർത്ഥരായ മല്പാന്മാർ തെളിയിച്ചിട്ടുണ്ട്. ഇനിയും അവർ തെളിയിക്കും. ആ പാറമേൽ ചെന്നു തട്ടി

(ശേഷം 11-ാംപേജിൽ)

പുനരൈക്യത്തിനുശേഷം തോട്ടകം വിൻസെൻഷ്യൻ ആശ്രമത്തിൽവച്ച്, വെരി റവ. മോൺ. ജേക്കബ് നടുവത്തുശ്ശേരിയുടെ കീഴിൽ 41 ദിവസത്തേക്കു നടത്തിയ ജ്ഞാനധ്യാനാവസരത്തിൽ എടുത്ത ഫോട്ടോ.



ഇരിക്കുന്നവർ:- വെരി റവ. മോൺ. ജേക്കബ് നടുവത്തുശ്ശേരി (സ. ദീ. പ.), എറണാകുളം മെത്രാപ്പോലീത്താ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി, വെരി റവ. വി.സി. ഗീവർഗീസ് കോർഎപ്പിസ്കോപ്പാ

നില്ക്കുന്നവർ:- റവ. ഫാദർ ജോർജ്ജ് വട്ടംകണ്ടത്തിൽ, വെരി റവ. ഫാദർ ജോർജ്ജ് മണ്ണാറ (ആ. ശ്രേ.), റവ. ഫാദർ ജോസഫ് വിതയത്തിൽ (സ. ദീ. പ.), റവ. ഫാദർ തോമസ് വെള്ളത്തേടത്തു (മ. മെ. പ.), റവ. ഫാദർ ജോസഫ് തുരുത്തിക്കാട്ട്.

# കോതമംഗലം നിയുക്തമെത്രാൻ റൈററ് റവ. ഡോക്ടർ മാത്യു പോത്തനാമുഴി തിരുമേനി

## നവമ്പർ 18-ാംതിയതി റോമയിൽവച്ചു മെത്രാഭിഷേകം സ്വീകരിക്കുന്നു

### അഭിഷേചകൻ അത്യുന്നത കർദ്ദിനാൾ തിസ്സരാങ്ങ് തിരുമേനി

(പി. ജോസഫ്, റോം)

കോതമംഗലം രൂപതയുടെ നിയുക്തമെത്രാൻ റൈററ് റവ. ഡോക്ടർ മാത്യു പോത്തനാമുഴി ഒക്ടോബർ 24-ാംതീയതി രാത്രി പതിനൊന്നരമണിക്ക് സെക്രട്ടറി റവ. ഫാദർ ജോൺ മാതേക്കനുമൊന്നിച്ച് എയർ ഇന്ത്യാ കമ്പനിയുടെ വക ഒരു വിമാനംവഴി ബോംബെയിൽനിന്നു റോമിലേക്കു യാത്രപുറപ്പെട്ടു. വിമാനം 25-ാംനു പകൽ 1-05 ന് (ഇന്ത്യൻ സമയം ഉദ്ദേശം 5-30 P. M.) റോമിൽ എത്തുകയുണ്ടായി. ചുരുക്കം ചില സ്ഥലങ്ങളൊഴിച്ചാൽ അന്തരീക്ഷത്തിനു് ഒരു കുഴപ്പവുമുണ്ടായിരുന്നില്ല. യാത്ര പൊതുവെ ആനന്ദകരമായിരുന്നു. വത്തിക്കാനിൽനിന്നു് ഉദ്ദേശം 5 മൈൽ അകലെയാണ് ഇവിടത്തെ "ചമ്പീനോ" എന്ന വിമാനത്താവളം. റവ. ഫാദേഴ്സ് പ്ലാസിഡ്, എ. ഡി. മററം തുടങ്ങി 12 ഓളം വൈദികർ തിരുമേനിയെ സ്വീകരിക്കാൻ നേരത്തെതന്നെ വിമാനത്താവളത്തിൽ സന്നിഹിതരായിരുന്നു. ലേഖകൻ 11-30നു് വിമാനത്താവളത്തിൽ എത്തി എയർ ഇന്ത്യാ കമ്പനി ആഫീസിൽ ചെന്നു് അവിടെ റേഡിയോമൂലം വിമാനത്തിലെ പൈലററ് നടത്തിയിരുന്ന സംഭാഷണം ശ്രദ്ധിക്കുകയുണ്ടായി. ഓരോ മിനിട്ടിലും വിമാനം എവിടെയാണ്, എത്ര അടി ഉയരത്തിലാണു പറക്കുന്നതു്, അന്തരീക്ഷത്തിന്റെ സമ്മർദ്ദം എന്തു് എന്നീ വിവരങ്ങളാണ് അറിയിച്ചുകൊണ്ടിരുന്നതു്. ഒരിക്കൽ കേട്ടു "വിമാനത്തിലെ റേഡിയോ ശരിയായി ശബ്ദം സ്വീകരിക്കുന്നില്ല" എന്നു്. ഉടനെതന്നെ കമ്പനിയിലെ ഉദ്യോഗസ്ഥന്മാർ വിമാനം സഞ്ചരിക്കുന്ന സ്ഥലത്തിനടുത്തുള്ള റേഡിയോസ്റ്റേഷനിലേക്കെല്ലാം അറിവുകൊടുത്തു വേണ്ടതുചെയ്യണമെന്നു്. 12 മണി ആയപ്പോൾ സന്ദേശം ലഭിച്ചു, 1-05-നു വിമാനം റോമിലെത്തുമെന്നു്. അതുപോലെതന്നെ കൃത്യസമയത്തിനു് വന്നെത്തുകയും ചെയ്തു. പക്ഷെ ഉടനെ നിലത്തിറങ്ങാൻ സാധിച്ചില്ല. കാരണം, അതേസമയത്തുതന്നെ ലണ്ടൻ, ഫ്രാൻസ്, ഇററലി, ഈ രാജ്യക്കാരുടെ വക വിമാനങ്ങൾവന്നു നിലത്തിറങ്ങിയിരുന്നു. ഉദ്ദേശം രണ്ടു മിനിട്ടു മുകളിൽക്കൂടി കറങ്ങിനടന്ന ശേഷം വിമാനം നിലത്തിറങ്ങി. മെത്രാൻ തിരുമേനിയും സെക്രട്ടറിയും വിമാനത്തിൽനിന്നുള്ള ഗോവണിവഴി പുറത്തുവന്നു. സ്വീകരിക്കാൻ നിന്നിരുന്ന മലയാളികൾ അല്പം അകലെയായിട്ടാണ് നിന്നിരുന്നതു്. സുസ്മേരവദനനായ തിരുമേനി തൊപ്പിയെടുത്തുയർത്തിക്കൊണ്ടു് സ്വാഗതസംഘത്തിന്റെ അഭിവാദ്യങ്ങൾ സ്വീകരിച്ചു.

ചുങ്കസ്ഥലത്തും മററും അധികസമയം താമസമുണ്ടായില്ല. മെത്രാന്മാരുടേയും മററും ലഗേജുകൾ സാധാരണ പരിശോധിക്കുക പതിവില്ലെന്നുതന്നെ പറയാം. തിരുമേനിയും സിക്രട്ടറിയും പുറത്തുവന്നു ഞങ്ങളുടെ കൂട്ടത്തിൽ ചേർന്നു. ഞങ്ങൾ ഓരോരുത്തരും തിരുമേനിയുടെ കൈ മുത്തുകയും വിശേഷങ്ങൾ വിവരമായി ചോദിച്ചറിയുകയും ചെയ്തു. ചില സ്വീ

## മെത്രാഭിഷേകം സംബന്ധിച്ച്

### എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ സർക്കുലർ

കോതമംഗലംരൂപതയുടെ നിയുക്തമെത്രാൻ റൈററു റവ. ഡോക്ടർ മാത്യു പോത്തനാമുഴി തിരുമനസ്സുകൊണ്ടു നവമ്പർ മാസം 18-ാംനു ഞായറാഴ്ച റോമിൽവച്ചു പൗരസ്ത്യതിരുസംഘം സെക്രട്ടറി അത്യുന്നതകർദ്ദിനാൾ തിസരാങ്ങ് തിരുമനസ്സിലെ കരങ്ങളിൽനിന്നു് മെത്രാൻപട്ടാഭിഷേകം സ്വീകരിക്കുന്നതാണെന്നു് ഇവിടെ അറിവു ലഭിച്ചിരിക്കുന്നു. ഈ വിവരം വികാരിമാർ ഇടവകജനങ്ങളെ അറിയിക്കുകയും തിരുമേനിക്കുവേണ്ടി പ്രാർത്ഥിക്കുവാനും കഴിവുള്ളവർ കുമ്പസാരിച്ചു വിശുദ്ധകർബാന സ്വീകരിച്ചു കാഴ്ചവയ്ക്കുവാനും ഉൽബോധിപ്പിക്കുകയും ചെയ്യണം. അന്നു വാഴ്‌വിന്റെ സമയത്തു ലാക്ക് ആലാഹാ പാടുകയും വേണം.



മോൺ. പോത്തനാമുഴി റോമിൽ "ചമ്പീനോ" വിമാനത്താവളത്തിൽ വിമാനത്തിൽനിന്നു സിക്രട്ടറിയുമൊരുമിച്ചു ഇറങ്ങിവരുന്നു.



തിരുമേനിയെ സ്വീകരിക്കുന്നതിനു വിമാനത്താവളത്തിൽ സന്നിഹിതരായിരുന്ന സുഹൃത്തുക്കളെ തിരുമേനി സുസ്മേരവദനനായി സമീപിക്കുന്നു.



തിരുമേനിയും സ്വാഗതസംഘവുംചേർന്നു വിമാനത്താവളത്തിൽ വച്ചെടുത്ത ഗ്രൂപ്പ്ഫോട്ടോ. തിരുമേനിയുടെ വലതുവശത്തു വെരി റവ. ഫാദർ പ്ലാസിഡിനേയും ഇടതുവശത്തു സിക്രട്ടറി റവ. ഫാദർ മാതേക്കനേയും കാണാം. ബാക്കിയുള്ളവർ റോമിലെ വിവിധകോളേജുകളിൽ ഉപരിപഠനം നിർവ്വഹിക്കുന്ന കേരളീയവൈദികരും ശെമ്മാശന്മാരുമായ വിദ്യാർത്ഥികളാണ്.

## രക്തസാക്ഷികൾ, പിന്നെയും രക്തസാക്ഷികൾ

(കെ വി. സെബാസ്റ്റ്യൻ, നെയ്യശ്ശേരി)

വത്തിക്കാൻ മുന്നറിയിപ്പുനൽകി "കമ്മ്യൂണിസവും അതിന്റെ "സഹവർത്തിത്വ"സിദ്ധാന്തവും നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ. കമ്മ്യൂണിസം പവിത്രീകരിക്കപ്പെടുകയെന്ന പ്രശ്നമേയില്ല."

മാർക്സ്‌മുതൽ (1843-ൽ മാർക്സ് പറഞ്ഞു: "മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്. ജനങ്ങളെ ഈ മയക്കുമരുന്നിന്റെ സ്വാധീനശക്തിയിൽനിന്നു മോചിപ്പിക്കുകയെന്നതാണ് നമ്മുടെ കടമ") ക്രൂഷേവ്‌വരെയുള്ള നേതാക്കന്മാരുടെ കാലത്തു് ഇതിനു മാററമുണ്ടായിട്ടില്ല. അടുത്തകാലത്തു് ക്രൂഷേവ് പറയുകയുണ്ടായി, "നമ്മൾ നിരീശ്വരന്മാരാണ്. മതമാകുന്ന കറുപ്പിന്റെ ഇന്നും നിലനില്ക്കുന്ന സ്വാധീനശക്തിയിൽനിന്നു് ജനതയെ മോചിപ്പിക്കുവാൻ നാം ആവുന്നതും ശ്രമിക്കണം. മതത്തിന്റെ മാസ്മരശക്തിയെ ജയിക്കാൻ നമ്മാലാവുന്നതെല്ലാം നാം ചെയ്യുന്നുണ്ടു്."

കമ്മ്യൂണിസ്റ്റ്‌രാജ്യങ്ങളിൽ നിലവിലുള്ള മതവിരുദ്ധപ്രസ്ഥാനങ്ങളെപ്പററി ആ രാജ്യങ്ങൾ സന്ദർശിച്ചിട്ടുള്ള പലരും വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടു്. പക്ഷെ ശരിയായ വിവരങ്ങൾ നൽകിയവരുടെ പേരുകൾ വെളിപ്പെടുത്തുന്നതു് അപകടകരമായിരിക്കുമെന്നുള്ളതു തീർച്ചയാണ്. ആ രാജ്യങ്ങളിലെ ജനങ്ങൾ നൽകിയ ചില വിവരങ്ങളാണ് താഴെ ചേർക്കുന്നതു്.

### പോളണ്ട്

കത്തോലിക്കാസഭയെ നശിപ്പിക്കാനുള്ള പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനു് രണ്ടാംലോകമഹായുദ്ധത്തിന്റെ അവസാനത്തിൽ ജനറൽ ഇവാൻ സീറോവു നിയമിക്കപ്പെട്ടു. 1945 ലെ പ്രത്യേകസാഹചര്യങ്ങളിൽ, ഒരു തുറന്ന ആക്രമണം ആഭ്യന്തരകുഴപ്പങ്ങൾക്കിടനൽകിയേക്കുമെന്നു അദ്ദേഹം ഭയപ്പെട്ടു. അതുകൊണ്ടു് റഷ്യയിലെ ഓർത്തഡോക്സ് സഭയെപ്പോലെ, കമ്മ്യൂണിസ്റ്റ്‌നയം നടപ്പിലാക്കാനുള്ള ഒരുപകരണമായി കത്തോലിക്കാസഭയെ ഉപയോഗിക്കാൻ അദ്ദേഹം തീരുമാനിച്ചു.

പോളിഷ്‌സഭാനേതാക്കന്മാരെ തടവിലാക്കുകയും വൈദികരേയും വിശ്വാസികളേയും ഒരു ഭീകരഭരണത്തിൽ ഒതുക്കിനിറുത്തുകയും ചെയ്യുക എളുപ്പമായിരുന്നില്ല

1949-ൽ സഭയുടെ സ്വത്തുക്കളെല്ലാം കമ്മ്യൂണിസ്റ്റ്‌കാർ കണ്ടുകെട്ടി. ആശുപത്രികളും സ്കൂളുകളും ദേശവല്ക്കരിച്ചു. സഭയുടെ മേൽനോട്ടത്തിൽ നടന്നുവന്ന ജീവകാരുണ്യപ്രവർത്തനങ്ങൾ നിരോധിക്കപ്പെട്ടു.

1950 ഓടുകൂടി സഭയും രാഷ്ട്രവുമായി ഒരു ഒത്തുതീർപ്പുണ്ടാക്കുവാൻ പോളിഷ്‌മെത്രാന്മാർ നിർബന്ധിതരായി. മതപരമായ പ്രവർത്തനങ്ങളെ വളരെയധികം നിയന്ത്രിക്കുന്നതരത്തിലുള്ള ഒരുടമ്പടിയായിരുന്നു അതു്. അടിച്ചേല്പിക്കപ്പെട്ട വ്യവസ്ഥകൾ അംഗീകരിക്കുകയല്ലാതെ പോംവഴിയുണ്ടായിരുന്നില്ല. കമ്മ്യൂണിസ്റ്റ്‌വിരുദ്ധപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയില്ലെന്നുള്ള വ്യവസ്ഥയിൽ മതപരവും വിദ്യാഭ്യാസസംബന്ധവുമായ ചില സ്വാതന്ത്ര്യങ്ങളെല്ലാം വാഗ്ദാനംചെയ്യപ്പെട്ടു. മിക്ക കമ്മ്യൂണിസ്റ്റ്‌വാഗ്ദാനങ്ങളേയുംപോലെ ഇതും ലംഘിക്കപ്പെടുകയാണുണ്ടായതു്. കുപ്രസിദ്ധമായ സ്റ്റോക്ക്‌ഹോം സമാധാനാഭ്യർത്ഥനയിൽ ഒപ്പുവയ്ക്കാൻ പോളിഷ് മെത്രാന്മാർ വിസമ്മതിച്ചതോടെ ഭീകരങ്ങളായ മർദ്ദനപരിപാടിക

### കൃതജ്ഞത

വി. പത്താം പീയൂസിന്റെ മാദ്ധ്യസ്ഥതാലും ബ. സിസ്റ്റർ അൽഫോൻസായുടേയും ഫ്രെഡറിക്ക് ഒസ്സാനാമിന്റേയും സഹായത്താലും എന്റെ രോഗം മാറിയതിനു് ഉപകാരസ്മരണ.

E. V. G., പെരുങ്ങഴ

കരണഫോട്ടോകളും ഒരു ഗ്രൂപ്പ് ഫോട്ടോയും എടുത്തശേഷം മൂന്നു കാറുകളിലായി ഞങ്ങൾ എല്ലാവരും "ഡമേഷൻ" കോളേജിലേക്കു തിരിച്ചു. പൗരസ്ത്യസംഘം വക ഒരു കോളേജാണല്ലോ അതു്. അവിടെയാണ് തിരുമേനി താമസിക്കുന്നതു്. കോളേജിൽ ചെന്നപ്പോൾ അവിടത്തെ റെക്ടറും വിദ്യാർത്ഥികളും തിരുമേനിയെ ഹാർദ്ദമായി സ്വാഗതമരുളി സ്വീകരിച്ചു. രാത്രി മുഴുവൻ ഉറക്കമിളച്ചിരുന്നതുകൊണ്ടുള്ള ക്ഷീണംമൂലം തിരുമേനി വിശ്രമിക്കുവാൻപോയി.

### സെൻറ് പീറ്റേഴ്സ് സന്ദർശനവും കർദ്ദിനാൾ തിസ്സരാങ്ങുമായുള്ള കൂടിക്കാഴ്ചയും

പിറേറദിവസം രാവിലെ തിരുമേനി ഫാദർ പ്ലാസിഡുമൊരുമിച്ച് അപ്പസ്തോലപ്രമുഖനായ വി. പത്രോസിന്റെ ശവകുടീരത്തിൽ പ്രാർത്ഥിക്കുന്നതിനായി പോയി. അതിനുശേഷം കർദ്ദിനാൾ തിസ്സരാങ്ങ തിരുമേനിയെ സന്ദർശിച്ചു. പൗരസ്ത്യതിരുസംഘത്തിന്റെ ആസ്ഥാനം വി. പത്രോസിന്റെ ദേവാലയത്തിനു തൊട്ടടുത്താണ്. കർദ്ദിനാൾ തിരുമേനി ഹൃദയപൂർവ്വം സ്വീകരിക്കുകയും കുശലപ്രശ്നത്തിനുശേഷം അനന്തരപരിപാടികളെപ്പററി സംസാരിക്കുകയും ചെയ്തു. മററു പല ജോലിത്തിരക്കുകളും അസൗകര്യങ്ങളും ഉള്ളതുകൊണ്ടു് അഭിഷേകം ഈ മാസം 18-ാംതീയതിയാകട്ടെ എന്നു തീരുമാനിച്ചു. വി: പത്രോസിന്റെ ദേവാലയത്തിൽവച്ചുതന്നെ അഭിഷേകകർമ്മം നടത്താൻ ശ്രമിക്കാം എന്നു തിരുസംഘാധികാരികൾ ഉറപ്പുനൽകുകയും ചെയ്തു.

### മററു സന്ദർശനപരിപാടികൾ

പിറേറദിവസം തിരുമേനി റോമിലെ സുപ്രസിദ്ധമായ "പൗരസ്ത്യ വിജ്ഞാനകേന്ദ്രം" സന്ദർശിച്ചു. പൗരസ്ത്യസഭയെക്കുറിച്ചുള്ള പഠനങ്ങൾ നടത്തുന്നതു് അവിടെയാണ്.

28-ാംനു ഞായറാഴ്ച ഡമെഷേനോ കോളേജിൽവച്ചു "ഭാരതീയ വൈദികസമിതി"യുടെ നേതൃത്വത്തിൽ തിരുമേനിക്കു സ്വാഗതമരുളുകയുണ്ടായി. തദവസരത്തിൽ പലരും പ്രസംഗിക്കുകയും തിരുമേനി ഒരു മറുപടിപ്രസംഗം ചെയ്യുകയും ചെയ്തു.

ഇപ്പോൾ ഇററലിയിലെ പ്രധാന സ്ഥലങ്ങളിൽ കുറെയെങ്കിലും സന്ദർശിക്കാൻ ഉദ്ദേശിച്ചിരിക്കയാണ്. കോതമംഗലംരൂപതയും മലബാർ സഭയും പ്രത്യേകിച്ച് ഇവിടത്തെ ഭാരതീയവിദ്യാർത്ഥികളും നവംബർ 18-ാംതീയതി നിർന്നിമേഷരായി കാത്തിരിക്കയാണ്, തിരുമേനിയുടെ അപ്പസ്തോലികപട്ടാഭിഷേകത്തിൽ പങ്കുകൊള്ളാൻ.

ളാരംഭിച്ചു. വൈദികരേയും കന്യാസ്ത്രീകളേയും തടവിലാക്കി. സ്കൂളുകൾ പൂട്ടി.

സീറോവ് ചില പുതിയ അടവുകൾ സ്വീകരിച്ചു. "പുരോഗമനവാദി"കളായ കത്തോലിക്കരുടെ ഒരു സംഘടനയുണ്ടാക്കി. പതിനായിരത്തിൽപ്പരമുള്ള വൈദികരിൽ അറുപതുപേരെ മാത്രമേ അവക്കു സ്വാധീനിക്കാൻ കഴിഞ്ഞുള്ളു. അതുതന്നേയും നാരകീയമായ ജയിൽജീവിതത്തിൻെറ ഫലമായിരുന്നു. കമ്മ്യൂണിസ്റ്റുകൾ വൈരനിര്യാതന ബുദ്ധിയോടെ പ്രവത്തിച്ചു. പോളിഷ് പ്രീമേററ് കാർഡിനൽ സ്റ്റീഫൻ വിഷിൻസ്കിയെ അവർ തടങ്ങലിലാക്കി. നയപരമായി കമ്മ്യൂണിസ്റ്റുകൾക്കു പററിയ വലിയ ഒരമളിയായിരുന്നു ഇതു്. കത്തോലിക്കർ ഒന്നടങ്കം സംഘടിച്ചു. ജനങ്ങൾ തങ്ങളുടെ വൈദികക്കു കാവൽ നിന്നു.

എതിരാളികൾക്കു് കടുത്ത തലവേദനയുണ്ടാക്കുന്ന ഒരു പ്രശ്നമായി പോളിഷ് കത്തോലിക്കാസഭ ഇന്നും നിലനില്ക്കുന്നു. ഇതിൻെറ കാരണമെന്താണു്? നിരന്തരമായ മട്ടനവും ജയിൽശിക്ഷകളുംകൊണ്ടു് പോളണ്ടിൻെറ ഹൃദയത്തെ കീഴടക്കാൻ അവക്കു കഴിഞ്ഞില്ലെന്നുള്ളതുതന്നെ.

## ഹംഗറിയിൽ

കുട്ടികളെ വേദപാഠക്ലാസ്സുകളിൽ അയക്കുന്നതു തടയാൻ കമ്മ്യൂണിസ്റ്റുകാർ കഴിവുള്ളതെല്ലാം ചെയ്യുന്നുണ്ടു്. ഇതിലേക്കു മാതാപിതാക്കന്മാരുടെമേൽ എല്ലാവിധ സമ്മർദ്ദങ്ങളും ചെലുത്തുന്നു. "സമാധാനവാദികളായ വൈദികരുടെ സംഘടന"യുണ്ടാക്കി കത്തോലിക്കരെ ഭിന്നിപ്പിക്കാൻ ശ്രമിക്കുന്നുണ്ടു്. ഇതുകൊണ്ടും ഫലപ്രാപ്തിയുണ്ടായിട്ടില്ല. "രാഷ്ട്രീയവിശ്വാസികളെന്നതിനെക്കാൾ കൂടുതലായി ഇവർ മതത്തിൻെറ പ്രവാചകരായിത്തന്നെ കഴിയുന്നു" എന്നാണു് "സമാധാനവാദികളായ പുരോഹിതന്മാരുടെ സംഘടന"യെപ്പററി ഒരു ഹംഗേറിയൻ കമ്മ്യൂണിസ്റ്റ്പത്രം എഴുതിയതു്.

ഇന്നു് ഹംഗറിയിലെ ഒരു കത്തോലിക്കൻെറ ജീവിതം ഏതുതരത്തിലാണു്? വിയന്നായിലെ കാത്തലിക്കു് ന്യൂസ്സർവ്വീസ് നൽകുന്ന വിവരമാണു് താഴെ ചേക്കുന്നതു്:-

"ഒരാൾ ഇടവകവികാരിയെ സന്ദശിച്ചാൽ, ഉടൻ പാർട്ടിയുടെ പ്രാദേശികക്കമ്മിററിക്കു് ആ വിവരം ലഭിക്കുന്നു. ഏതാനും ദിവസങ്ങൾക്കുള്ളിൽ ബുഡാപ്പെസ്റ്റിലെ ഓഫീസ്ഫയലുകളിൽ അതു സംബന്ധിച്ചുള്ള കേസുകൾ സ്ഥലംപിടിക്കുന്നു. ദേവാലയസന്ദശനം ശിക്ഷാർഹമാണെന്നു ജനങ്ങൾക്കറിയാം.

"പാർട്ടിനേതാക്കന്മാർ കുടുംബത്തലവന്മാരെ ചോദ്യംചെയ്യുന്നു. എത്ര നാളത്തേക്കു് അവർ തങ്ങളുടെ കുഞ്ഞുങ്ങളെ മതപാഠനത്തിനയക്കാനുദ്ദേശിക്കുന്നുവെന്നു തുടങ്ങുന്നവയായിരിക്കും ചോദ്യങ്ങൾ. തത്ഫലമായി പട്ടണങ്ങളിൽ 30 ശതമാനം—ഏറിയാൽ 50 ശതമാനം—കുട്ടികൾ മാത്രമേ വേദപാഠക്ലാസ്സുകളിൽ പോകുന്നുള്ളു."

വെറും അഞ്ചു സെമ്മിനാരികൾ മാത്രമാണു് ഹംഗറിയിൽ ഇന്നുള്ളതു്. ഹംഗേറിയൻ വൈദികരിൽ ഭൂരിഭാഗവും അണ്ടർഗ്രൗണ്ടിൽ പോകേണ്ടിവന്നിരിക്കുന്നു. ബാക്കിയുള്ളവർ "അപ്രത്യക്ഷരായി"രിക്കുകയാണു്.

## ബാൾക്കൻസ്

രണ്ടു കാരണങ്ങൾകൊണ്ടു് ഇവിടെ കമ്മ്യൂണിസ്റ്റുകൾക്കു താല്ക്കാലികവിജയമുണ്ടായിട്ടുണ്ടു്. 1. മതവികാരങ്ങളെ ഒട്ടും മാനിക്കാൻ അവർ തയ്യാറായില്ല. സഭയെ ഒററയടിക്കു നശിപ്പിക്കാനുള്ള ഒരു പദ്ധതി ആവിഷ്കരിക്കപ്പെട്ടു. 2. കത്തോലിക്കർ വെറും ന്യൂനപക്ഷമായിരുന്നു. പൗരസ്ത്യഓത്തഡോക്സ് സഭയേയും മുസ്ലീങ്ങളേയും അപേക്ഷിച്ചു് താഴ്ന്നനിലമാത്രമേ അവക്കുണ്ടായിരുന്നുള്ളു.

റുമേനിയൻ കമ്മ്യൂണിസ്റ്റുകൾക്കും ഒരു ബലിയാടിനെ കിട്ടി. ഇപ്പോൾ ഇംഗ്ലണ്ടിലെ അപ്പസ്തോലിക്ക് ഡെലിഗേററായിരിക്കുന്ന ആർച്ചുബിഷപ്പ് ജെറാൾഡ് ഒഹരാ. 1948-ൽ മുഴവൻ മെത്രാന്മാരും എഴുന്നൂറോളം വൈദികരും അറസ്റ്റുചെയ്യപ്പെട്ടു. 1950-ൽ താൻ ബഹിഷ്കൃതനാകുന്നതുവരെ ആർച്ചുബിഷപ്പ് ഒഹരാ ഈ കമ്മ്യൂണിസ്റ്റ് സ്വേച്ഛാധിപത്യത്തിനെതിരായിനിന്നു പൊരുതി. എഴുന്നൂറിൽപ്പരം വൈദികരുടെമേൽ കമ്മ്യൂണിസ്റ്റുകാർ "നീതി" നടത്തി.

ബൾഗേറിയായിൽ കമ്മ്യൂണിസ്റ്റുകാക്കു് എളുപ്പത്തിൽ വിജയം കിട്ടി. 1949-ൽ ഒരു മെത്രാനും 47 വൈദികരും അറസ്റ്റുചെയ്യപ്പെട്ടു.

## ചെക്കോസ്ലോവാക്കിയാ

1929-ൽ ക്ലെമൻറു് ഗോട്ട്വാൾഡ് കത്തോലിക്കരുടെനേരെ ആക്രോശിച്ചു: "ഞങ്ങൾ ആഗ്രഹിക്കുന്നതുതന്നെയാണു് നിങ്ങളുൾഹിക്കുന്നതും. നിങ്ങളുടെ കഴുത്തു ഞെരിക്കാനാണു് ഞങ്ങൾ അഭിലഷിക്കുന്നതു്. ഗോട്ട്വാൾഡ് മരിച്ചു. പക്ഷെ പിൻഗാമികളിൽക്കൂടി അയാൾ ഇന്നും ജീവിക്കുകയാണു്. ഇന്നു് ചെക്കോസ്ലോവാക്കിയായിലെ എഴുപതുശതമാനം ഇടവകകളിലും വൈദികരില്ല. ഒരു മെത്രാപ്പോലീത്താ "അപ്രത്യക്ഷനാ"യിരിക്കുന്നു.

വഞ്ചനയിൽ പൊതിഞ്ഞ ഒരു "കത്തോലിക്കാ പ്രവത്തനപദ്ധതി" പ്രഖ്യാപിക്കപ്പെട്ടു. പക്ഷെ ഇരുപതു വൈദികരുടെ സഹകരണംമാത്രമാണവർക്കു കിട്ടിയതു്. സെമ്മിനാരികളിൽ മാർക്സിസം പഠിപ്പിക്കണമെന്നു നിർബന്ധിച്ചു. പള്ളിമുതലുകൾ കണ്ടുകെട്ടി. മതസ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള മുദ്രണാലയങ്ങൾ നശിപ്പിക്കപ്പെട്ടു. വഴിതെററിയ ഏതാനും വൈദികർക്കൂടി ഒരു പുതിയ സഭയുണ്ടാക്കാൻ ശ്രമിച്ചു. അതുകൊണ്ടൊന്നും ചെക്കുജനതയുടെ മതവിശ്വാസത്തിനു ഉലച്ചിൽ തട്ടിയില്ല.

1955-ൽ ഭരണകക്ഷി തോൽവി സമ്മതിക്കേണ്ടിവന്നു. "ജനങ്ങളുടെ മതവികാരങ്ങളെ നശിപ്പിക്കാനുള്ള ശ്രമത്തിൽ നാം പരാജയപ്പെട്ടുവെന്നു് ഖേദപൂവ്വം സമ്മതിക്കേണ്ടിയിരിക്കുന്നു. മതത്തി

**Davy's World Famous Poultry Remedies**



ഡേവിയുടെ
വിശ്വവിഖ്യാതമായ
കോഴിരോഗമരുന്നുകൾ

പൗൾട്ടറി പ്രീസർവർ:-രോഗം വരാതെ സൂക്ഷിക്കുന്നതിനും, കോഴിവസന്തയ്ക്കും.

റാനിക്കെററൽ:-റാനിക്കെററു് രോഗത്തിനു്.

Sole Distributors
Kerala State & S. Kanara
Districts
M/s Raphael Thomas & Sons
(India)
Pavaratti, S. Malabar

# ഹങ്കറിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ!

## പരിശുദ്ധ പിതാവിൻെറ ഹൃദയസ്പർശകമായ ആഹ്വാനം

(റവ. ഫാദർ തോമസ്സ് മൂത്തേടൻ എം. എ. ഡി. ഡി.)

ഹങ്കറി. "വിശപ്പു്" എന്നു ഇംഗ്ലീഷിൽ വാച്യാത്ഥമുള്ള ഈ രാജ്യം ദുരന്തദുരിതത്തിൽ അമർന്നിരിക്കയാണു്. സ്വാതന്ത്ര്യത്തിൻെറ വിശപ്പുകൊണ്ടു വലഞ്ഞ ഈ ജനം ഒന്നുണന്നു; എന്നാൽ കണ്ണുതിരുമ്മി എഴുന്നേററപ്പോഴേക്കും യന്ത്രത്തോക്കുകൾ അവരുടെ നേക്കു നീട്ടിക്കഴിഞ്ഞു. സ്വാതന്ത്ര്യപ്രേമികളുടെ രക്തംകൊണ്ടു ഹങ്കറിയിലെ തെരുവുകൾ നനഞ്ഞിരിക്കുന്നതു പരിശുദ്ധ പിതാവിൻെറ ദൃഷ്ടിയിൽപ്പെട്ടു. സന്താപഭരിതനായി അവിടുന്നു സകല കത്തോലിക്കാ ജനങ്ങളേയും വൈദികമേലദ്ധ്യക്ഷന്മാരേയും ആഹ്വാനം ചെയ്തിരിക്കയാണു് ഹങ്കറിക്കുവേണ്ടി പ്രാത്ഥിക്കുവാൻ. തൽസംബന്ധമായി ക്രിസ്തുരാജത്തിരുനാൾ ദിവസം തിരുമേനി പ്രസിദ്ധം ചെയ്ത ചാക്രികലേഖനം ഇവിടെ പരിഭാഷപ്പെടുത്തി ചേക്കാം.

### ഭയങ്കരമായ നരവേട്ട

"ഭയങ്കരമായ മനുഷ്യവേട്ട നടമാടുന്ന പൗരസ്ത്യരാജ്യങ്ങളിൽ പ്രത്യേകിച്ചു് നമുക്കു് എത്രയും പ്രിയപ്പെട്ട ഹങ്കറിയിൽ നടന്ന സന്താപകരമായ സംഭവങ്ങൾ നമ്മുടെ പൈതൃകഹൃദയത്തെ അത്യധികം വേദനിപ്പിച്ചിരിക്കുന്നു. മനുഷ്യസ്വഭാവത്തിൻെറ മേന്മയും പൗരാവകാശങ്ങളും വ്യക്തിസ്വാതന്ത്ര്യവും വിലമതിക്കുന്ന സകലരുടേയും ഹൃദയം നോവുകതന്നെ ചെയ്യും.

"ആകയാൽ നമ്മുടെ ഗൃഹികച്ചുമതലകളെ സംബന്ധിച്ചുള്ള മനസ്സാക്ഷിയുടെ പ്രചോദനമനുസരിച്ചു് ബ: സഹോദരരോടും അവരുടെ ഭരണത്തിനു കീഴ്പ്പെട്ടിരിക്കുന്ന അജഗണത്തോടും താല്പയ്യപൂവ്വം അഭ്യത്ഥിക്കുകയാണു് നമുക്കെല്ലാവക്കും യോജിച്ചു് പരസ്പരവധത്തിൻ അന്ത്യംവരുത്തുവാനും നീതിയിലും സ്നേഹത്തിലും ന്യായമായ സ്വാതന്ത്ര്യത്തിലും അടിയുറച്ചിരിക്കുന്ന സമാധാനം സംസിദ്ധമാകുവാനുംവേണ്ടി ഭരണകത്താക്കളുടെ അധികാരത്തിൻേറയും മനുഷ്യജീവിതത്തിൻേറയും ആദികാരണമായ സവ്വേശ്വരനോടു പ്രാത്ഥിക്കണമെന്നു്. എല്ലാവരും ചില സംഗതികൾ മനസ്സിലാക്കണം. ആയുധഭരണം മനുഷ്യസംഹാരത്തിനുമാത്രമേ ഉതകുന്നുള്ളു. ബലപ്രയോഗംകൊണ്ടു് മനുഷ്യൻെറ ആന്തരികചൈതന്യത്തെ അമത്തുവാൻ കഴിയുന്നതല്ല. ക്രിസ്തീയമനസ്സാക്ഷിയുടേയും തിരുസ്സഭയുടേയും അവകാശങ്ങളെ അവഗണിക്കുന്ന കൗടില്യംകൊണ്ടു് ക്ഷുബ്ധമായ ജനതയുടെ ഇടയിൽ സമാധാനം പാലിക്കുവാൻ സാദ്ധ്യമല്ല. ന്യായമായ സ്വാതന്ത്ര്യത്തിൻെറ നിശ്വസനങ്ങളെ അക്രമംകൊണ്ടു തടയാവുന്നതുമല്ല.

### ഹങ്കറിയുടെ ഉച്ചവിശ്വാസം

"നമ്മുടെ പ്രിയപ്പെട്ട ക്രിസ്തീയഅജഗണവിഭാഗത്തിനു വന്നുചേന്നിരിക്കുന്ന ഈ ദുരന്തദുരിതങ്ങളുടെ ഇടയ്ക്കു് ഒരു ചിന്ത നമ്മുടെ ഹൃദയത്തിനു ആശ്വാസം നൽകുന്നുണ്ടു്. കുറേക്കൊല്ലങ്ങൾക്കുമുമ്പു ബുഡാപ്പെസ്റ്റിൽവച്ചു നടന്ന അഖിലലോകദിവ്യകാരുണ്യസമ്മേളനത്തിൽ നമ്മുടെ പുരോഗാമി 11-ാം പീയൂസ് മാപ്പാപ്പായുടെ പ്രതിനിധിയായി നാം പങ്കെടുത്തതും വി. കുർബാനയുടെ നഗരപ്രദക്ഷിണത്തിൽ ഹങ്കറിയിലെ ക്രിസ്തീയജനത ഭക്തിപൂവ്വം ഭാഗഭാക്കായതും ആനന്ദത്തോടും ആശ്വാസത്തോടുംകൂടെ നാം അനുസ്മരിക്കുന്നു. നിരീശ്വരപരമായ കമ്മ്യൂണിസത്തിൻെറ അനുഭാവികൾ ഇവരുടെഹൃദയങ്ങളിൽനിന്നു മതവിശ്വാസമെടുത്തുകളയുവാൻ പല സൂത്രങ്ങളും പ്രയോഗിച്ചുവെങ്കിലും ദിവ്യരക്ഷകനോടുള്ള സ്നേഹം ഇവരുടെ ഹൃദയത്തിൽ ഇന്നും സജീവമാണെന്നുള്ളതിൽ നമുക്കു സംശയമില്ല. ഇന്നത്തെ ഭയങ്കരവിപത്തിനിടയ്ക്കുംഅഭികാമ്യമായ സമാധാനം സംസിദ്ധമാകുന്നതിനു് ഈ ഉൽകൃഷ്ടജനതയുടെ ഹൃദയത്തിൽനിന്നു വിനീതമായ പ്രാത്ഥനകൾ ഉയരുന്നുണ്ടെന്നു നമുക്കു ബോദ്ധ്യമാണു്.

### ഹൃദയപൂവ്വകമായ പ്രാത്ഥന ഉയരട്ടെ

"ഇത്രയധികം വിപത്തുകളും ദ്രോഹങ്ങളും അനുഭവിക്കുന്ന നമ്മുടെ ഈ സോദരരോടൊപ്പം നമ്മുടെ സാവ്വത്രികസാഹോദയ്യത്തിൻെറ ലക്ഷ്യമായി ലോകമാസകലം എല്ലാവരും പ്രാത്ഥനകൾ നടത്തുമെന്നു് നാം വിശ്വസിക്കട്ടയോ? ഈ പ്രാത്ഥനാസമരത്തിനു കൊച്ചുകുട്ടികളെ നാം പ്രത്യേകം ക്ഷണിക്കുന്നു. ബാല്യവയസ്സിലെ സൗന്ദയ്യവും നിഷ്കളങ്കതയും പ്രസാദവരവും ദിവ്യരക്ഷകനെപ്പോലെ അവിടുത്തെ പ്രതിനിധിയായ നാമും ദശിക്കുന്നുണ്ടു്; മധുരമായ വാത്സല്യത്തോടെ നാം അവരെ ആശ്ലേഷിക്കുന്നു. അവരുടെ പ്രാത്ഥനയിൽ നമുക്കു വലിയ ശരണമുണ്ടു്. നിരവധി പാപങ്ങളാലും അക്രമങ്ങളാലും കറപുരണ്ടിരിക്കുന്ന ഈ ലോകത്തിൽ അവർ ഒരുവിധത്തിൽ മാലാഖമാരാണു്. ദിവ്യരക്ഷകൻെറ വത്സലമാതാവും നമ്മുടെ പ്രിയപ്പെട്ട അമ്മയുമായ കന്യകാമറിയത്തിൻെറ മാദ്ധ്യസ്ഥം കൊച്ചുകുട്ടികളോടുകൂടെ സകല ക്രിസ്ത്യാനികളും അഭ്യത്ഥിക്കട്ടെ.

"സുവിശേഷവെളിച്ചം വീശിയിട്ടുള്ള രാജ്യങ്ങളിലും നഗരങ്ങളിലും ചെറുഗ്രാമങ്ങളിലും കൂടി സകല ക്രിസ്ത്യാനികളും, വിശിഷ്യാ ബാലികാബാലന്മാരും നമ്മുടെ ഈ ആഹ്വാനം സന്തോഷപൂവ്വം സ്വീകരിക്കുമെന്നു നമുക്കു് ഉറപ്പുണ്ടു്. ഈ പ്രാത്ഥനകളെല്ലാം ചേരുമ്പോൾ കന്യകാമറിയത്തിൻെറ മാദ്ധ്യസ്ഥസഹായത്താലും ദൈവാനുഗ്രഹത്താലും, രാഷ്ട്രീയവും മതപരവുമായ സ്വാതന്ത്ര്യം നഷ്ടപ്പെട്ട നിണമണിഞ്ഞു കൊടിയ വേദനയനുഭവിക്കുന്ന നമ്മുടെ പ്രിയപ്പെട്ട ഹങ്കറിയും ഇതര പൗരസ്ത്യയൂറോപ്യൻ പ്രദേശങ്ങളും നീതിയിൽ അധിഷ്ഠിതമായ സമാധാനത്തിലേക്കും സൗഭാഗ്യത്തിലേക്കും നീങ്ങിക്കൊള്ളും. ദൈവത്തിൻേറയും ക്രിസ്തുരാജൻേറയും അവകാശങ്ങൾ സംരക്ഷിക്കപ്പെടും. അവിടുത്തെ രാജ്യം സത്യത്തിൻേറയും ജീവൻേറയും രാജ്യമാണു്; വിശുദ്ധിയുടേയും പ്രസാദവരത്തിൻേറയും രാജ്യമാണു്; നീതിയുടേയും സ്നേഹത്തിൻേറയും സമാധാനത്തിൻേറയും രാജ്യവുംകൂടിയാണു്."

എല്ലാവരേയും പ്രത്യേകിച്ചു ഹങ്കറിയിലെ മെത്രാന്മാരേയും വൈദികരേയും ജനങ്ങളേയും ആശീവ്വദിച്ചുകൊണ്ടു പരിശുദ്ധപിതാവു് തൻെറ എഴുത്തു സമാപിപ്പിച്ചിരിക്കുന്നു. തിരുമേനിയുടെ വാക്കുകൾ ഉജ്ജ്വലങ്ങളാണല്ലോ. പത്രറിപ്പോർട്ടുകൾ ഇവയ്ക്കു ഉപോൽബലകമാണു്. നമ്മുടെ രാഷ്ട്രനേതാവായ പണ്ഡിററു് നെഹ്റുവും ഹങ്കറിയിലെ ഭീകരസംഭവ

---

(12-ാംപേജ് തുടർച്ച)

ണം ഞാൻ ലോകത്തോടു യാത്രപറയുകയാണു്. ഞാൻ അങ്ങേക്കുവേണ്ടി എൻെറ ഈ ക്ലേശങ്ങളേയും മരണത്തേയും കാഴ്ചവയ്ക്കുന്നു. അങ്ങു ഒരു പുരോഹിതനാകണം. എൻെറ ആത്മാവിനെ രക്ഷിക്കുവാൻ അങ്ങു ദൈവത്തോടു പ്രാത്ഥിക്കണം." അവിടെ കൂടിയിരുന്ന എല്ലാവരുടേയും ഹൃദയമലിയുന്ന ഒരു രംഗമായിരുന്നു അതു്.

നേരം മദ്ധ്യാഹ്നത്തോടടുത്തു. സൂയ്യൻെറ അത്യുഗ്രമായ കിരണങ്ങളാൽ അന്തരീക്ഷം ആളിക്കത്തുകയാണു്. പക്ഷികളും, മൃഗങ്ങളും, മനുഷ്യരും മരത്തണലിലും, പാപ്പിടങ്ങളിലും ഇരിപ്പുറപ്പിച്ചിരിക്കയാണു്. വാടിത്തളന്ന കൃഷീവലന്മാർ പാടത്തുനിന്നും വിയർത്തൊഴുകി തങ്ങളുടെ വീടുകളിലേക്കു ഓടിക്കയറുകയാണു്. മേരി മരണത്തിൻെറ മണിയറയിലേക്കും. കൃതകൃത്യയായ അവൾ ആനന്ദത്തിൽ ആറാടി, നിത്യനിദ്രയിലേക്കു ആഴുവാൻ തുടങ്ങി. മാതാപിതാക്കന്മാരോടും, ജോൺമാസ്റ്ററോടും പുഞ്ചിരിതൂകി യാത്രപറഞ്ഞു. അനന്തരം അവൾ ആനന്ദത്തിൻെറ സുഷുപ്തിയിലേക്കു്, നിത്യതയുടെ ശാന്തിയിലേക്കു വിടവാങ്ങിപ്പോയി.

ഒരു മാസത്തിനുശേഷം ഒരു സുപ്രഭാതം. ജോൺമാസ്റ്ററുടെ മാതാപിതാക്കന്മാരുടേയും, മേരിയുടേയും തൻേറയും അഭിലാഷം അന്നാണു നിറവേറിയതു്. ഇടവകയിലെ വികാരിയച്ചനു്, ജോൺമാസ്റ്ററുടെ മാതാപിതാക്കന്മാരും ബന്ധുമിത്രാദികളും കൂടി അദ്ദേഹം റയിൽവേസ്റ്റേഷനിൽ എത്തിയിരിക്കയാണു്. സന്തോഷാരവം മുഴക്കി തീവണ്ടി ചീറിപ്പാഞ്ഞുകൊണ്ടു് അവരുടെ മദ്ധ്യത്തിൽ വന്നുനിന്നു. ജോൺമാസ്റ്റർ എല്ലാവരോടും യാത്രപറഞ്ഞശേഷം വണ്ടിയിൽ കയറി. അവിടെ പൊഴിഞ്ഞ ബാഷ്പകണങ്ങൾ വിരഹദുഃഖത്തിൻേറയും ഹൃദയാനന്ദത്തിൻേറയും പ്രകടനങ്ങളായിരുന്നു.

---

ൻെറ സ്വാധീനശക്തി എത്രയുണ്ടെന്നു് മുൻകൂട്ടി കാണാൻ നമുക്കു കഴിഞ്ഞില്ല. സഭയുടെമേലുള്ള കക്കശങ്ങളായ നിയന്ത്രണങ്ങളും മതവിരുദ്ധപ്രചാരവേലകളും വളരെ കുറച്ചു മാത്രമേ ഫലം പുറപ്പെടുവിച്ചുള്ളു. നമ്മൾ നയം മാററാൻ നിർബന്ധിതരായിത്തീന്നിരിക്കുന്നു. പാർട്ടിയുടെ സ്വാധീനശക്തിക്കു് ഇടിവുതട്ടുകയും മതവിശ്വാസം വർദ്ധിക്കുകയും ചെയ്തിരിക്കുന്നു. നമ്മൾ വളരെയധികം രക്തസാക്ഷികളെ സൃഷ്ടിച്ചു."

ജനീവാകോൺഫറൻസിൽ വച്ചു് റഷ്യൻ നേതാക്കളുടെ "സമാധാനവാഞ്ഛ" പ്രകടമായതോടെ ഏതാനും രാജ്യങ്ങളിലെങ്കിലും മതവിരുദ്ധപ്രവത്തനങ്ങളിൽ അയവുവന്നിട്ടുണ്ടു്. പക്ഷെ ഈ അയവുവരുത്തൽ താല്ക്കാലികംമാത്രമാണു്. ചൈനയും, വടക്കൻ കൊറിയയും, ഇൻഡോചൈനയും രക്തസാക്ഷികളെ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണു്. എങ്കിലും, "ധൈയ്യമായിരിക്കുക; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു" എന്നരുളിച്ചെയ്ത നേതാവിൻെറ ഹസ്തങ്ങൾ സഭയെ നയിച്ചുകൊണ്ടേയിരിക്കുന്നു.

അവലംബം:- Catholic Digest മാസികയിൽ Maurice S. Sheehy എഴുതിയിരുന്ന ലേഖനം.



# റോമാ വാർത്തകൾ

## കർദ്ദിനാളന്മാരുടെ മോചനം

### അത്യുന്നത കർദ്ദിനാൾ വിഷിൻസ്കി



കമ്മ്യൂണിസ്റ്റുകാർ കാരാഗൃഹത്തിലടച്ചിരുന്ന പോളണ്ടിലെ കർദ്ദിനാൾ സ്റ്റീഫൻ വിഷിൻസ്കിയെ പോളണ്ടുജനതതന്നെ മോചിപ്പിക്കയുണ്ടായല്ലോ. സ്വന്തം രൂപതയായ വാർസാവിയായിൽ എത്തിയ ഉടനെ കർദ്ദിനാൾ തിരുമേനി പരിശുദ്ധ പിതാവിനു ഒരു സന്ദേശമയച്ചുകൊടുത്തു. അതിൽ തിരുമേനി ഇപ്രകാരം പ്രസ്താവിച്ചിരുന്നു:- "ക്രിസ്തുവിൻെറ രാജത്വത്തിരുനാളും, പോളണ്ടുരാജ്യം ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിച്ചതിൻെറ അഞ്ചാംവാർഷികവുമായ ഇന്നു ഞാൻ വാർസാവിയാ അതിരൂപതയിൽ മടങ്ങിവന്നു സഭാഭരണം ആരംഭിച്ചിരിക്കുന്നു. വിശുദ്ധ റോമാസഭയുടെ പരിശുദ്ധ പിതാവായ അങ്ങേനേക്കുള്ള എൻെറ അത്യധികമായ വിശ്വസ്തതാദരവുകൾ ഈ അവസരത്തിൽ രേഖപ്പെടുത്തിക്കൊള്ളുന്നു. സങ്കടങ്ങളുടേയും അപകടങ്ങളുടേയും അവസരങ്ങളിൽ അങ്ങു ദൈവസന്നിധിയിൽ എനിക്കുവേണ്ടി അർപ്പിച്ച നിരവധി പ്രാർത്ഥനകൾക്കും അപേക്ഷകൾക്കും എൻെറ ഹൃദയാഗാധതയിൽ നിന്നുയരുന്ന കൃതജ്ഞതയെ പ്രകാശിപ്പിക്കുകയും, എൻെറമേലും എൻെറ അതിരൂപതയിലെ വൈദികരുടേയും വിശ്വാസികളുടേയുംമേലും എൻെറ രാജ്യത്തിൻെറ തലസ്ഥാനനഗരത്തിന്മേലും പോളണ്ടിലെ എല്ലാ ജനവിഭാഗത്തിന്മേലും അവിടുത്തെ അപ്പസ്തോലികാശീർവ്വാദം ഉണ്ടാകണമെന്നു വിനീതമായി അപേക്ഷിക്കുകയും ചെയ്തുകൊള്ളുന്നു."

ഈ സന്ദേശത്തിനു മറുപടിയായി പരിശുദ്ധ മാർപ്പാപ്പാ അയച്ചുകൊടുത്ത മറുപടിയിൽ ചിരപ്രാർത്ഥിതമായ ഈ സംഭവത്തിൽ തിരുമനസ്സിലേക്കുള്ള സന്തോഷത്തേയും കർദ്ദിനാളിൻെറ ധീരോദാത്തമായ നടപടിയിലുള്ള അനുമോദനത്തേയും രേഖപ്പെടുത്തിയിട്ടുണ്ടു്:- "താങ്കൾ വാർസാവിയായിലെ അതിരൂപതയിലേക്കു മടങ്ങിവന്നിരിക്കുന്നുവെന്നും പോളിഷ്ജനതയും കത്തോലിക്കരും സന്തുഷ്ടരായിരിക്കുന്നുവെന്നും അറിയുന്നതിൽ നാം സന്തോഷിക്കുകയും ദൈവത്തിനു നന്ദിപറയുകയും, താങ്കളെ അനുമോദിക്കുകയും ചെയ്തുകൊള്ളുന്നു. നമ്മുടെ പ്രിയപ്പെട്ട മകനേ, താങ്കൾ കഠിനമായ പരീക്ഷണവേളകളിൽ താങ്കളുടെ പുണ്യപരിപാകതയും അചഞ്ചലമായ ധീരതയും മാതൃകാപരമായി പ്രകടിപ്പിച്ചിരിക്കുന്നു. ആകയാൽ നമ്മുടെ സൗമനസ്യത്തിൻെറ ലക്ഷ്യമായി താങ്കളേയും, താങ്കളുടെ അധികാരത്തിൽപ്പെട്ട വൈദികരേയും വിശ്വാസികളേയും മാത്രമല്ല കത്തോലിക്കാ പോളണ്ടു മുഴുവനിലുമുള്ള വൈദികാദ്ധ്യക്ഷന്മാരേയും വിശ്വാസികളേയും നാം ആശീർവ്വദിക്കുന്നു."

കർദ്ദിനാൾ വിഷിൻസ്കി അവിടുത്തെ അതിരൂപതയായ വാർസാവിയായിലെത്തിയ ഉടനെ അരമനയുടെ ബാൽക്കണിയിൽവന്നു നിന്നുകൊണ്ടു്, അവിടെ ഓടിക്കൂടി "ഞങ്ങളുടെ പ്രിയപ്പെട്ട പിതാവിനു സ്വാഗതം" എന്നു ആർത്തുവിളിച്ചുകൊണ്ടിരുന്ന ജനങ്ങളോടു് ഇപ്രകാരം പ്രസ്താവിച്ചു:- "എൻെറ പ്രിയ മക്കളേ, പോളണ്ടിൻെറ വീരസന്താനങ്ങളേ, വീണ്ടും നിങ്ങളുടെ മദ്ധ്യത്തിൽ വന്നുചേരുവാനും പണ്ടു സംസാരിച്ചിരുന്നതുപോലെ വീണ്ടും നിങ്ങളോടു സംസാരിക്കുന്നതിനും എനിക്കതിയായ സന്തോഷമുണ്ടു്. തിരുസഭയുടെ ഒരു സന്താനത്തിനു്, പോളണ്ടിൻെറ ഒരു പുത്രനു്, അനുയോജ്യമായ അഭിമാനത്തോടുകൂടിത്തന്നെ മൂന്നുകൊല്ലം ജയിലറയിലെ പ്രവാസം കഴിക്കുന്നതിനു് നിങ്ങളുടെ പ്രാർത്ഥന എന്നെ സഹായിച്ചുകൊണ്ടിരുന്നു. ദൈവത്തിൻേറയും നമ്മുടെ മാതൃഭൂമിയുടേയും കീർത്തിക്കുവേണ്ടി നമ്മുടെ സ്നേഹത്തിൻെറ ഈ അനുഭവങ്ങൾ ദൈവം നമ്മിൽനിന്നാവശ്യപ്പെട്ടു. എനിക്കുവേണ്ടി തുടന്നു പ്രാർത്ഥിക്കുക; നിങ്ങൾക്കെല്ലാവർക്കും എൻെറ ആശീർവ്വാദം ഞാൻ നൽകുന്നു."

അതിനുശേഷം വീണ്ടും വന്നുകൂടിയ ഒരു കൂട്ടത്തെ ആശീർവ്വദിച്ചുകൊണ്ടു് തിരുമേനി അവരോടു ഇപ്രകാരം പ്രസ്താവിച്ചു:- "എൻെറ ഈ സ്വാതന്ത്ര്യത്തിനു ഞാൻ കടപ്പെട്ടിരിക്കുന്നതു് പോളണ്ടിൻെറ രാജ്ഞിയായി സെസ്റ്റോക്കോവായിൽ നാം വണങ്ങുന്ന ദൈവജനനിയോടാണു്. പോളണ്ടു് കത്തോലിക്കയായിരുന്നു; ആകുന്നു; ആയിരിക്കയുംചെയ്യും. മൂന്നുകൊല്ലംമുമ്പു് ഞാൻ നിങ്ങളോടു പറഞ്ഞ അവസാനവാക്കുകൾ, "നിങ്ങൾ ഈ നാളുകളിൽ സ്വാതന്ത്ര്യത്തിനും സമാധാനത്തിനും വേണ്ടി പ്രാർത്ഥിക്കുക" എന്നായിരുന്നു. ഇന്നും മറേറതിനേയുംകാൾ പ്രാർത്ഥനയ്ക്കു എന്തുമാത്രം കൂടുതൽ ആവശ്യമാണു് നമുക്കുള്ളതു്."

കർദ്ദിനാൾ തിരുമേനി മൂന്നുകൊല്ലമായി ആരും അറിയാത്ത സ്ഥലത്തു് എവിടേയോ ജയിൽവാസമനുഭവിക്കയായിരുന്നു. യാതൊരു വിചാരണയോ വിധിപ്രസ്താവനയോ കൂടാതെയാണു് കമ്മ്യൂണിസ്റ്റു് പാർട്ടിനേതാക്കൾ ഇദ്ദേഹത്തെ 1953 സെപ്തംബർ 26-ാം തീയതി രാത്രി അറസ്റ്റു ചെയ്തതു്.

പോളണ്ടിലെ കത്തോലിക്കർ എക്കാലത്തും ഇദ്ദേഹത്തെ തങ്ങളുടെ ആദ്ധ്യാത്മികനേതാവും പിതാവുമായി കരുതിയിരുന്നെന്നുള്ളതിനു് വ്യക്തമായ അനേകം ദൃഷ്ടാന്തങ്ങളുണ്ടു്. അതിൽ പ്രത്യേകം ശ്രദ്ധേയമായ ഒരു സംഭവമാണു് ഈ കൊല്ലം ആഗസ്റ്റു് 26-ാംനു- പോളണ്ടിലെ കത്തോലിക്കർ സെസ്റ്റോക്കോവായിലേക്കു നടത്തിയ തായദേശീയതീർത്ഥാടനം. രാഷ്ട്രീയഭരണാധികാരികളുടെ അഭിപ്രായത്തിനെതിരായിട്ടായിരുന്നു ഈ സംരംഭം. അതിനെ തടയുന്നതിനു അവർ ശ്രമിക്കാതെയുമിരുന്നില്ല. എങ്കിലും ദൈവമാതാവിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ആ തീർത്ഥസ്ഥലത്തു് പത്തുലക്ഷത്തിൽ കൂടുതൽ ഭക്തജനങ്ങൾ ചെന്നുചേരുകയുണ്ടായി. പരി. പിതാവു ആ മഹാമഹം പ്രമാണിച്ചു് "Gloriosam Reginam" എന്ന തിരുവെഴുത്തു പോളണ്ടിലെ ജനതയ്ക്കയച്ചിരുന്നു.


കർദ്ദിനാൾ വിഷിൻസ്കി, ബന്ധനസ്ഥലത്തുനിന്നു് ആ തീർത്ഥാടനദിവസത്തിലെ ദിവ്യബലിയിൽ ഉപയോഗിക്കുന്നതിനു് ഒരു തിരുവോസ്തി അനുവെലിയപ്പിക്കുവാൻ നിയമിച്ചിരുന്ന മെത്രാൻവഴി കൊടുത്തയക്കുകയും ഈ സ്നേഹപ്രകടനത്തിനു പകരമായി തനിക്കുവേണ്ടി ഒരു നന്മനിറഞ്ഞ മറിയം ഓരോരുത്തരും തദവസരത്തിൽ ചൊല്ലണമെന്നു് ജനതയോടഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. ലക്ഷോപലക്ഷംവരുന്ന ജനക്കൂട്ടം കർത്താവിൻെറ മാലാഖാ എന്ന നമസ്കാരം അത്യുച്ചത്തിൽ ചൊല്ലി തങ്ങളുടെ ഇടയനുവേണ്ടി കാഴ്ചവച്ചു.

കർദ്ദിനാൾ തിരുമേനിയാണു് പോളണ്ടിലെ മറു മെത്രാന്മാരുടെയെല്ലാം നേതൃത്വം വഹിക്കുന്ന "പ്രൈമറു്." കമ്മ്യൂണിസ്റ്റുകളുടെ അഭിലാഷമനുസരിച്ചു പ്രവർത്തിക്കാൻ അവർ നൽകിയ 1950 ലെ ഒരു നിർദ്ദേശത്തിനു മറുപടിയായി 1953 മേയ്മാസത്തിൽ കർദ്ദിനാളും മറു മെത്രാന്മാരുംകൂടി ശക്തിയായ പ്രതിഷേധം "non possumus" എന്ന മറുപടിവഴി കമ്മ്യൂണിസ്റ്റുപ്രസിഡൻറിനുകൊടുത്തു. തുടർന്നുണ്ടായ ഗവമ്മെൻറിൻെറ അക്രമപരമായ മറു പ്രവർത്തനങ്ങളേയും തിരുമേനി ചെറുത്തുകൊണ്ടു് അവസാനം അവിടുന്നു കാരാഗൃഹത്തിലടയ്ക്കപ്പെട്ടു.

ജയിലിലായിരുന്ന അവസരത്തിൽ ഗവമ്മെൻറിൻെറ നിയമാവലിയെ അംഗീകരിച്ചാൽ രക്ഷപെടുത്താമെന്നു പലപ്പോഴും കമ്മ്യൂണിസ്റ്റുകാർ പറഞ്ഞിരുന്നു. അപ്പോഴെല്ലാം കർദ്ദിനാൾ വ്യക്തമായി അതു നിരാകരിക്കയാണുണ്ടായതു്. അവസാനമായി രക്ഷപെടുത്താൻ അവർ ചെയ്ത വാഗ്ദാനം മുൻപ്രസ്താവിച്ച ആ തീർത്ഥാടനത്തിൽ പങ്കുകൊള്ളാൻ അനുവദിക്കാമെന്നായിരുന്നു. പക്ഷെ തൻെറ രൂപതയിലേക്കു മടങ്ങാൻ അവർ അനുവദിച്ചിരുന്നില്ല. അങ്ങനെ ഒരു താല്ക്കാലികസൗജന്യം തനിക്കാവശ്യമില്ലെന്നും തൻെറ അതിരൂപതയിൽ അധികാരത്തോടുകൂടി മടങ്ങുന്നതിനുമാത്രമേ താൻ അഭിലഷിക്കുന്നുള്ളുവെന്നും അവിടുന്നു വ്യക്തമാക്കി.

പോളണ്ടിലെ 270 ലക്ഷം ജനസംഖ്യയിൽ മുഴുവൻഭാഗംതന്നെ കത്തോലിക്കരാണു്. അവരുടെ ഉറച്ച വിശ്വാസത്തെ എത്രനാളത്തേക്കു തടഞ്ഞുനിർത്താൻ കമ്മ്യൂണിസ്റ്റധികാരികൾക്കു കഴിയും? പോളണ്ടിലെ ധീരജനത ആദ്ധ്യാത്മികവും ധാർമ്മികവുമായ അടിമത്തത്തെക്കാൾ ശരീരത്തിൻെറ മരണം മേന്മയേറിയതെന്നു വിശ്വസിക്കുന്നെന്നു ലോകത്തിനു പരസ്യമായി വെളിപ്പെടുത്തിക്കഴിഞ്ഞു.

### കർദ്ദിനാൾ മിൻസെന്തി



ഒക്ടോബർ 30-ാംനു- രാത്രി 8 മണിക്കു് ഹങ്കറിയിലെ പട്ടാളക്കാരും ജനങ്ങളും നേരിട്ടുചെന്നു് അത്യുന്നത കർദ്ദിനാൾ മിൻസെന്തിയെ ജയിലിൽനിന്നു മോചിപ്പിച്ചിരിക്കുകയാണല്ലോ. 1948 ൽ അറസ്റ്റുചെയ്യപ്പെട്ട തിരുമേനിയെ ക്രൂരമർദ്ദനങ്ങൾ ഏല്പിച്ച ചരിത്രം കുപ്രസിദ്ധമാണു്. 1955 മുതൽ ക്രൂരമായ പെരുമാററങ്ങളിൽ അല്പം അയവുവരുത്തി ചില സ്വാതന്ത്ര്യങ്ങളുള്ള സ്ഥലത്തു താമസിപ്പിച്ചുപോന്നു. എന്നിട്ടും വീട്ടിൽനിന്നു പുറത്തുപോകാനോ സ്വന്തം രൂപതയിൽ ജോലിചെയ്യാനോ അനുവദിച്ചിരുന്നില്ല. മോചിതനായ ഉടനെ സ്വന്തം ജനങ്ങളോടു തിരുമേനി പ്രസ്താവിച്ചതു്, "എട്ടുകൊല്ലമായി മുടക്കേണ്ടിവന്ന ജോലി ഞാൻ വീണ്ടും തുടരും" എന്നാണു്. തലസ്ഥാനമായ ബുഡാപെസ്റ്റിലേക്കു തിരുമേനി വിളിക്കപ്പെട്ടു. മോചിതനായ ആ സമയംതന്നെ തൊഴിലാളികളുടെ ഒരു നേതൃസംഘത്തോടായി പ്രധാനമന്ത്രി ഇപ്രകാരം പ്രസ്താവിച്ചു: "കർദ്ദിനാൾ തിരുമേനിക്കു് അദ്ദേഹത്തിൻെറ ജോലി ഉടനെ ആരംഭിക്കാം, തൻെറ അവകാശങ്ങൾ വീണ്ടെടുത്തുപയോഗിക്കാം. അദ്ദേഹത്തിനു നൽകപ്പെട്ട ശിക്ഷ യാതൊരടിസ്ഥാനവുമില്ലാത്തതായിരുന്നു" 1949-ൽ അദ്ദേഹത്തെ മരണപര്യന്തം തടവുശിക്ഷയ്ക്കു വിധിച്ചതത്രെ.

കർദ്ദിനാൾ തിരുമേനി മെത്രാനായ കാലംമുതൽ കമ്മ്യൂണിസവുമായി മല്ലിട്ടുതുടങ്ങിയതാണു്. കത്തോലിക്കാവിദ്യാലയങ്ങൾ നടത്താനുള്ള അവകാശത്തിനുവേണ്ടി അദ്ദേഹം ധീരമായി പോരാടി. കമ്മ്യൂണിസ്റ്റു് സെൻട്രൽപാർട്ടി 1948-ൽ ഇങ്ങനെ പ്രസ്താവിച്ചു: "ഹങ്കറിയെ പുനരുദ്ധരിക്കാനെന്ന ഭാവത്തിൽ ചാരന്മാരായി വർത്തിക്കുന്നവരുടെനേക്കുള്ള ക്ഷമാപൂർവ്വകമായ രാഷ്ട്രീയനയം അവസാനിക്കാൻപോകുന്നു — അക്രുട്ടർ കർദ്ദിനാൾവസ്ത്രം ധരിച്ചിരുന്നാലും ശരി, കഠിനമായ നടപടിയെടുക്കും."

കർദ്ദിനാളിനെ കാരാഗൃഹത്തിലടച്ചതിൻെറ വേറൊരുദ്ദേശം, "കത്തോലിക്കർക്കും സഭയ്ക്കും ഒരു പാഠം നൽകാനാണെന്നു്" 1949 ൽ ബുഡാപെസ്റ്റു് നീതിന്യായസമിതി പ്രസ്താവിച്ചു. ആ അവസരത്തിൽ പരി. പിതാവു് അവിടുത്തെ പ്രതിഷേധം, ഹങ്കറിയിലെ മെത്രാന്മാർക്കയച്ച ഒരു തിരുവെഴുത്തിലും പ്രത്യേക കൺസിസ്റ്ററി കൂടിയപ്പോൾ ചെയ്ത പ്രസംഗത്തിലും രേഖപ്പെടുത്തിയിരുന്നു.

(പി. ജോസഫ്, റോം)

---

ങ്ങളെപ്പററി ഉൽക്കണ്ഠാപൂർവ്വം പരാമർശിച്ചിട്ടുണ്ടു്. ഈ സംഗതികളെല്ലാം അറിഞ്ഞിരിക്കുന്ന കേരളീയകത്തോലിക്കർ ഒന്നടങ്കം സർവ്വേശ്വരൻെറ പക്കൽ അഭ്യർത്ഥിക്കണം: "കർത്താവേ, അങ്ങേ ജനങ്ങളോടു ക്ഷമിക്കണമെ. പീഡകൾ അനുഭവിക്കുന്ന ഞങ്ങളുടെ ക്രിസ്തീയസഹോദരരെ സമാധാനത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും ആനയിക്കണമെ. ഈ അപേക്ഷ അധരങ്ങളുടെ ചലനത്തിൽ അവസാനിക്കാതെ ഹൃദയത്തിൽനിന്നുയരണം; ദൈവസ്നേഹം കൊണ്ടു് ഉജ്ജ്വലമാകണം; സമാധാനപ്രാപ്തിവരെ സ്ഥിരമായി തുടരണം.

---

## ലഘുനിക്ഷേപനിധി

ഇടവകകളിൽ "ലഘുനിക്ഷേപനിധി" ആരംഭിക്കുന്നതിനു് ആവശ്യമായ പാസ്സുബുക്കും അപേക്ഷാഫാറവും അടിച്ചുതയ്യാറായിരിക്കുന്നു. ആവശ്യമുള്ളവർ മാർ ളൂയിസ് മെമ്മോറിയൽ പ്രസ്സിലേക്കു് എഴുതുക:

വില ഒന്നിനു 2 ണ.

---

## ചരമവാർത്തകൾ

**വൈക്കം:** സ്ഥലം കന്യകാമഠത്തിലെ ഒരംഗവും പുത്തനങ്ങാടി പരേതനായ കുര്യൻ അവർകളുടെ പുത്രിയുമായ റവ. സിസ്റ്റർ മേരി റോസ് നവമ്പർ 10-ാംനു- രാവിലെ കർത്താവിൽ നിദ്രപ്രാപിച്ചു. പരേതയ്ക്കു 70-തോടടുത്തു പ്രായമുണ്ടു്. 1908-ലാണു മഠത്തിൽ ചേർന്നു സഭാവസ്ത്രം സ്വീകരിച്ചതു്. പരേത കമ്മലീത്താ പൊതുസംഘം ഉപസ്ഥാനിനി, തൃശ്ശൂണിത്തുറ, കാട്ടുകുറ്റി മുതലായ മഠങ്ങളുടെ ശ്രേഷ്ഠത്തി ആദിയായ ഉന്നതസ്ഥാനങ്ങളിൽ സ്തുത്യർഹമായവിധം സേവനമനുഷ്ഠിച്ചിട്ടുണ്ടു്. ഭക്തജീവിതത്തിലും മാതൃകാപരമായ കത്തോലിക്കാ പ്രവർത്തനപ്രസ്ഥാനങ്ങളിലും ആമരണാന്തം അത്യുൽസുകയായിരുന്നു. ശവസംസ്കാരകർമ്മം വൈകിട്ടു പുത്തനങ്ങാടി ബ. ഐസക്കച്ചൻെറ പ്രധാനകാർമ്മികത്വത്തിലും 20-ൽ പരം ബ. വൈദികരുടേയും, അനേകം ബ. കന്യാസ്ത്രീകളുടേയും, വലിയൊരു ജനക്കൂട്ടത്തിൻേറയും സഹകരണത്തിലും മഠക്കപ്പേളയിൽ നിർവ്വഹിക്കപ്പെട്ടു. സത്യദീപം പത്രാധിപർ റവ. ഫാദർ ജോസഫ് വിതയത്തിൽ അവർകളാണു് ചരമപ്രഭാഷണം നടത്തിയതു്.

**മണിപ്പുഴ:** ഈ ഇടവക ചിറയിൽ ശ്രീ വക്കി അവർകളുടെ ഭാര്യ അന്നമ്മ 55-ാമത്തെ വയസ്സിൽ അന്ത്യകൂദാശകൾ കൈക്കൊണ്ടു ഒക്ടോ: 30-ാംനു- കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു.

**പള്ളിപ്പുറം:** സ്ഥലം ഫൊ: പള്ളി ഇടവക കല്ലറയ്ക്കൽ കടവിൽ തെക്കേവീട്ടിൽ വക്കി വക്കി 57-ാമത്തെ വയസ്സിൽ നവംബർ 5-ാംനു- നിര്യാതനായിരിക്കുന്നു. ശവസംസ്കാരം വെരി റവ. ഫാദർ വില്യം ടി. ഒ. സി. ഡി. എം. എ. എൽ. ടി. അവർകളുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

**വടയാർ:** ഈ ഇടവക ചേലങ്കേരിൽ (പള്ളിയാംപള്ളിത്തറ) ശ്രീ കുര്യൻ വാർദ്ധക്യസംബന്ധമായ സുഖക്കേടുമൂലം നവമ്പർ 9-ാംതീയതി രാവിലെ ഭാഗ്യമരണം പ്രാപിച്ചു ശനിയാഴ്ച രാവിലെ ശവസംസ്കാരകർമ്മം നിർവ്വഹിക്കപ്പെട്ടു. വീട്ടിൽവച്ചു ഒപ്പീസിനെ തുടന്നു വെരി റവ. ഫാദർ ആൻറണി കണ്ടത്തിൽ ഒരു പ്രസംഗം ചെയ്തു. പള്ളിയിൽവച്ചു റാസയെത്തുടർന്നു റവ. ഫാദർ ജോസഫ് വിതയത്തിൽ ചരമപ്രഭാഷണം നടത്തി. പല ബ. വൈദികരും ബന്ധുമിത്രാദികളുടങ്ങിയ ഒരു വലിയ ജനക്കൂട്ടവും സംസ്കാരകർമ്മങ്ങളിൽ സംബന്ധിച്ചിരുന്നു.

**കൊരട്ടി:** തിരുമുടിക്കുന്നുപള്ളി ഇടവക പാലാട്ടി ഔസേപ്പിൻെറ ഭാര്യ ചെറുച്ചി 85-ാമത്തെ വയസ്സിൽ നവംബർ 3-ാംനു- ശനിയാഴ്ച പകൽ 4 മണിക്കു നിര്യാതയായി. ശവസംസ്കാരകർമ്മം പിറേറദിവസം റവ. ഫാദർ കിരിയാന്തൻ അവർകളുടെ പ്രധാനകാർമ്മികത്വത്തിലും ബന്ധുമിത്രാദികളുടെ സാന്നിദ്ധ്യത്തിലും യഥാവിധി നിർവ്വഹിച്ചു.

**താന്നിപ്പുഴ:** ഈ ഇടവക കുന്നത്താൻ വറീതു പൈലി നവമ്പർ 5-ാംനു- 39-ാമത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം അന്നു വൈകുന്നേരം 4 മണിക്കു റവ. ഫാദർ ഉറമീസ് പാലാട്ടി അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ നിർവ്വഹിക്കപ്പെട്ടു.

R. I. P.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1956 NOVEMBER 14 || No. 14.


## സ്ത്രീത്വത്തിന്റെ മാന്യപദവി

സ്ത്രീകൾക്കു പുരുഷന്മാരോടൊപ്പം എല്ലാ കാര്യങ്ങളിലും സമത്വം വേണമെന്നു വാദിക്കുന്ന ഒരു കൂട്ടരുണ്ട്. നേരെമറിച്ചു അവരെ ഒരടിമവർഗ്ഗമായി കരുതുന്നവരും ഉണ്ട്. ആദ്യത്തെക്കൂട്ടരുടെ വാദം അധികാരത്തിലും അവകാശത്തിലും, ഉദ്യോഗത്തിലും തൊഴിലിലും സ്ത്രീപുരുഷഭേദം പരിഗണനാർഹമല്ലെന്നാണ്. മററവരുടേതു നേരെ മറിച്ചും. ഈ രണ്ടു വാദഗതികളും അബദ്ധങ്ങളും അസ്വീകാര്യങ്ങളുമാണെന്നു സാമാന്യബുദ്ധിയുള്ള ആക്കും അല്പം ചിന്തിച്ചാൽ മനസ്സിലാക്കാവുന്നതാണ്. സ്ത്രീപുരുഷന്മാർ ശരീരഘടനയിലും ആരോഗ്യത്തിലും മാനസികശക്തികളിലും വികാരവിശേഷങ്ങളിലും എല്ലാം വ്യത്യസ്ഥരാണ്. അവർ സമുദായത്തിൽ ഒരേ കൃത്യനിർവ്വഹണത്തിനുദ്ദേശിക്കപ്പെട്ടിട്ടുള്ളവരല്ലെന്നു പ്രകൃതി തന്നെ വിളിച്ചുപറയുന്നു. അതുകൊണ്ടു ഓരോ വർഗ്ഗത്തിനും ഏററവും യോജിക്കുന്നതും തദ്വാരാ സമുദായനന്മക്കു ഏററവും പര്യാപ്തവുമായ രംഗങ്ങളും പ്രവൃത്തികളും ഏതെല്ലാമാണെന്നു മനസ്സിലാക്കി അതതു രംഗങ്ങളിൽ ഓരോ വിഭാഗവും അവരവരുടെ കഴിവുകളെ പ്രായോഗികമാക്കി പൊതുനന്മയെ പുലത്തത്തക്കവണ്ണം സഹകരിച്ചു പ്രവർത്തിക്കുകയാണ് ആവശ്യം. ഈ ഒക്ടോബർമാസം 14-ാംതിയതി ലൊറേറോ തീർത്ഥസ്ഥലം സന്ദർശിച്ച ഇററാലിയൻ വിമൺസ് സെൻററിലെ അംഗങ്ങളെ ഉദ്ദേശിച്ചു പരിശുദ്ധമാർപ്പാപ്പാ ഒരു പ്രക്ഷേപണിപ്രസംഗം നടത്തിയതിൽ ഈ പ്രശ്നത്തെ സമൃക്കായി പ്രതിപാദിക്കുകയുണ്ടായി.

പരിശുദ്ധപിതാവു് അതിൽ ഇപ്രകാരമാണ് പ്രസ്താവിച്ചതു്: "ജോലിയെ സംബന്ധിച്ചു സ്ത്രീകളുടെ ശാരീരികവും മാനസികവുമായ ഘടന, ജോലിയുടെ പരിമാണത്തിലും തരവ്യത്യാസത്തിലും വിപുലങ്ങളായ പരിഗണനകൾക്കുള്ള ആവശ്യം പ്രദാനം ചെയ്യുന്നു. സ്ത്രീകൾ വക്കഷോപ്പുകളിലും കൽക്കരിഖനികളിലും കടുത്ത അദ്ധ്വാനം ആവശ്യമുള്ള ജോലികളിലും ഏർപ്പെടുക എന്ന ആശയം, ഭൗതിക അഭിവൃദ്ധിയെ മാത്രം അഭിലഷിച്ചു ചില രാജ്യങ്ങൾ പാടിപ്പുകഴ്ത്തുന്നുണ്ട്; എന്നാൽ അതു ആധുനികരീതിയിലുള്ള ഒരു നേട്ടമാണെന്നു പറയാൻ നിവൃത്തിയില്ല. നേരെ മറിച്ചു് പണ്ടു പണ്ടേ ക്രിസ്തീയ നാഗരികത കുഴിച്ചുമൂടിക്കഴിഞ്ഞിട്ടുള്ള പ്രാകൃതനകാലങ്ങളിലേക്കുള്ള ദയനീയമായ ഒരു തിരിഞ്ഞുപോകൽ മാത്രമാണതു്. തീർച്ചയായും സ്ത്രീകൾ ഒരു രാഷ്ട്രത്തിന്റെ സാമ്പത്തികവ്യവസ്ഥിതിയിൽ പരിഗണനീയമായ ഒരു ശക്തിയാണ്; പക്ഷെ, അതു അവർക്കു പ്രത്യേകമായിട്ടുള്ള ഉന്നതകർത്തവ്യങ്ങൾക്കു യോജിക്കുന്ന വ്യവസ്ഥകളിൽ ഒതുങ്ങിനില്ക്കുന്നതായിരിക്കണം. വളരെയധികം കായികശക്തി ആവശ്യംപോലെ പ്രയോഗിക്കാവുന്ന പുരുഷന്മാരോടൊപ്പം അവരും വ്യാവസായികാരംഭങ്ങളിൽ തുല്യശക്തി പ്രയോഗിക്കണമെന്നു പറയാൻ നിവൃത്തിയില്ല. മാന്യന്മാരായ ആളുകൾ എല്ലാസമയത്തും സ്ത്രീകളോടനുവർത്തിക്കുന്ന ദയാപൂർവ്വകമായ പെരുമാററരീതിതന്നെ പരിഷ്കൃതമായ രാഷ്ട്രവും അതിന്റെ നിയമങ്ങളിലും വഴക്കങ്ങളിലും അവലംബിക്കണം."

തുടന്നു തിരുമേനി വിശദമാക്കി, സ്ത്രീയും പുരുഷനും തമ്മിൽ "വ്യക്തിത്വത്തെ സംബന്ധിച്ചും മൗലികമൂല്യങ്ങളെ സംബന്ധിച്ചും പരിപൂർണ്ണമായ സമത്വ"മാണുള്ളതെങ്കിലും അവയുടെ പ്രയോഗത്തെ സംബന്ധിച്ചു് "അവർ തമ്മിൽ തമ്മിലുള്ള വിവിധങ്ങളായ അധികാരകർത്തവ്യങ്ങൾ ഒത്തിണങ്ങിപ്പോകത്തക്കവണ്ണം, അവ വിവിധങ്ങളും പരസ്പരബദ്ധങ്ങളും, അത്ഭുതാവഹമായവിധം ഇണക്കപ്പെട്ടവയുമാണ്", എന്നു്. ഒരു സ്ത്രീയുടെ മഹനീയമായ ഉദ്യോഗം മാതൃത്വമാണെന്നതിൽ യാതൊരു സംശയവും ഉണ്ടാവുകസാദ്ധ്യമല്ല. അവളുടെ വ്യക്തിഗതമായ പരിപൂർണ്ണതയും ധാർമ്മികമായ പരിപൂർണ്ണതയും കരഗതമാക്കുകയും, ലോകത്തിൽ ഈ ലക്ഷ്യദ്വയങ്ങൾ ഒന്നിച്ചു പ്രാപിക്കുകയും ചെയ്യുന്നതിനുള്ള മാർഗ്ഗമാണ് മാതൃത്വം സ്ത്രീക്കു പ്രദാനം ചെയ്യുന്നതു്. ഈ അടിസ്ഥാനത്തിൽ മാത്രമേ മററു പ്രശ്നങ്ങൾ— ഉദാ: വിവിധവർഗ്ഗങ്ങൾ തമ്മിലുള്ള സമത്വം മുതലായതു്—തീരുമാനിക്കപ്പെടാവൂ. തുടന്നു പരിശുദ്ധപിതാവു പറഞ്ഞു:- "സ്ത്രീകൾ സൃഷ്ടിയുടെ മകുടമാണ്. ഒരർത്ഥത്തിൽ അതിന്റെ അത്യുത്തമകലാശില്പത്തെ അവർ പ്രതിനിധാനംചെയ്യുന്നു." പുരുഷന്റെ സഹായത്തിനും ലോകത്തിന്റെ ഭാവിക്കുംവേണ്ടി ഇത്രയധികം കഴിവുകൾ ദൈവം നിക്ഷേപിച്ചിട്ടുള്ള ഈ മനോഹരസൃഷ്ടി, "ഇഹത്തിൽ അത്യുത്തമവും, സ്നേഹമയിയും, മൃദുലവുമായ എല്ലാററിന്റേയും ഒരു പ്രതിഫലനമാണ്."

പരിശുദ്ധപിതാവിന്റെ ഈ വാക്കുകളിൽ സ്ത്രീത്വത്തിന്റെ മഹനീയമായ പദവി എന്തിലാണടങ്ങിയിരിക്കുന്നതെന്നും, അവർ അർഹിക്കുന്ന സമുന്നതമായ സ്ഥാനം എങ്ങിനെയാണ് അവർ പ്രാപിക്കേണ്ടതെന്നും സുവ്യക്തം വിശദമാക്കപ്പെട്ടിരിക്കുകയാണ്. സമത്വത്തിനും, സ്വാതന്ത്ര്യത്തിനും വേണ്ടി സ്ത്രീലോകം അവകാശവാദം നടത്തുമ്പോൾ അവയുടെ അർത്ഥമെന്താണെന്നു ഗ്രഹിക്കുന്നതിനും ശരിയായ മാർഗ്ഗത്തിൽ പുരോഗമിക്കുന്നതിനും ഈ നിർദ്ദേശം അവക്കു സഹായകമായിരിക്കും. സ്ത്രീത്വത്തെ മാനിക്കുന്നതിനും സംസ്കാരമനസ്ഥിതിയോടുകൂടി അവരോടിടപെടുന്നതിനും പുരുഷന്മാർക്കും ഈ പ്രബോധനം ഉപകാരപ്രദമായിരിക്കും. സ്ത്രീയും പുരുഷനും പരസ്പരം സ്നേഹിച്ചും സഹകരിച്ചും സഹായിച്ചും അവരവരുടെ പ്രകൃതിക്കനുയോജ്യമായ വിധത്തിൽ അധികാരകർത്തവ്യങ്ങൾ നിറവേററിയും വ്യക്തിഗതവും സാമുദായികവുമായ നന്മക്കുവേണ്ടി പ്രവർത്തിക്കേണ്ടവരത്രെ.

—o—

*പ്രസാധകക്കുറിപ്പുകൾ*

## സോവ്യററ്ചൂഷണത്തെ പോളിഷ് തൊഴിലാളികൾ എതിർക്കുന്ന കാരണങ്ങൾ

റഷ്യൻ ആധിപത്യത്തിനെതിരായുള്ള പോളണ്ടുകാരുടെ പ്രക്ഷോഭം അധികവും ദേശീയബോധവും ദേശീയപാരമ്പര്യവും നിമിത്തം പ്രചോദിതമാണ്. എങ്കിലും അതിനു ചില സാമ്പത്തികകാരണങ്ങളുമുണ്ട്. ജൂൺമാസത്തിലെ പോസ്നാൻലഹള തുടങ്ങുവാനുണ്ടായ കാരണം "വ്യാവസായികാസ്വാസ്ഥ്യ"മായിരുന്നു. കുറഞ്ഞ കൂലിനിരക്ക്, നീണ്ട ജോലിസമയം, ഭക്ഷ്യദൗർലഭ്യം, ഭവനദൗർലഭ്യം, നിത്യോപയോഗവസ്തുക്കളുടെ അഭാവം തുടങ്ങിയ അസഹനീയമായ സാഹചര്യങ്ങളാൽ ബഹുജനങ്ങൾ നിരാശയിലെത്തിയിരുന്നു.

അവരുടെ സാമ്പത്തികനില നന്നാകുന്നതിനുപകരം ഒന്നിനൊന്നു വഷളായിക്കൊണ്ടിരുന്നു. കഷ്ടപ്പാടുകൾനിമിത്തം ജനങ്ങൾ പൊറുതികെട്ടു. പരാതികൾ കുന്നുകൂടിക്കൊണ്ടിരുന്നു. സോവ്യററുത്തരവനുസരിച്ചു് ക്രാക്കോവിനു സമീപം പണിചെയ്ത നോവാഹൂട്ടാ എന്ന ഉരുക്കുനിർമ്മാണകേന്ദ്രം "പുതിയ"പോളണ്ടിന്റെ ഒരു മാതൃകാനഗരമായിട്ടാണ് പരിഗണിക്കപ്പെട്ടിരുന്നതു്. അതിന്റെ നിർമ്മാണത്തിനു് അനേകകോടി സ്ലോട്ടി (നാണയം) ചെലവഴിക്കപ്പെട്ടു. എങ്കിലും ഈ വർഷാരംഭത്തിൽ സിററികൗൺസിൽ ഇങ്ങനെയാണ് റിപ്പോർട്ടുചെയ്തതു്: "നോവോഹൂട്ടയിൽ ഞങ്ങൾക്കു കൗപീനവസ്ത്രമോ, തുണിയോ, കുട്ടിച്ചെരുപ്പുകളോ ലഭിക്കുന്നില്ല. വീട്ടിലെ മരസാമാനങ്ങൾക്കു് വമ്പിച്ച ദൗർലഭ്യമാണ്. ഭക്ഷണക്ഷാമം പ്രത്യേകിച്ചു് ഒരു പ്രതിസന്ധിയിലെത്തിയിരിക്കുന്നു. മാംസം, കായ്കറി, പഴം, തകരത്തിലടച്ച മത്സ്യം എന്നിവ കിട്ടാനേയില്ല."

നോവാഹൂട്ടയെ സംബന്ധിച്ചിടത്തോളം ഇതു ശരിയായിരുന്നു. അതുപോലെതന്നെയായിരുന്നു പോസ്നാനിലും. വ്യവസായത്തിലോ ഖനനത്തിലോ ഏർപ്പെട്ടിരുന്ന ഏതൊരു കേന്ദ്രത്തിനും ഈ ചിത്രം യോജിക്കുമായിരുന്നു. തൊഴിലാളികൾ പരാതിപ്പെടുകയും പ്രതിഷേധിക്കയുംചെയ്തു. എന്താണു ഫലം? രാജ്യത്തിന്റെ സാമ്പത്തികവ്യവസ്ഥക്കു് കാര്യമായ യാതൊരു മാററവും വന്നില്ല.

ഈ കുഴപ്പത്തിന്റെ അടിസ്ഥാനകാരണം ഇതായിരുന്നു: കമ്മ്യൂണിസ്റ്റ്കാർ അധികാരത്തിൽ കയറിയതുമുതൽ, പോളിഷ്ജനതയുടെ ആവശ്യത്തെയല്ല, സോവ്യററ്യൂണിയന്റെ ആവശ്യങ്ങളെ നേരിടാനാണ് രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ സംഘടിപ്പിച്ചിരുന്നതു്. കമ്മ്യൂണിസത്തിന്റെ മാറാരോഗങ്ങൾ ഉദ്യോഗസ്ഥദുഷ്പ്രഭുത്വവും അനിവാര്യമായ അഴിമതിയുമാണെന്നു തോന്നുന്നു. ഇതിനെല്ലാത്തിനുമുപരിയായി റഷ്യൻചൂഷണവും. പോളണ്ടുകാർക്കു് ഇതു നല്ലതിൻവണ്ണമറിയാം.

ആദ്യം ഒരു കൊള്ളയാണു നടന്നതു്. പോളണ്ടിനോടുകൂടി കൂട്ടിച്ചേർക്കപ്പെട്ട ജർമ്മൻപ്രദേശത്തുനിന്നു് യുദ്ധത്തിൽ പിടിച്ചെടുത്ത മുതലായി ചുവപ്പുപട വളരെയധികം ഉപകരണങ്ങൾ കൊണ്ടുപോയിരുന്നു. ഏതാണ്ടു് 50 കോടി ഡോളറിന്റെ വക കടത്തിയിട്ടുണ്ടെന്നാണു് മതിപ്പു്. ഇതു പരിശോധിച്ചറിയാൻ നിവൃത്തിയില്ലെങ്കിലും ഇത്രയുമുണ്ടെന്നു പോളണ്ടുകാർ കരുതുന്നു.

പിന്നെ "യുദ്ധനഷ്ടപരിഹാര"ങ്ങളുണ്ട്. കിഴക്കെ ജർമ്മനിയുടെ ഒരു നല്ല ഭാഗത്തിന്റെ "അനന്തരാവകാശി"യെന്ന നിലയിൽ മിക്കവാറും കല്ക്കരിവഴിക്കു് സോവ്യററ്യൂണിയനു നഷ്ടപരിഹാരം നൽകണമെന്നായിരുന്നു വ്യവസ്ഥ. സോവ്യററ്യൂണിയനു ലഭിക്കുന്ന നഷ്ടപരിഹാരത്തിൽ 15 ശതമാനം പോളണ്ടിനു നൽകണമെന്നായിരുന്നു പോട്സ്ഡാമിലെ കരാർ. ഇതു കൊടുത്തിട്ടുണ്ടെന്നുള്ളതിനു രേഖയില്ല. ഉണ്ടെങ്കിൽ അതിനു വ്യാപകമായ പ്രസിദ്ധീകരണം ലഭിക്കുമായിരുന്നു.

റഷ്യൻസമ്മർദ്ദംമൂലം പോളണ്ടിന്റെ വിദേശവ്യാപാരം പാശ്ചാത്യരാജ്യങ്ങളിൽനിന്നു് കമ്മ്യൂണിസ്റ്റ്ചേരിയിലേക്കു മാറി. പോളണ്ടും സോവ്യററ്യൂണിയനും തമ്മിലുള്ള വ്യാപാരത്തെ നിയന്ത്രിക്കുന്ന 1950-ലെ കരാറിന്റെ വിശദാംശങ്ങൾ രഹസ്യമാണ്. ഇതു് റഷ്യക്കനുകൂലമാണെന്നു കരുതപ്പെടുന്നു. ഉദാഹരണമായി പോളണ്ടു്, റഷ്യക്കു നൽകുന്ന കല്ക്കരിയുടെ വില സ്റ്റാൻഡിനേവിയൻ വിപണിയിലേതിനെക്കാൾ വളരെ താഴ്ന്നനിരക്കിലാണ്. ഉല്പാദനം വർദ്ധിച്ചിട്ടും പോളണ്ടിൽ കൽക്കരിദൗർലഭ്യമനുഭവപ്പെടുന്നു.

സാങ്കേതികമായി "സൗഭ്രാത്രസഹായം"എന്നറിയപ്പെടുന്നസോവ്യററുനിക്ഷേപമാണ് അവസാനത്തെയിനം. മാർഷൽസഹായത്തിന്റെ സ്ഥാനത്തു് ചുരുങ്ങിയ പലിശക്കു് സോവ്യററ്യൂണിയൻ നൽകുന്ന വായ്പയാണിതു്. ഇതു എങ്ങനെ ഉപയോഗിക്കണമെന്നു മോസ്കോയാണ് തീരുമാനിക്കുക. ആയുധോല്പാദനം, സൈന്യതന്ത്രപരമായ റെയിൽവേനിർമ്മാണം, നോവാഹൂട്ടാ തുടങ്ങിയ വമ്പിച്ച പദ്ധതികൾ മുതലായവക്കാണ് ഇവ ചെലവിടുന്നതു്. ഈ വായ്പ അഞ്ചുവർഷത്തിനുള്ളിൽ തവണകളായടക്കണം. കല്ക്കരി, റെയിൽവെ ഉപകരണങ്ങൾ, പഞ്ചസാര, നിത്യോപയോഗസാധനങ്ങൾ എന്നിവവഴിക്കാണ് അവർ പണം മടക്കിക്കൊടുത്തുകൊണ്ടിരുന്നതു്. ഇവയുടെയെല്ലാം വില റഷ്യയാണത്രെ നിശ്ചയിക്കുക. ചുരുക്കിപ്പറഞ്ഞാൽ 10 വർഷമായി റഷ്യ, പോളണ്ടിൽ രാഷ്ട്രീയമായ ആധിപത്യം നടത്തുക മാത്രമല്ല ചൂഷണം നടത്തുകയായിരുന്നു എന്നുകൂടി തൊഴിലാളികൾ വിശ്വസിക്കുന്നു. ഇപ്പോഴത്തെ കുഴപ്പത്തിന്റെ കാരണം അതാണ്.

× × ×

## വിശുദ്ധസ്ഥലങ്ങളെപ്പററിയുള്ള ഉൽക്കണ്ഠ

കുറേക്കാലമായി ഇസ്രായേലികളും അറബികളും തമ്മിൽ നിലവിലിരിക്കുന്ന അസ്വസ്ഥതകൾ വിശുദ്ധസ്ഥലങ്ങളുടെ സുരക്ഷിതത്വത്തെപ്പററി വലിയ ആശങ്കകൾക്കു നിദാനമായിരിക്കുകയാണല്ലോ. എട്ടുകൊല്ലം മുമ്പാണ് ഈ രാജ്യങ്ങൾ തമ്മിൽ നടന്നുകൊണ്ടിരുന്ന ഒരു യുദ്ധം സമാപിച്ചതു്. അക്കാലംമുതൽ തുടരെത്തുടരെ പലപ്പൊഴും പ്രശ്നത്തെപ്പററി പരിശുദ്ധപിതാവു് ശാശ്വതസമാധാനപരമായ വ്യവസ്ഥകൾ നിർദ്ദേശിച്ചിട്ടുണ്ട്. 1948-ലും 1949-ലും ഓരോ ചാക്രികലേഖനങ്ങൾതന്നെ ഇതു സംബന്ധിച്ചു തിരുമേനി പുറപ്പെടുത്തുകയുണ്ടായി. ജറുസലം ഒരു അന്താരാഷ്ട്രീയമേഖലയായി പ്രഖ്യാപിക്കപ്പെടണമെന്നും വിശുദ്ധസ്ഥലങ്ങളിൽ ക്രിസ്ത്യാനികൾക്കുള്ള അവകാശങ്ങൾ സുരക്ഷിതങ്ങളാക്കപ്പെടണമെന്നും തിരുമേനി ന്യായയുക്തം അവയിൽ സ്ഥാപിച്ചിട്ടുണ്ട്. 1949-ൽതന്നെയാണ് ഐക്യരാഷ്ട്രസമിതിയും ജറുസലേമിനെ അന്താരാഷ്ട്രീയമാക്കണമെന്നു പ്രമേയം പാസ്സാക്കിയതു്. പക്ഷെ കാര്യമായ യാതൊരു നടപടിയും ഇന്നുവരെ സ്വീകരിക്കപ്പെട്ടിട്ടില്ല. അറബി-ഇസ്രായേലി യുദ്ധകാലത്തും അതിനുശേഷവും ക്രിസ്ത്യാനികൾക്കു ഏററം വിലപ്പെട്ടതും സംപൂജ്യവുമായ പല പുണ്യതീർത്ഥങ്ങൾ നശിപ്പിക്കപ്പെട്ടിട്ടുണ്ട്. ഈ പരിതസ്ഥിതികളെ വിശകലനം ചെയ്തുകൊണ്ടു് ഈയിടെ വത്തിക്കാൻ അർദ്ധൗദ്യോഗിക പ്രസിദ്ധീകരണമായ ഒസ്സർവത്തോരെ റൊമാനോ പ്രസ്താവിച്ചതു്, മാർപ്പാപ്പാ അനേകം പ്രാവശ്യം പ്രസ്താവിച്ചിട്ടുള്ളതുപോലെ വിശുദ്ധസ്ഥലങ്ങളെ സംബന്ധിച്ചു അപകടകരമായ സാഹചര്യങ്ങൾക്കു സമാധാനപരമായ ഒരു തീരുമാനം ഉണ്ടാക്കുകയും ജറുസലത്തെ ഒരു അന്താരാഷ്ട്രീയമേഖലയായി പ്രഖ്യാപിക്കുകയും ചെയ്യുന്നതിനു അടിയന്തിരമായ നടപടികൾ സ്വീകരിക്കേണ്ടതാവശ്യമാണെന്നാണ്. വത്തിക്കാൻ അധികാരികളുടെ നിർദ്ദേശത്തിലോ അവരുടെ അനുമതിയോടെയോ പ്രസിദ്ധീകൃതമായിരിക്കുന്ന ഒരു ലേഖനത്തിലാണ് ഈ ആശയം വ്യക്തമാക്കിയിരിക്കുന്നതു്. വിശുദ്ധസ്ഥലങ്ങളിൽ ഒരു പുതിയ യുദ്ധം പൊട്ടിപ്പുറപ്പെടുന്നതിനുള്ള ലക്ഷണങ്ങളെല്ലാം തെളിഞ്ഞുകാണുന്നതുകൊണ്ടു് അവിടെയുള്ള പുണ്യതീർത്ഥങ്ങളുടെ സുരക്ഷിതത്വത്തെ സംബന്ധിച്ചു ലോകം മുഴുവനിലുമുള്ള ജനങ്ങൾക്കു അത്യധികമായ ഉൽക്കണ്ഠയുണ്ടെന്നുള്ള വസ്തുത പ്രസ്തുതപത്രം ചൂണ്ടിക്കാണിക്കുന്നു. ഒസ്സർവത്തോരെ റൊമാനോയുടെ ഈ ലേഖനം പ്രസിദ്ധീകൃതമായതിന്റെ പിറേറദിവസംതന്നെയാണ് അമേരിക്കൻ സ്റ്റേററുസിക്രട്ടറി മി. ഫോസ്റ്റർ ഡള്ളസ് ഇസ്രായേൽ പ്രധാനമന്ത്രി മി. ബൻഗൂറിയോണിനു വ്യക്തിപരമായ ഒരു അപ്പീൽ അയച്ചുകൊടുത്തതു്. ഇപ്പോൾ അറബികളുടേയും ഇസ്രായേലികളുടേയുംരാജ്യാതിർത്തികളിൽ ഏതാനും ആഴ്ചകളായി നടന്നുകൊണ്ടിരിക്കുന്ന ഏററുമുട്ടലുകളുടെ റിപ്പോർട്ടുകളിൽനിന്നു മനസ്സിലാക്കാവുന്നതു്, പ്രസ്തുത രാജ്യങ്ങൾ തമ്മിൽ എട്ടുകൊല്ലങ്ങൾക്കു മുമ്പു നടന്നതുപോലെ ഒരു സംഘട്ടനം ഉണ്ടാകുവാനുള്ള ലക്ഷണങ്ങൾ തെളിഞ്ഞുവരുന്നതായിട്ടാണെന്നു അദ്ദേഹം അതിൽ വിശദമാക്കുന്നുണ്ട്. അതുകൊണ്ടു് ദീർഘദൃഷ്ടിയോടും നിഷ്പക്ഷതയോടുംകൂടി പരിശുദ്ധപിതാവു നൽകിയിട്ടുള്ള നിർദ്ദേശങ്ങളെ വേണ്ടവിധത്തിൽ പരിഗണിച്ചു ശാശ്വതമായ ഒരു സമാധാനസ്ഥിതി കൈവരുത്തേണ്ടതു് ഏററം അടിയന്തിരമായ ഒരാവശ്യമാണ്. അങ്ങിനെ രണ്ടു രാജ്യങ്ങളിലെ സഹോദരങ്ങൾ തമ്മിൽ മത്സരിച്ചു അതൊരു രക്തക്കളമായി മാററാതിരിക്കുന്നതിനും ക്രിസ്തീയലോകത്തിനു ഏററവും സംപൂജ്യമായതും ക്രിസ്തുവിന്റെ ജീവിതസംഭവങ്ങളോടു ബന്ധപ്പെട്ടതുമായ നിരവധി പുണ്യതീർത്ഥങ്ങൾ നിലംപരിശാക്കപ്പെടുന്ന നിർഭാഗ്യാനുഭവം ഉണ്ടാകാതിരിക്കുന്നതിനും വേണ്ട പ്രതിവിധികൾ അടിയന്തിരമായി ചെയ്യേണ്ട അവസരമാണിതു്.

## അടുത്തയാഴ്ചയിൽ

നവംബർ

15 വ്യാ: വി. ജർത്രൂദ്

16 വെ: വി. ക്ലാര

17 ശ: വി. ഗ്രിഗോരിയോസ്

18 ഞാ: പന്തക്കു. 26-ാംഞായർ

19 തി: വി. എലിശാ

20 ചൊ: വി. ഫെലിക്സ്

21 ബു: കന്യകമറിയത്തെ ദേവാലയത്തിൽ കാഴ്ചവച്ചതു്.

# വിവിധവൃത്താന്തങ്ങൾ

## പേരു ഉച്ചരിക്കരുത്

പോളണ്ടിലും ഹംഗറിയിലും കമ്മ്യൂണിസ്റ്റ് ഭരണകൂടത്തെ എതിർത്ത വിദ്യാർത്ഥികളും തൊഴിലാളികളും കർദ്ദിനാൾ വിഷിൻസ്കിയേയും, കർദ്ദിനാൾ മിൻസെന്തിയേയും മോചിപ്പിക്കുവാൻ നിരന്തരം ആഹ്വാനം നടത്തുകയും തൽഫലമായി അവർ മോചിക്കപ്പെടുകയുമുണ്ടായല്ലോ. ഈ അവസരത്തിൽ യൂഗോസ്ലാവിയായിലെ കർദ്ദിനാൾ സ്റ്റെപ്പിനാക്കിന്റെ നാമം പരസ്യമായി ഉച്ചരിച്ചു പോകരുതെന്നു കമ്മ്യൂണിസ്റ്റ് ഉദ്യോഗസ്ഥന്മാർ വൈദികർക്കും കത്തോലിക്കർക്കും ഒരു താക്കീതു നൽകിയിരിക്കുന്നു. സ്റ്റെപ്പിനാക്ക് തിരുമേനി ബന്ധനസ്ഥനാക്കപ്പെട്ടതിന്റെ പത്താംവാർഷികം കഴിഞ്ഞ ഒക്ടോബർ 11-ാം തീയതിയായിരുന്നു. സാഗ്രേബ് മെത്രാപ്പോലീത്തായായ കർദ്ദിനാൾ തിരുമേനി ഇപ്പോൾ സ്വദേശമായ ക്രാസിക്കിൽ വീട്ടുതടങ്കലിലാണെന്നാണ് കമ്മ്യൂണിസ്റ്റുകാർ പറയുന്നത്. അദ്ദേഹത്തിനു പ്രവർത്തനത്തിനോ മററുള്ളവരുമായി ഇടപെടുന്നതിനോ സ്വാതന്ത്ര്യമില്ല.

## മിണ്ടിയില്ല—പക്ഷേ

കമ്മ്യൂണിസ്റ്റ്ഭീഷണിയെ ഭയന്ന് ജനങ്ങൾ സ്റ്റെപ്പിനാക്കിന്റെ പേരുച്ചരിക്കുകയോ മുദ്രാവാക്യങ്ങൾ മുഴക്കുകയോ ചെയ്തില്ല. എന്നാലും വാർഷികാഘോഷക്കാര്യം ജനങ്ങളറിഞ്ഞു. ചില യുവാക്കന്മാർ ഇടവകകൾതോറും നടന്നു നേരത്തെ ഈ സംഗതിയെപ്പററി അറിവുനൽകിയിരുന്നു. സാഗ്രേബിലെ ഒരു പ്രധാനദേവാലയത്തിൽ, വാതുക്കൽ നിന്നിരുന്ന ഒരു വൃദ്ധസ്ത്രീ, പള്ളിയകത്തേക്കു കയറിപ്പോയിരുന്ന ആളുകളോട് ഈ വിവരം മന്ത്രിച്ചിരുന്നു. വാർഷികദിനത്തിൽ, കമ്മ്യൂണിസ്റ്റ്നിയന്ത്രണത്തിലുള്ള ട്രേഡ്യൂണിയൻ ആഫീസുകെട്ടിടങ്ങളുടെ മതിലുകളെല്ലാം സ്റ്റെപ്പിനാക്കിനെ മോചിപ്പിക്കണമെന്നു ആവശ്യപ്പെടുന്ന നോട്ടീസുകൾ കൊണ്ടു നിറഞ്ഞിരുന്നു.

## മോട്ടോർ ഡ്രൈവർമാരോട്

ചിക്കാഗോ മെത്രാപ്പോലീത്തായായ കർദ്ദിനാൾ സ്ട്രിററ്ച് തിരുമേനി ഈയിടെ പുറപ്പെടുവിച്ചിരിക്കുന്ന ഒരു ഇടയലേഖനത്തിൽ മോട്ടോർഡ്രൈവർമാരുടെ ധാർമ്മികമായ ഉത്തരവാദിത്വങ്ങളെ ചൂണ്ടിക്കാണിച്ചിരിക്കുന്നു. "അശ്രദ്ധയായോ, ക്രമാധികമായ വേഗത്തിലോ, ട്രാഫിക്നിയമങ്ങൾ ലംഘിച്ചോ മോട്ടോർ ഓടിക്കുന്നതു പാപമാണെ"ന്നു തിരുമേനി പ്രസ്താവിച്ചിരിക്കുന്നു. മോട്ടോർഅപകടങ്ങളെപ്പററിയുള്ള കണക്കുകൾ ഞെട്ടിപ്പിക്കുന്നവയാണെന്നു അദ്ദേഹം ചൂണ്ടിക്കാണിച്ചു. മോട്ടോർഡ്രൈവർമാരുടെ ധാർമ്മികമായ ഉത്തരവാദിത്വങ്ങളെപ്പററി അടുത്തകാലത്തു പരിശുദ്ധ പിതാവു തിരുമേനി ചെയ്ത പ്രസ്താവങ്ങളെ ഇടയലേഖനത്തിൽ അനുസ്മരിച്ചിരിക്കുന്നു. നമ്മുടെ നാട്ടിലെ മോട്ടോർഡ്രൈവർമാരും ഇക്കാര്യം മനസ്സിലാക്കിയിരിക്കേണ്ടതാണ്.

## സാരി ധരിച്ച കന്യാസ്ത്രീകൾ

ക്രിസ്തുരാജന്റെ ഫ്രാൻസിസ്കൻ മിഷനറിമാർ—ദി ഫ്രാൻസിസ്കൻ മിഷനറീസ് ഓഫ് ക്രൈസ്റ്റ് ദി കിങ്ങ്—എന്ന സന്യാസിനീസഭയുടെ സൂപ്പീരിയർ ജനറലായി മദർ എം. ലൂസി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. 1937ൽ കറാച്ചിയിൽ സ്ഥാപിതമായ ഈ സന്യാസിനീസഭയിൽ ആദ്യമായി ചേർന്ന അംഗങ്ങളിൽ ഒരാളാണ് മദർ മേരി. ഈ കന്യകാസമൂഹത്തിലെ അംഗങ്ങളുടെ സന്യാസവസ്ത്രം സാരിയാണെന്നുള്ളതാണ് അതിന്റെ ഒരു പ്രത്യേകത. ഈ സന്യാസിനികൾ ഇപ്പോൾ പാക്കിസ്ഥാനിലെങ്ങും ആശുപത്രികളിലും വിദ്യാലയങ്ങളിലും ജോലിചെയ്തുകൊണ്ടിരിക്കുന്നു.

## സ്വീഡനിലെ ഫ്രാൻസിസ്കൻ സന്യാസി

ഒരുകാലത്തു സ്വീഡനിലെ ഒരു ലൂഥറൻസഭാംഗവും അനന്തരം ഒരു ബുദ്ധമതാനുയായിയുമായിരുന്ന ഡോക്ടർ അഗസ്റ്റിൻ ലൂർഡിൻ ഇപ്പോൾ ഒരു ഫ്രാൻസിസ്കൻ സന്യാസവൈദികനാണ്. ആധുനികകാലത്തു സ്വീഡനിലെ ആദ്യത്തെ ഫ്രാൻസിസ്കൻസന്യാസിയായിരിക്കും അദ്ദേഹം. ഒരു വിശ്രമത്തിനായി അസ്സീസിയിൽ പോയിരിക്കുമ്പോൾ അവിടത്തെ ക്രൂശിതരൂപത്തിന്റെ മുൻപാകെ പ്രാർത്ഥിക്കുന്നതിനുള്ള സന്ദർഭം അദ്ദേഹത്തിനുണ്ടായി. (ഈ ക്രൂശിതരൂപമാണ് വിശുദ്ധ ഫ്രാൻസിസ് അസ്സീസിയോട് സംസാരിച്ചുവെന്നു പറയപ്പെടുന്നത്) ക്രൂശിതരൂപത്തിന്റെ മുൻപാകെ പ്രാർത്ഥിക്കവേയാണ് കത്തോലിക്കാസഭയിൽ ചേരണമെന്നുള്ള ഒരാഗ്രഹം ഡോക്ടർ ലൂർഡിനിൽ സംജാതമായത്. അതൊരു വ്യാമോഹമല്ലെന്നു ഉറപ്പുവരുത്തുന്നതിലേക്ക് ഒരുകൊല്ലം അദ്ദേഹം കാത്തിരുന്നു. പിന്നീടാണ് അസ്സീസിയിൽവന്നു കത്തോലിക്കനാകുകയും പട്ടത്തിനു പഠിക്കുകയും ചെയ്തത്.

## 10 ലക്ഷം ക. ദാനം

സ്പെയിനിലെ ഭരണമേധാവിയായ ജനറൽ ഫ്രാങ്കോ, ബാങ്ക് ഓഫ് സ്പെയിൻ, അതിന്റെ ശതവത്സരാഘോഷം പ്രമാണിച്ച്, 10 ലക്ഷം ക. സംഭാവന നൽകിയിരിക്കുന്നു. ജനറൽ ഫ്രാങ്കോ ഈ സംഖ്യ മാഡ്രിഡ്-ബാർസലോനാ രൂപതകളിലെ പരോപകാരപ്രവർത്തനങ്ങൾക്കായി നീക്കിവെച്ചിരിക്കുന്നു. ബാർസിലോനായിലെക്ഷേമപ്രവർത്തനങ്ങൾക്കായി ഒരു ലക്ഷം ക. യും, മാഡ്രിഡിലെ ക്ഷേമപ്രവർത്തനങ്ങൾക്കായി 2 ലക്ഷം ക. യും രണ്ടു രൂപതകളിലേയും പരോപകാരസ്ഥാപനങ്ങൾക്കായി 4 ലക്ഷം ക. യും ചെലവഴിക്കും. ബാക്കി 3 ലക്ഷം ക. സെമ്മിനാരികൾക്കും സ്കൂളുകൾക്കുമാണു നീക്കിവെച്ചിരിക്കുന്നത്. ആശുപത്രികൾക്കും തത്തുല്യങ്ങളായ സ്ഥാപനങ്ങൾക്കും അതുപോലെതന്നെ ദരിദ്രരായ വിദ്യാർത്ഥികൾക്കും ഇതിൽനിന്നു സഹായധനം ലഭിക്കുന്നതാണ്.

## സമാധാനത്തിനു ബലി അർപ്പിച്ചു

അൽജീരിയായിലെ "വൈററ് സിസ്റ്റർ" സന്യാസിനീസഭയിൽപ്പെട്ട സിസ്റ്റർ പീയറെ ഫോറിയർ തന്റെ ജീവൻ ആഫ്രിക്കയിൽ സമാധാനവും മനുഷ്യർ തമ്മിൽ സഹോദരൈക്യവും സംസ്ഥാപിതമാകുന്നതിനായി ദൈവത്തിനു ബലിയർപ്പിച്ചിരിക്കുന്നു. സിസ്റ്റർ പീയറെ മറെറാരു കന്യാസ്ത്രീയായ സിസ്റ്റർ ഡൊറോത്തീസുമൊരുമിച്ച് യുദ്ധത്തിൽ മുറിവേററ ഏതാനും അൽജീരിയൻ വിപ്ലവകാരികൾക്കു വൈദ്യസഹായം നൽകിയതിനുശേഷം കന്യകാലയത്തിലേക്കു മടങ്ങുകയായിരുന്നു. സൗമൻതാഴ്വരയിൽവെച്ചു യന്ത്രത്തോക്കിൽനിന്നുള്ള വെടിയേററ് അവർ മൃതിയടഞ്ഞു. അവരുടെ അന്തിമവചനങ്ങളാണു മുകളിൽ ഉദ്ധരിച്ചത്. സിസ്റ്റർ ഡൊറോത്തിസിനെ മൂർച്ഛിതാവസ്ഥയിൽ കണ്ടെത്തി; അവർ ഇപ്പോൾ ആശുപത്രിയിലാണ്. അൽജീരിയൻ വിപ്ലവകാരികൾ തങ്ങളോടു ഏററവും ബഹുമാനപൂർവ്വമാണ് പെരുമാറിയിരുന്നതെന്നും, തങ്ങൾക്കു എല്ലാവിധ സഹായസഹകരണങ്ങളും ചെയ്തുതന്നിരുന്നെന്നും സിസ്റ്റർ ഡൊറോത്തീസ് പ്രസ്താവിക്കുകയുണ്ടായി.

## മരണക്കിടക്കയിൽവച്ചു

ഇംഗ്ലണ്ടിൽ ലഡ്ഷാംകോളേജിലെ ഒരു വിദ്യാർത്ഥിയായിരുന്ന 16 വയസ്സു പ്രായമുള്ള ടെറൻസ് ജോസഫ് മൂതാൻ, ഈയിടെ തലച്ചോറിൽനിന്നുള്ള രക്തസ്രാവം നിമിത്തം നിര്യാതനായിരിക്കുന്നു.


അർശ്ശസ്സോർശ്ശ
മൂലക്കുരു
ഓപ്പറേഷൻ കൂടാതെ മാററുന്നു
VAIDYAN A. GEORGE TIRUNILATH
ST. ANTONY'S VAIDYA SALA
AMARAVATHY, FORT COCHIN
DISTRIBUTORS James & Co., Broadway, Ernakulam


ആ വിദ്യാർത്ഥിയുടെ ഏററവും വലിയ ജീവിതലക്ഷ്യം ഐറിഷ് ക്രിസ്ത്യൻ ബ്രദർ എന്ന സന്യാസസഭയിൽ ചേരണമെന്നുള്ളതായിരുന്നു. തന്മൂലം ടെറൻസ് മരിക്കുന്നതിനു അരമണിക്കൂർമുൻപ് സന്യാസസഭാശ്രേഷ്ഠന്റെ അനുമതിയോടുകൂടി ആയാളെ സഭയിൽ സ്വീകരിക്കുകയുണ്ടായി. അവാച്യമായ ആനന്ദത്തോടുകൂടിയാണ് ഈ പുതിയ സന്യാസി മരണത്തെ ആശ്ലേഷിച്ചത്.

## പരേതനായ മോൺ. പെറോസി

കഴിഞ്ഞ 59 കൊല്ലമായി വത്തിക്കാനിലെ സിസ്റ്റയിൻ കൊയറിന്റെ ഡയറക്ടരായിരുന്ന മോൺ: ലോറൻസോ പെറോസി 83-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. 5 മാർപ്പാപ്പാമാരുടെ കീഴിൽ അദ്ദേഹം ജോലിചെയ്തിട്ടുണ്ട്. ദേവാലയസംഗീതപരിഷ്കരണത്തിൽ വിശുദ്ധ പത്താം പീയൂസ് മാർപ്പാപ്പായുടെ വലംകൈയായിരുന്നു മോൺ: പെറോസി. സംഗീതത്തിൽ അല്പംപോലും തല്പരനല്ലാതിരുന്ന പതിമൂന്നാം ലെയോ മാർപ്പാപ്പായുടെ കാലത്താണ് യുവാവായ പെറോസി തന്റെ ഉദ്യോഗമാരംഭിച്ചത്. ഒരിക്കൽ അദ്ദേഹം ഒരു പുതിയ ഗാനം രചിച്ചശേഷം, അഭിനന്ദനം പ്രതീക്ഷിച്ച് മാർപ്പാപ്പായുടെ ദൃഷ്ടിയിൽ പെടത്തക്കവണ്ണം നിലകൊണ്ടെങ്കിലും, ലെയോ പതിമൂന്നാമൻ അതിൽ ശ്രദ്ധിച്ചതേയില്ല. ഇതു മനസ്സിലാക്കിയ ഒരു മോൺസിഞ്ഞോർ അദ്ദേഹത്തിന്റെ അടുത്തുചെന്നു മാർപ്പാപ്പാ സന്തുഷ്ടനായിരിക്കുകയാണ് എന്നു പറഞ്ഞു. പിന്നീട് ആ മോൺസിഞ്ഞോർ വിശദീകരിക്കുകയുണ്ടായി ഗാനം വളരെ ചെറുതാണെന്നുള്ളതിൽ മാർപ്പാപ്പാ സന്തോഷിക്കുമെന്നു കരുതിയാണ് അങ്ങനെ പറഞ്ഞതെന്നു്.

## കാത്തലിക് മെഡിക്കൽ ഗിൽഡ്

മദ്രാസ് കാത്തലിക് മെഡിക്കൽ ഗിൽഡിന്റെ വാർഷികസമ്മേളനം ഈയിടെ മദ്രാസ് കാത്തലിക് സെൻററിൽവെച്ചു നടത്തപ്പെട്ടിരിക്കുന്നു. ഗിൽഡിന്റെ പ്രസിഡൻറായി ഡോക്ടർ ഒ. ജി. ഒ. വാപിനസും, സിക്രട്ടറിയായി ഡോക്ടർ മിസ്സസ് ഇ. റോബർട്ട്സിനേയും തിരഞ്ഞെടുത്തു. സമ്മേളനത്തിൽ മദ്രാസ് മെത്രാപ്പോലീത്താ തിരുമേനി ചെയ്ത പ്രസംഗത്തിൽ ഗിൽഡിന്റെ ആഭിമുഖ്യത്തിലുള്ള സൗജന്യഡിസ്പെൻസറിയിൽ കൂടുതലായി സഹകരിക്കുവാൻ ഉദ്ബോധിപ്പിച്ചിരുന്നു. സൗജന്യഡിസ്പെൻസറിയെ കൂടുതലായി സഹായിക്കാമെന്നും അതുവഴി രോഗീപരിചരണമെന്ന സഭയുടെ ആദർശത്തെ കൂടുതലായി നടപ്പിൽ വരുത്താമെന്നും പ്രസിഡൻറ് മെത്രാപ്പോലീത്താ തിരുമേനിക്കു ഉറപ്പുനൽകി. കേരളത്തിലെ പട്ടണങ്ങളിൽ കത്തോലിക്കാ മെഡിക്കൽ ഗിൽഡുകളുണ്ടാകുന്നതു നന്നായിരിക്കുകയില്ലേ?

## ചെറുകിട തൊഴിലുടമകൾ

ചെറുകിട തൊഴിലുകളുടെ ഉടമസ്ഥന്മാരോട് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ചെയ്ത ഒരു പ്രസംഗത്തിൽ ചെറുകിടതൊഴിലുടമകൾ ഒരു സമീകരണഘടകമാണെന്നും, സ്റ്റേററ് അവരെ സഹായിക്കേണ്ടതാണെന്നും പ്രസ്താവിക്കുകയുണ്ടായി. സമുദായത്തിന്റെ സുസ്ഥിരതയുടെ ഒരു അവശ്യഘടകമായ, സ്വത്തിന്റെ വ്യാപകമായ വിതരണത്തെ സഹായിക്കുന്ന ഒന്നാണ് പല ഇടത്തരം വ്യവസായങ്ങളുമെന്നു തിരുമേനി പറഞ്ഞു. ഈ വ്യവസായങ്ങളിലേർപ്പെട്ടിരിക്കുന്നവരുടെ സ്വരം വിസ്മരിക്കപ്പെടരുതെന്നും, സാങ്കേതികവും സാമ്പത്തികവുമായ പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം അതു കേൾക്കപ്പെടുകതന്നെ വേണമെന്നും തിരുമേനി ചൂണ്ടിക്കാണിച്ചു. ബെൽജിയം, ജർമ്മനി, ഇററലി, നെതർലൻഡ്സ് മുതലായ രാജ്യങ്ങളിലുള്ള ചെറുകിടവ്യവസായ അസോസ്യേഷനിലെ അംഗങ്ങൾ റോമിലേക്കു ചെയ്ത തീർത്ഥയാത്രാവേളയിലാണ് തിരുമേനി ഈ പ്രഭാഷണം നടത്തിയത്.

## തിരുഹൃദയത്തിനു പ്രതിഷ്ഠിച്ചു

ഇററലിയിൽ കമ്മ്യൂണിസ്റ്റ്കാർക്കു ഏററവും കൂടുതൽ സ്വാധീനശക്തിയുള്ള പ്രദേശം അവിടത്തെ എമീലിയാ ഡിസ്ട്രിക്ടാണ്. ഇക്കഴിഞ്ഞ ക്രിസ്തുരാജത്തിരുനാൾദിവസം പ്രസ്തുത ഡിസ്ട്രിക്ട് ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. ആ ഡിസ്ട്രിക്ടിലെ ഏഴു മെത്രാന്മാരുംകൂടി പുറപ്പെടുവിച്ചിരുന്ന ഒരു സംയുക്ത ഇടയലേഖനത്തിൽ പ്രതിഷ്ഠാവേളയിൽ വൈദികരും വിശ്വാസികളും കഴിയുന്നത്ര റെജ്ജിയോയിൽ സന്നിഹിതരാകുവാൻ ഉദ്ബോധിപ്പിച്ചിരുന്നു. റെജ്ജിയോയിൽ വെച്ചു പ്രതിഷ്ഠാജപം ചൊല്ലിയ സന്ദർഭത്തിൽതന്നെ ഡിസ്ട്രിക്ടിലെ എല്ലാ ദേവാലയങ്ങളിലും പ്രതിഷ്ഠാജപം ചൊല്ലിയിരുന്നു. വിശ്വാസികളുടെ ഇടയിൽ തിരുഹൃദയഭക്തി പ്രചരിപ്പിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനുമായി ഈ വർഷം മുഴുവൻ പരിശ്രമിക്കുവാനും തീരുമാനിച്ചിരിക്കുന്നു.

## മോചിപ്പിച്ചു, അറസ്ററുചെയ്തു

പോളണ്ടിലെ കോട്ടോവിസ് അതിരൂപതാ മെത്രാപ്പോലീത്താ മോൺ: സ്റ്റനിസ്ലാവോസ് ആഡംസ്കിയെ പോളിഷ് അധികാരികൾ ജയിലിലടച്ചിരിക്കുകയായിരുന്നല്ലോ. തന്റെ പേരിലുള്ള കുററമെന്താണെന്ന് അറിയിക്കണമെന്നു അദ്ദേഹം അധികാരികൾക്കെഴുതി. അദ്ദേഹത്തിന്റെ പേരിൽ യാതൊരു കുററവുമില്ലെന്നായിരുന്നു അധികാരികളുടെ ഔദ്യോഗികമായ മറുപടി. ഇതിന്റെ സഹായത്താൽ അദ്ദേഹം ജയിൽമുക്തനായി, അതിരൂപതയിൽ തിരിച്ചുചെന്നു ജോലിയിൽ പ്രവേശിച്ചു. ഗംഭീരമായ ഒരു സ്വീകരണമാണ് അദ്ദേഹത്തിനു ലഭിച്ചത്. അന്നു രാത്രി ഒരു മണിക്ക് രഹസ്യപ്പോലീസു അദ്ദേഹത്തിന്റെ വസതിയിലെത്തി അദ്ദേഹത്തെ വീണ്ടും അറസ്റ്റ്ചെയ്തു. 1953 ഫെബ്രുവരിയിലെ നിയമമനുസരിച്ച് ഗവമ്മെൻറ് അംഗീകരിക്കാത്ത മെത്രാന്മാരുണ്ടായിരിക്കുവാൻ പാടില്ലായെന്നാണ് രഹസ്യപ്പോലീസ് അറസ്റ്റിനു കാരണം പറഞ്ഞത്. മെത്രാപ്പോലീത്താ ഇപ്പോൾ ജയിലിലാണ്.

## കമ്മ്യൂണിസം അന്ത്യശ്വാസം വലിക്കുന്നു

ആസ്ത്രിയായിലെ യുവാക്കന്മാരുടെ ഇടയിൽ കമ്മ്യൂണിസം അന്ത്യശ്വാസം വലിക്കുകയാകുന്നുവെന്നു വീയെന്നായിലെ കോനിഗ് മെത്രാപ്പോലീത്താ ഒരു പ്രസ് കോൺഫറൻസിൽ പ്രസ്താവിച്ചിരിക്കുന്നു. ആസ്ത്രിയായിലെ കമ്മ്യൂണിസ്റ്റ്കാർ "ഫ്രീ ആസ്ത്രിയൻ യൂത്ത്" എന്ന പേരിൽ ഒരു രഹസ്യസംഘടനയായിട്ടാണു കഴിഞ്ഞുകൂടിയിരുന്നത്. എന്നാൽ സോവ്യററു കീഴടക്കുസേനയുടെ പിന്മാററത്തോടുകൂടി ഫ്രീ ആസ്ത്രിയൻ യൂത്തുസംഘടന ശോഷിച്ചുതുടങ്ങി. കമ്മ്യൂണിസ്റ്റ് യുവജനസംഘടനയും സോഷ്യലിസ്റ്റ് യുവജനസംഘടനയും തമ്മിലുള്ള പ്രധാനവ്യത്യാസം രണ്ടാമതു പറഞ്ഞവർ മതാനുഷ്ഠാനങ്ങളിൽ അത്യന്തം തല്പരരാണെന്നുള്ളതാണ്. അമിതവാദപരമായ എല്ലാ നയ




ങ്ങളേയും സോഷ്യലിസ്റ്റ്പാർട്ടി നിരോധിച്ചിരിക്കുകയാണു്. സംഖ്യാബലംകൊണ്ടു് ഏററവും മുന്നണിയിൽ നില്ക്കുന്നതു കത്തോലിക്കാ യുവജനപ്രസ്ഥാനമാണു്. പീപ്പിൾസ്പാർട്ടി സമാരംഭിച്ചിരിക്കുന്ന യുവജനപ്രസ്ഥാനവും ഇതിലുൾപ്പെടുന്നു.

## ഇടവകവാർത്തകൾ

**കിഴക്കമ്പലം:** സ്ഥലത്തെ യാക്കോബായ ഇടവക ഉത്തരി കുടുംബാംഗങ്ങളായ അഞ്ചുപേർ കിഴക്കമ്പലം ശാലേംപള്ളിയിൽ വച്ചു റവ. ഫാദർ വി. സി ഗീവറുഗീസ് കോറെപ്പിസ്കോപ്പാ ബി. എ. യുടെ സന്നിധിയിൽവച്ചു സത്യപ്രതിജ്ഞചെയ്തു കത്തോലിക്കാസഭയിലേക്കു് പുനരൈക്യപ്പെട്ടിരിക്കുന്നു. പത്രോസിൻെറ ഒരു മാസം പ്രായമുള്ള കുട്ടിയെ ശാലേംപള്ളിയിൽവച്ചു കോറെപ്പിസ്കോപ്പായുടെ പ്രധാനകാർമ്മികത്വത്തിൽ ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്തു.

**ബോംബെ:** അഖിലേന്ത്യാ സൊഡാലിററി ഡയറക്ടർ റവ. ഫാദർ മുത്തുമലൈ അവർകൾ കേരളത്തിലെ സൊഡാലിററികൾ സന്ദർശിക്കുന്നതിനായി നവമ്പർ 12 മുതൽ ഫെബ്രുവരി 12 വരെ ഒരു പര്യടനം നടത്തുന്നതാണു്. ബോംബെയിലെ നാഷനൽ സൊഡാലിററി സെക്രട്ടറിയാററാണു് അദ്ദേഹത്തിൻെറ ഇപ്പോഴത്തെ ആസ്ഥാനം. "ഉദയതാരം" (Morning Star) എന്ന മാസികയുടെ പത്രാധിപർ, ബോംബെയിലെ കാത്തലിക്കു് മെഡിക്കൽ ഗിൽഡിൻെറ ആത്മീയോപദേഷ്ടാവു് എന്നീ നിലകളിലും ഇദ്ദേഹം സ്തുത്യർഹമായ സേവനം ചെയ്തുപോരുന്നു.

**ഇരിട്ടി:** ഇരിക്കൂർ നിയോജകമണ്ഡലത്തിൽപെട്ട കുടിയേറ്റക്കാരായ പൗരജനങ്ങളുടെ വകയായി ഉളിക്കൽ എന്ന സ്ഥലത്തു് വച്ചു് റവ. ഫാദർ ഫ്രാൻസിസ് വാളായിൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗതീരുമാനമനുസരിച്ചു മലബാറിലെ കാർഷികജനത അനുഭവിക്കുന്ന അവശതകളെ സംബന്ധിച്ചും അടുത്ത തിരഞ്ഞെടുപ്പിൽ ഇവിടത്തെ കാർഷികജനത അർഹിക്കുന്ന വിധത്തിലുള്ള സീററുകൾ നൽകുന്നതിലേക്കുവേണ്ടിയും കെ. പി. സി. സി. പ്രസിഡൻറു ശ്രീ മാധവമേനോനെ ഒരു ഡെപ്യൂട്ടേഷൻമൂലം തലശ്ശേരി ററി. ബി. യിൽവച്ചു സന്ദർശിച്ചു ഒരു മെമ്മോറാണ്ഡം സമർപ്പിച്ചിരിക്കുന്നു.

**കുളത്തുവയൽ:** സ്ഥലം പള്ളിയിൽ ക്രിസ്തുരാജൻെറ തിരുനാൾ കൊണ്ടാടി. രാവിലെ ആഘോഷമായ തിരുക്കർമ്മങ്ങളും ഉച്ച കഴിഞ്ഞു 3 മണിക്കു ചക്കിട്ടപാറ സെൻറു ആൻറണീസ് കപ്പേളയിലേക്കു് ഘോഷയാത്രയും അവിടെ ചെന്നശേഷം ദിവ്യപൂജയും അനന്തരം റവ. ഫാദർ മാത്യു ജെ. കൊട്ടുകാപ്പിള്ളിയുടെ പ്രസംഗവും ഉണ്ടായിരുന്നു.

**ചിററാട്ടുകര:** സ്ഥലത്തെ കാത്തലിക് ഫയിൻ ആർട്ട്സ് ക്ലബിൻെറ ഒരു യോഗം നവംബർ 4-ാംനു- ഞായറാഴ്ച ബ. ജോർജ്ജു് മാളിയേക്കൽ അച്ചൻെറ അദ്ധ്യക്ഷതയിൽ കൂടി. ക്ലബിൻെറ പ്രഥമ വാർഷികയോഗം ഡിസമ്പർ മാസത്തിൽ നടത്തുവാനും തീരുമാനിച്ചു. വാർഷികാഘോഷങ്ങൾക്കുവേണ്ടി ഒരു കമ്മററിയും രൂപീകരിക്കയുണ്ടായി.

**ചെമ്പേരി:** തലശ്ശേരിരൂപതയുടെ അതിവന്ദ്യമെത്രാൻ റൈററു് റവ. ഡോക്ടർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തിരുമനസ്സുകൊണ്ടു് നവംബർ 1-ാംനു- രാവിലെ സ്ഥലത്തു പുതുതായി പണിയുന്ന പള്ളിയുടെ ശിലാസ്ഥാപനകർമ്മവും, പുതിയ സ്കൂൾകെട്ടിടത്തിൻെറ വെഞ്ചരിപ്പും നിർവ്വഹിച്ചു. കേരളപ്പിറവി സംബന്ധിച്ചു കൂടിയ യോഗത്തിൽ തിരുമേനി ആദ്ധ്യക്ഷം വഹിക്കുകയും ആധുനികകേരളസംസ്ഥാനത്തിൽ ജനങ്ങളുടെ പൗരകർത്തവ്യങ്ങളെ വിശദീകരിച്ചു പ്രസംഗിക്കുകയുംചെയ്തു.

**തൃശൂർ:** ആരോഗ്യകരമായ സ്ഥലങ്ങളിൽ വൈദ്യനിർദ്ദേശമനുസരിച്ചു താമസിച്ചിരുന്ന മോൺ. പോൾ കാക്കശ്ശേരി മടങ്ങിയെത്തി സ്ഥലം ചെറിയ സെമ്മിനാരിയിൽ ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.




**പാപ്പിനി:** സ്ഥലം സെൻറു തോമസ് സൺഡേ സ്കൂളിൻെറ ആഭിമുഖ്യത്തിൽ ഒക്ടോ: 28-ാംതീയതി ക്രിസ്തുവിൻെറ രാജത്വത്തിരുനാൾ ആഘോഷിച്ചിരിക്കുന്നു. അനേകം പേർ സംബന്ധിച്ചു ഒരു റാലിയും നടത്തുകയുണ്ടായി.

**കുളത്തൂർ:** സ്ഥലം കത്തോലിക്കാ ദേവാലയത്തിൽ പുരുഷന്മാരുടെ വിഭാഗം സൊഡാലിററി ഒക്ടോബർ 20-ാംനു- ഉൽഘാടനം ചെയ്യപ്പെട്ടു. ആഘോഷമായ പാട്ടുപൂജയോടുകൂടി റവ. ഫാദർ മാനുവൽ അൻപുടയാൻ അവർകളാണു് ഉൽഘാടനകർമ്മം നിർവ്വഹിച്ചതു്.

**ഒല്ലൂർ:** സ്ഥലം കത്തോലിക്കാ കോൺഗ്രസ്സ് ശാഖയുടെ 16-ാം വാർഷികവും ക്രിസ്തുവിൻെറ രാജത്വത്തിരുനാളും, എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ സാഘോഷം കൊണ്ടാടപ്പെട്ടു. റവ. ഫാദർ ആൻറണി മാളിയേക്കൽ അവർകളുടെ സ്വാഗതപ്രസംഗത്തെ തുടർന്നു സിക്രട്ടറി ശ്രീ ജോസ് പൂവത്തിങ്കൽ റിപ്പോർട്ടു വായിച്ചു. ശ്രീ പോൾ മാൻവെട്ടം ബി. ഏ. ബി. എൽ. ആണു് പ്രസംഗിച്ചതു്. തിരുമേനിയുടെ അദ്ധ്യക്ഷപ്രസംഗത്തിൽ അഭിനവകേരളത്തിൽ കത്തോലിക്കാ ജനത നിർവ്വഹിക്കേണ്ട ഗുരുതരങ്ങളായ കർത്തവ്യങ്ങളെ സുവ്യക്തമായും സുശക്തമായും പ്രതിപാദിക്കുകയുണ്ടായി. സമ്മേളനം നിയോഗിക്കമ്മററി റിപ്പോർട്ടിനെ പ്രതിഷേധിക്കുന്ന പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കി. ആഘോഷപരിപാടിയിൽപെട്ട ജപമാല റാലിയിൽ അനേകായിരം ജനങ്ങൾ ഭക്തിസംവർദ്ധകമായവിധത്തിൽ പങ്കെടുത്തു.

ഈ ഇടവക മൊയലൻ വറീസ്റ്റ് ജോസഫിൻെറ പുത്രൻ എം. ജെ. ലൂവീസും, കുരിയച്ചിറ പടിക്കൽ അന്തപ്പൻ കൊച്ചാപ്പുവിൻെറ പുത്രി മേരിയും തമ്മിലുള്ള വിവാഹം ഒക്ടോ. 29-ാംനു- അഞ്ചേരി സെൻറു് ജോസഫ്സ് പള്ളിയിൽവെച്ചു നടന്നിരിക്കുന്നു. റവ. ഫാദർ ജേക്കബ് ചെമ്മണ്ണൂർ അവർകളാണു് വിവാഹകർമ്മം ആശീർവ്വദിച്ചതു്.


സുപ്രസിദ്ധമായ ഒല്ലൂർ മാലാഖായുടെ തിരുനാൾ ഒക്ടോബർ 23, 24 തീയതികളിൽ സമംഗളം നടന്നു. ഭക്തജനക്കൂട്ടം പതിവിൽ കൂടുതലായിരുന്നു.

**പുന്നവേലി:** സ്ഥലം വൈ. എം ഏയുടെആഭിമുഖ്യത്തിൽ ക്രിസ്തുരാജത്തിരുനാളിൻേറയും കേരളപ്പിറവിയുടേയും സംയുക്താഘോഷം സമംഗളം നടന്നിരിക്കുന്നു. വായ്പൂരു്, നൂറോമ്മാക്കൽ, നെടുങ്കുന്നം മുതലായ ഇടവകകളിൽ നിന്നു് വിവിധസംഘടനകളുടെ വമ്പിച്ച ജാഥാകൾ സംഘടിപ്പിച്ചിരുന്നു. പൊതുസമ്മേളനത്തിൽ റൈററു് റവ മോൺ: ജോൺ കച്ചിറമററം ആദ്ധ്യക്ഷം വഹിച്ചു. യോഗത്തോടനുബന്ധിച്ചു് സ്ഥലം സിസിലിയൻ ആർട്ട്സ് ക്ലബിൻെറ കലാപരിപാടികളും കരിമരുന്നുപ്രയോഗവും ഉണ്ടായിരുന്നു.

**മണലൂർ:** ഈ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യത്തിൻെറയും സെൻറു വിൻസെൻറു ഡി പോൾ സംഘത്തിൻേറയും ഒരു സംയുക്തവാർഷികം നവം. 4-ാംനു- റവ. ഫാദർ ജോസഫ് വടക്കൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. മരിയാസഖ്യങ്ങളുടെ വിവിധകലാപരിപാടികളും യോഗാനന്തരം "കള്ളസന്ന്യാസി" എന്ന നാടകാഭിനയവും ഉണ്ടായിരുന്നു.

**ഇരിങ്ങാലക്കുട:** ഈ ഇടവക മുരിങ്ങത്തുപറമ്പൻ ശ്രീ തോമൻ മത്തായിയും പൂപ്പാടി ലോനപ്പൻ മകൾ എൽസിയും തമ്മിലുള്ള വിവാഹം തൃശ്ശൂർ ലൂർദ്ദുപള്ളിയിൽവെച്ചു നവം. 5-ാംനു- തിങ്കളാഴ്ച കാലത്തു് 7 മണിക്കു നടന്നിരിക്കുന്നു.

## നിര്യാതയായ



**ശ്രീമതി ബേബി ജോൺ**
ഓന്തിരിക്കൽ

ശ്രീ ഓന്തിരിക്കൽ ഉലഹന്നൻ ജോൺ അവർകളുടെ ഭാര്യ ശ്രീമതി റോസമ്മ (ബേബി) നവംബർ 6-ാംതീയതി ചൊവ്വാഴ്ച രാവിലെ 5 മണിക്കു് പ്രസവസംബന്ധമായ സുഖക്കേടുമൂലം 28-ാമത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. മൃതദേഹം പിറേറദിവസം രാവിലെ റവ ഫാദർ ഗീവറുഗീസ് പതിയാമൂലയുടെ പ്രധാനകാർമ്മികത്വത്തിൽ സ്ഥലം ഫൊറോനാപ്പള്ളി സിമിററ റിയിൽ സംസ്കരിക്കപ്പെട്ടു. റവ. ഫാദർ ജോസഫ് കാവിച്ചക്കാടൻ വീട്ടിൽവച്ചും റവ. ഫാദർ ജോസഫ് പുതുവ പള്ളിയിൽവച്ചും ചരമപ്രസംഗങ്ങൾ നടത്തി. ഒരു തികഞ്ഞ സൽസ്വഭാവിയായിരുന്ന ഈ യുവതി നെടുങ്ങാട്ടെ പൗരതനായ അഡ്വക്കേററു ശ്രീ എൻ. എ. വക്കി ബി. എ. ബി. എൽ. അവർകളുടെ പുത്രിയാണു്. ഈ യുവതിയുടെ വേർപാടുമൂലം ദുഃഖിതരായ ബന്ധുമിത്രാദികളോടു അനുശോചിച്ചുകൊള്ളുന്നു.

R. I. P.

## കേരളവാർത്തകൾ

തൃശ്ശൂർ സിവിൽലൈൻസിൽ ഗവമ്മെൻറുജീവനക്കാരുടെ ക്വാർട്ടേഴ്സ് പണികഴിപ്പിക്കാൻ 782000 ക. യുടെ എസ്റ്റിമേററു് ഗവമ്മെൻറു് അനുവദിച്ചിരിക്കുന്നു.

—ഏഴു പാർലമെൻറുമെമ്പറന്മാരടങ്ങിയ ഒരു നോർവീജിയൻ സൗമനസ്യദൗത്യസംഘം കഴിഞ്ഞ ആഴ്ച ഇവിടം സന്ദർശിച്ചിരിക്കുന്നു.

—പുതിയ കേരളഹൈക്കോടതി നവമ്പർ 5-ാംനു- മുതൽ പ്രവർത്തനമാരംഭിച്ചിരിക്കുന്നു.

—കേരളത്തിലെ പബ്ളിക്കു് സർവ്വീസിൽ 55 ഐ. എ. എസുകാരും 26 ഐ. പി. എസുകാരുമാണു് കേന്ദ്രഗവമ്മെൻറു് പരമാവധി അനുവദിച്ചിരിക്കുന്നതു്.

—മാതൃഭൂമി പത്രാധിപർ മി. കെ. പി. കേശവമേനോനെ സാഹിത്യഅക്കാഡമിയുടെ ഒരു വൈസ്പ്രസിഡൻറായി നോമിനേററുചെയ്തിരിക്കുന്നു.

—മി. ജി. ഭാസ്കരൻനായരെ 7 മാസത്തെ പരിശീലനത്തിനു മദ്രാസിലേക്കയച്ചു ഒഴിവിൽ മി. വി. വി. ജോസഫിനെ ഗവർണ്ണറുടെ സിക്രട്ടറിയായും, മി. ജോർജ്ജു് തോമസിനെ ഗവമ്മെൻറുസിക്രട്ടറിയായും, മി. ബി. ആർ. കൃഷ്ണമൂർത്തിയെ കോട്ടയം കലക്ടറായും നിയമിച്ചിരിക്കുന്നു.

—ആധുനികരീതിയിലുള്ള ഒരു ആശുപത്രി കൊച്ചിയിലെ നാവികസങ്കേതത്തിൽ സ്ഥാപിക്കുന്നതാണെന്നു നാവികസൈന്യാധിപൻ ന്യൂഡൽഹിയിൽ കൂടിയ നേവൽമെഡിക്കൽ ആഫീസറന്മാരുടെ ഒരു യോഗത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

—പുതുതായി രൂപവത്കൃതമായിരിക്കുന്ന ചെങ്ങന്നൂർ, കുട്ടനാടു് ഈ താലൂക്കുകളുടെ ഉൽഘാടനം ആക്ടിംഗ്ഗവർണ്ണർ മി. പി. എസ്. റാവു നിർവ്വഹിച്ചിരിക്കുന്നു.

—ഫോറസ്റ്റു് കൺസർവേററർ മി എസ്. വെങ്കിടേശ്വരൻ, പുനലൂർ ഡി. എഫ്. ഒ. മി. കെ. നാരായണമൂർത്തി, തിരുവനന്തപുരം റേഞ്ചർ മി. എ. ജസ്റ്റസ് എന്നിവരെ സസ്പെൻഡുചെയ്യുകയും അവരുടെ പേരിലുള്ള ആരോപണങ്ങളെപ്പററി പരസ്യാന്വേഷണം നടത്തുവാൻ ജസ്റ്റിസ് മി. കുമാരപിള്ളയെ ചുമതലപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

—തെങ്ങുരോഗനിവാരണാർത്ഥമുള്ള മരുന്നുതളിയുടെ ഔപചാരികോൽഘാടനം ഇന്നലെ കായങ്കുളത്തുവെച്ചു ആക്ടിംഗ്ഗവർണ്ണർ നിർവ്വഹിച്ചിരിക്കുന്നു.

—ഗവമ്മെൻറിൻെറ ആഭിമുഖ്യത്തിൽ മട്ടാഞ്ചേരിയിൽ സ്ഥാപിക്കുന്ന ഫ്റീസിങ്ങ്പ്ലാൻറിൻേറയും കോൾഡ് സ്റ്റോറേജിൻേറയും ശിലാസ്ഥാപനകർമ്മം ആക്ടിംഗ് ഗവർണ്ണർ നിർവ്വഹിച്ചിരിക്കുന്നു.

—o—

## സൂയസ് സമരം

കഴിഞ്ഞആഴ്ച ആംഗ്ലോ-ഫ്റഞ്ച്സൈന്യം ഈജിപ്തിലിറങ്ങുകയും, പോർട്ട്സെയിദ്ദ് കീഴടക്കുകയുംചെയ്തു. ആക്രമണത്തെ ചെറുക്കുവാനും മദ്ധ്യപൂർവ്വദേശത്തു സമാധാനം പുനസ്ഥാപിക്കുവാനും തങ്ങൾ ഉറച്ചിരിക്കുന്നുവെന്നു റഷ്യ ബ്രിട്ടനും ഫ്റാൻസിനും താക്കീതു നൽകി. സോവ്യററ്സേനയെ മദ്ധ്യപ്രദേശത്തു പ്രവേശിപ്പിക്കുവാനുള്ള ഏതു സംരംഭത്തേയും തങ്ങൾ എതിർക്കുമെന്നു അമേരിക്ക പ്രഖ്യാപിച്ചു. കെയ്റോ മറെറാരു സ്റ്റാലിൻഗ്രാഡായാലും അങ്ങേ അററംവരെ സമരം ചെയ്യുന്നതാണെന്നു ഈജിപ്ഷൻപ്രസിഡണ്ടു് പ്രഖ്യാപിച്ചു.

ഐക്യരാഷ്ട്രജനറൽ അസംബ്ളിയുടെ ആഹ്വാനമനുസരിച്ചു് ഈജിപ്തും ഇസ്രായേലും ആംഗ്ലോ-ഫ്റഞ്ച്സേനകളും വെടിനിർത്തി. പക്ഷെ അപ്പോഴേക്കു് ഇസ്രായേൽ സീനായ് ഉപദ്വീപു മുഴുവനും ആംഗ്ലോ-ഫ്റഞ്ച്സേനകൾ സൂയസ്മേഖല സിംഹഭാഗവും കൈവശപ്പെടുത്തിയിരുന്നു. ഈജിപ്തിൽനിന്നു വിദേശസൈന്യങ്ങളെ ഉടൻ പിൻവലിക്കണമെന്ന ഏഷ്യൻആഫ്റിക്കൻപ്രമേയം ജനറൽ അസംബ്ളി പാസാക്കി. ഒരു അന്താരാഷ്ട്രീയ പോലീസുസേന രൂപവത്കരിക്കുന്നതിനും നിശ്ചയിച്ചു.



(1-ാംപേജ് തുടർച്ച)

ടൻ തുടന്നുണ്ടായതല്ല. എല്ലായ്പോഴും ധ്യാനനിമഗ്നയായികഴിയുന്ന മറിയം അത്യാവശ്യത്തിനുമാത്രം അതും ഏറ്റവും മിതമായി ചുരുങ്ങിയ വാക്കുകളിലേ സംസാരിച്ചിരുന്നുള്ളു. ത്രിത്വത്തിന്റെ പ്രതിനിധിയാണു സമീപം നില്ക്കുന്നതെന്നും അവൾക്കറിയാം. ഗബ്രിയേൽ മറിയത്തേയും മനസ്സിലാക്കിക്കൊണ്ടാണു വന്നിരിക്കുന്നതു്. താൻ ദൈവത്തിന്റെ സ്ഥാനപതിയെങ്കിൽ, മാലാഖാമാരിൽ പ്രധാനിയെങ്കിൽ, മറിയമോ ആ ദൈവത്തിന്റെ മാതാവു്, തന്റേയും ഇതരമാലാഖാമാരുടേയും മഹാരാജ്ഞി. ഈ അന്തരം തീർച്ചയായും ചെറുതല്ല. ഇതനുസരിച്ചു് സുവിശേഷം വായിക്കുമ്പോൾ നമുക്കു തോന്നുന്നതിൽ കൂടുതൽ സമയം ഇവർ രണ്ടുപേരും എടുത്തിരിക്കണം.

മാത്രമല്ല, ഇവർ അന്യോന്യം ചോദിച്ചതും പറഞ്ഞതും മുഴുവൻ സുവിശേഷത്തിലുണ്ടെന്നും കരുതേണ്ടാ മറിയം പറഞ്ഞിരിക്കാം ഗബ്രിയേലിനു ആൾമാറാട്ടം വന്നുവെന്നു്. ദൈവത്തിന്റെ മാതാവാകുവാൻ അർഹതയുള്ള ആ യുവതിയുടെ പക്കൽ ചെന്നു അവളുടെ സമ്മതം വാങ്ങുക. അവൾക്കു മാത്രമേ ഈ സ്തുതിവചനങ്ങൾ ചേരുകയുള്ളു. ഇതിനൊന്നും ഞാനാളല്ല, എനിക്കു യോഗ്യതയുമില്ല. തനിക്കു തെററുപററിയില്ലെന്നു കാണിപ്പാനായിരിക്കാം ഏലീശായുടെ കാര്യം പറഞ്ഞതു്. അവർ ചാർച്ചക്കാരികളായിരുന്നതിനാൽ അന്യോന്യം അറിയുമായിരുന്നു. എങ്ങനെയും, സംഭാഷണം തീന്നു. മറിയം ധ്യാനിക്കയാണു്. സമ്മതം കേൾക്കാൻ ഗബ്രിയേൽ സമയംപാത്തു നില്ക്കുന്നു. ഗബ്രിയേൽ മാത്രമോ? ആകാശവും ഭൂമിയും നിശ്ചലമായി ചെവിവട്ടം പിടിച്ചിരിക്കയാണു്. മനസ്സിന്റെ കലക്കമെല്ലാം നീങ്ങിയെങ്കിലും മറിയം മിണ്ടുന്നില്ല. ഗാഢചിന്തയിൽ മുഴുകിയിരിക്കുന്നു. ഓ! മറിയമേ! പാപഭാരത്താൽ ഞെരുങ്ങുന്ന ദൗർഭാഗ്യരെങ്കിലും നിന്റെ പ്രിയപ്പെട്ട മക്കളുടെ ദീനരോദനം ആ മാതൃഹൃദയത്തെ അലിയിക്കുന്നില്ലയോ?

"എന്തുകൊണ്ടു് ഇനിയും താമസിക്കുന്നു." വിശുദ്ധ ബെർനാർഡു് ചോദിക്കയാണു് "മറുപടി കിട്ടാൻ മാലാഖാ നോക്കിനില്ക്കുന്നതു കണ്ടില്ലേ? നാശത്തിന്റെ വിധി തീർപ്പു്, ഓ നാഥേ, ഞങ്ങളേയും നിർബന്ധിക്കുന്നതുകൊണ്ടു അതു ഞങ്ങളും പ്രതീക്ഷിക്കുന്നു. ഞങ്ങളുടെ രക്ഷയുടെ വില നിനക്കു നൽകുന്നു. നീ സമ്മതിക്കുന്നെങ്കിൽ ഞങ്ങൾ രക്ഷപ്പെട്ടു. അമ്മേ! ഞങ്ങളുടെ രക്ഷയുടെ വില നിന്നിൽ ഉത്ഭവിക്കുന്ന ദൈവവചനംതന്നെയാണു്. അവനെ നിന്റെ പുത്രനായി നീ സ്വീകരിക്കുന്നുവെങ്കിൽ മരണത്തിൽനിന്നും ഞങ്ങൾ വിമുക്തരായി. ലോകത്തിന്റെ ഉദ്ധാരണം നിന്റെ സമ്മതത്തെ ആശ്രയിച്ചിരിക്കുന്നു. കർത്താവിന്റെ ആഗ്രഹം അതാണു്. "ഓ, പരിശുദ്ധ കന്യകയേ, മറുപടി പറയുക," വിശുദ്ധ ആഗസ്തീനോസ് പറയുന്നു: "നീ എന്തുകൊണ്ടു് ലോകത്തിന്റെ ജീവനെ വച്ചുതാമസിപ്പിക്കുന്നു." വിശുദ്ധ ലിഗോരി ഇപ്രകാരമാണു് പ്രാർത്ഥിക്കുന്നതു്: "വേഗമാകട്ടെ, അല്ലയോ നാഥേ, ഉത്തരം കൊടുക്കുക, മനുഷ്യകുലത്തിന്റെ സമുദ്ധാരണം ഇനിയൊട്ടും താമസിപ്പിക്കരുതേ. അതു നിന്റെ സമ്മതംമൂലമല്ലേ അടങ്ങിയിരിക്കുന്നതു്" മറിയം മെല്ലെ കണ്ണുകളെ ഉയർത്തി. സ്വർഗ്ഗവും ലോകവും ദൃശ്യാദൃശ്യങ്ങൾ സമസ്തവും നിശ്ചലം, നിശ്ശബ്ദം. ഫിയാ-ത്തു്-"അങ്ങനെയാകട്ടെ." ആകമാനം മധുരകുളമ്മ വ്യാപിച്ചുകഴിഞ്ഞു. ആ "ഫിയാത്തു" മാത്രമാണു വേണ്ടിയിരുന്നതും. പക്ഷേ മറിയത്തിന്റെ വിനയാതിരേകം എന്നിട്ടും ഇവിടെ വെളിപ്പെടുന്നു. നന്മനിറഞ്ഞവളാണു്, കർത്താവു കൂടെയുണ്ടു്, സ്ത്രീകളിൽ അനുഗൃഹീതയാണു്, ദൈവത്തിന്റെ മാതാവാണു്, എന്നു ത്രിത്വത്തിന്റെ സ്ഥാനപതി പ്രഖ്യാപിക്കുമ്പോൾ താൻ കർത്താവിന്റെ "ദാസി" മാത്രമാണെന്നു സ്വയം വീണ്ടും താഴ്ത്തിക്കൊണ്ടാണു മനസ്സമ്മതം നൽകുന്നതു്. സ്രഷ്ടാവായ ദൈവത്തിന്റെ "ഫിയാത്തു"മൂലം ആകാശവും ഭൂമിയും പ്രകാശവും ഇടവിതാനവും മററു സകലതും ശൂന്യതയിൽനിന്നും ഉൽഭൂതമായി; വേണ്ടവിധം തമ്മിൽ വേർതിരിഞ്ഞു (സൃഷ്ടി ഒന്നാം അദ്ധ്യായം)


ചന്ദ്രിക REGD. ഔഷധസോപ്പ്
ചുണങ്ങു്, താരൻ, മുഖക്കുരു മുതലായവയ്ക്കു്
S.V.PRODUCTS, IRINJALAKUDA


എന്നാൽ മറിയത്തിന്റെ ഫിയാത്തുകൊണ്ടു് അതേനിമിഷത്തിൽ, നടന്നതു എന്താണു്? വചനം മാംസമായി—ദൈവം മനുഷ്യനായി! അതായതു്


ആദ്യന്തവിഹീനനായ്-
സ്വയംഭൂവായി നിത്യ-
സ്ഥിതനായ്, സർവ്വശക്തി-
കേന്ദ്രമായരൂപിയായ്
ആദികാരണനായി, കരുണ
ക്കടലായി,
സംശുദ്ധിതന്നെയായി, സർവ്വ
ഥാ സമ്പൂർണ്ണനായ്
ഏകനായ് ലോകസ്രഷ്ടാവായി,
നിഷ്കാമനായി
പ്രപഞ്ചം പാലിക്കുന്നോരുടമ
യായി. ബോധ-
ജ്ഞാനിയായ്, കഴിഞ്ഞതും
നിൽപതും വരുന്നതും
സ്പഷ്ടമായ്ക്കാണും നിഖിലേശ
നായ് നീതിജ്ഞനായ്
അക്ഷയനഭേദ്യനായ്, ത്രി
തൈകസമൂർത്തിയായ്
സൃഷ്ടങ്ങളെല്ലാ മുടയാടയായ്ച്ചു
മയുന്ന
സർവ്വാന്തര്യാമിയായി, ലോക
ജീവനായ്നന്മ
തന്നെയായ് സത്യം വിധി
ച്ചീടുവാനുള്ളോനായി


"നിരാമയനായി, നിഖിലേശ്വരനായി, നിരഞ്ജനനായി, നിരുപാധികനായി, നിരാദികനായി, നിരുപപ്ലവനായി, നിരന്തകനായി; പുൽക്കൊടിത്തുമ്പുകളിൽ തുഷാരകണികകളെ നിരത്തുന്നവനും സന്ധ്യാകാശത്തിനു വർണ്ണപ്പകിട്ടുനൽകുന്നവനും പ്രപഞ്ചഗോളങ്ങളെ കളിക്കോപ്പുകളാക്കി ചലിപ്പിച്ചുകൊണ്ടിരിക്കുന്നവനും ആയി, ജഗദുദയവിനാശകാരണനായി, ജനപരിപാലനശീലനായി, അജതമലനനന്തനായി, സഗുണനഗുണനേകനായി, സകല ചരാചരജീവനായി" എന്നും "ഉള്ളവ"നായിരിക്കുന്നവൻ മറിയത്തിന്റെ ഉദരച്ചെപ്പിൽ ചുരുങ്ങി മനുഷ്യകുമിരൂപത്തിൽ ഉത്ഭവിച്ചു. അത്ഭുതങ്ങളിൽ അത്ഭുതം!!

തന്മൂലമാണല്ലോ വിശുദ്ധ തോമസ് വില്ലനോവാ പറയുന്നതു്:- "ഓ, മറിയത്തിന്റെ ഫിയാത്തു് —സുശക്തമായ ഫിയാത്തു്—ഫലപ്രദമായ ഫിയാത്തു്— എല്ലാ ഫിയാത്തിനെക്കാളും ബഹുമാന്യമായ ഫിയാത്തു്."

മറിയം വാഴ്ത്തപ്പെടട്ടെ!

—o—





1. കന്യാകുമാരിയിൽ നിർമ്മിതമായിരിക്കുന്ന ഗാന്ധിസ്മാരകം. 2. ഗാന്ധിസ്മാരകത്തിന്റെ മുൻവശം എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയും, റവ. ഫാദർ തോമസ് വെളുത്തേടത്തും.





1. കന്യാകുമാരിയിലെ കത്തോലിക്കാ ദേവാലയം. 2. എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സ് [illegible] ആശ്രമത്തിൽ.

# ചെറുകഥ

## ഒന്നു് ന്യൂനം ഒന്നു്=?
## ഒന്നു് അധികം ഒന്നു്=?

(ചാരുംമൂടു്)

താമസിച്ചുറങ്ങുക. പുലർന്നിട്ടെഴുന്നേല്ക്കുക. അത്ര ശരിയല്ലെന്നു പറയുന്നു. എങ്കിലും പതിവായിപ്പോയി. അന്നും അല്പം പുലർന്നിട്ടു മാത്രമേ എണീക്കാൻ കഴിഞ്ഞുള്ളു. നാലഞ്ചുനാഴിക. ബാലഭാസ്കരനുപരി മഞ്ഞളിച്ച ചന്ദ്രൻ. ഒരുകപ്പു കട്ടൻ കിട്ടിയതു കാര്യമായി. ഒരു പുകവലികൂടിയായപ്പോൾ ഒരുഷാറൊക്കെയായി. അപ്പോഴതാ കട്ടസരയുടെ പിറകിലൊരു നേരിയസ്വരം: "അപ്പച്ചാ, അപ്പച്ചാ!"

തിരിഞ്ഞു് "ങ്ഉം?"

മറുപടി, "ഇന്നു പത്താംതീയതിയാ."

കാലിൽ ഒരു മുള്ളുതറച്ചതുപോലെ. എന്താ ചെയ്ക! ഫീസു കൊടുക്കേണ്ട ദിവസം! ഇന്നു കൊടുത്തില്ലെങ്കിൽ 8 ണ. ഫൈൻ. 6 ക. ഇല്ല. അതുകൊണ്ടു് ആറര കൊടുക്കണം. നിവൃത്തികേടുകൊണ്ടു് 8 ണ കുറഞ്ഞുകിട്ടേണ്ടതിനു പകരം, 8 ണ കൂട്ടികൊടുക്കുക! അങ്ങനെ എന്തെല്ലാമോ ചിന്തിച്ചു "ഇപ്രാവശ്യംകൂടി ഫൈൻ കൊടുക്കാം മകളെ—നീ സ്കൂളിൽ പൊയ്ക്കൊള്ളു" എന്നു പറഞ്ഞശേഷം വീണ്ടും എന്തൊക്കെയോ ചിന്തിച്ചുകൊണ്ടു്, ആ തുണിക്കസേരയിൽ അങ്ങനെ കിടന്നു. അല്പം കഴിഞ്ഞു് തലപൊക്കിനോക്കിയപ്പോൾ, ചാത്തപ്പന്റെ മകൾ. ഒരു തുണ്ടു കടലാസും നീട്ടിക്കൊണ്ടു്. ശല്യമേ! ഞാൻ ചിന്തിച്ചു. പതിവുപോലെ കടം ചോദിച്ചുകൊണ്ടുള്ള ഒരു അപേക്ഷയായിരിക്കും. ഞാനാക്കടലാസു വാങ്ങിച്ചു. അവൾ ഒരക്ഷരം പറയാതെ ഓടിപ്പോയി. ചാത്തപ്പന്റെ മൂത്ത മകൾ. കുറിപ്പിൽ ഇങ്ങനെ എഴുതിയിരുന്നു: "അദ്ദേഹത്തിന്റെ ഭാര്യയും മക്കളും ഒരു വേലക്കാരിയും വന്നിട്ടുണ്ടു്. ഇന്നുതന്നെ മാറിക്കൊടുക്കണമെന്നു നിർബന്ധിക്കുന്നു. കഴിയുന്നതും നേരത്തെ ഒന്നിങ്ങോട്ടു വന്നെങ്കിൽ......"

പന്ത്രണ്ടുവയസ്സുമുതൽ ഒരു വയസ്സുവരെയുള്ള അഞ്ചു പെൺകുഞ്ഞുങ്ങൾ. മാതാവും പിതാവും. ഏഴംഗങ്ങൾ. എവിടെപ്പോകും? എവിടൊന്നു തലചായ്ക്കും? ആരതിനിടംകൊടുക്കും? ഒരു കുടിലുകെട്ടിക്കൊള്ളാനാരനുവദിക്കും? എനിക്കൊരു തലവേദന. തലച്ചോറിൽ മിന്നാമിനുങ്ങുകൾ പറക്കുകയായി. ഇന്നെന്തായാലും വീട്ടുമാറിക്കൊടുത്തേ പററൂ. അദ്ദേഹം പെൻഷനാകുന്നു. പ്രാരംഭമായി അവധിയിൽ പ്രവേശിച്ചിരിക്കുകയാണു്. ഭാര്യയും മക്കളും വന്നിരിക്കുന്നു. ഇരുകൂട്ടരുംകൂടവിടെ കഴിയുക. അതുണ്ടാവുകയില്ല. വസ്തു ശരിക്കന്വേഷിച്ചില്ലെന്നുള്ള ചൊരുക്കുകൂടിയിരിക്കുമ്പോൾ ഒരു സാവകാശതയും ലഭിക്കില്ല. പാട്ടക്കുടിശിഖ അങ്ങനേയും. കാലണയ്ക്കു കഴിവില്ലാത്തവനെങ്ങനെ കുടിശിഖതീർക്കും? എവിടെ മാറിപ്പാർക്കും? എന്താണൊരു നിവൃത്തി?

മൂന്നുവർഷത്തെ പാട്ടം. പാട്ടം ഏല്ക്കുമ്പോൾ അഞ്ഞൂറുരൂപ കൈവശമുണ്ടായിരുന്നതാണു്. അന്നു് ആ കാശുകൊണ്ടു് എവിടെയെങ്കിലും അല്പം വസ്തു വാങ്ങിക്കയും ഒരു മാടം ഒടിച്ചുകെട്ടുകയും ചെയ്യാമായിരുന്നു. അതു സംഭവിച്ചില്ല. ഒരു നല്ല പറമ്പും വീടുമാണുണ്ടായിരുന്നതു്. ഏതാണ്ടു പത്തുകൊല്ലത്തെ ഭരണം. കടവും കടത്തിന്റെ പുറത്തു കടവും. വസ്തു വില്ക്കാതെ ഗത്യന്തരമില്ലാതായി. പിന്നെ പാട്ടപ്പുരയിടവും അവിടത്തെ താമസവും. ഇപ്പോഴിതാ അവിടെ നിന്നും ഇറങ്ങണം. "ഒററാലിൽ കിടന്നതുമില്ല, കിഴക്കുനിന്നു വന്നതുമില്ല."

മാണിപറമ്പിൽ മാത്തച്ചന്റെ ഏകപുത്രനാണു ചാത്തപ്പൻ. ഒററപ്പൈ കടമുണ്ടാകാതെ ഏതാണ്ടൊക്കെ ഉണ്ടാക്കിയ ആളാണു മാത്തച്ചൻ. മാത്തച്ചന്റെ മരണത്തോടുകൂടി മകൻ സ്വതന്ത്രനായി. ഒരു തൊഴിലും ഇല്ലാത്ത ജീവിതം. വസ്തുക്കളിലെ ആദായം ചാത്തപ്പന്റെ ജീവിതാവശ്യങ്ങൾക്കു പോരാതെയും. സ്വന്ത വസ്തുക്കളിലെ പണികൾക്കുതന്നെയും കൂലിപ്പണിക്കാരെ ആശ്രയിക്കാതെ തരമില്ല. കൈകൊണ്ടു വേല ചെയ്യുക പരിചയിച്ചിട്ടില്ല. ദേഹാദ്ധ്വാനം വേണ്ട പണികൾ. അതല്പം പ്രയാസമുള്ള കാര്യങ്ങളാണു്. പിന്നെന്താ ചെയ്ക! കുറേ പണം മുടക്കി ഒരു തൊഴിലിലേർപ്പെടുക. അതിനു പണം? പണം ഇല്ല. പണം എങ്ങനെയാണുണ്ടാവുക? വസ്തു പണയപ്പെടുത്തുകയോ വില്ക്കുകയോ ചെയ്യണം. ആദായമുള്ള വസ്തു—പൊന്മുട്ടയിടുന്ന താറാവു് —അതിനെ കീറുകതന്നെ ചെയ്യണം. മററു മാർഗ്ഗം കണ്ടില്ല. വസ്തു പണയപ്പെടുത്തി.

ചമ്പക്കുച്ചുവടക്കാരനായിരുന്ന പോംതാച്ചന്റെ ഏകനാണു ചാക്കു

ണ്ണി. പോത്തൻമൂപ്പിൽ കുറച്ചൊക്കെ കാശുണ്ടാക്കിയശേഷമാണു മരിച്ചതു്. പണമെന്നു പറഞ്ഞാൽ മൂപ്പിലാക്കു ദൈവമായിരുന്നു. മരണശയ്യയിൽക്കിടന്നു അപ്പാവം കാണിച്ച പരിഭ്രമം. കൈകൾ രണ്ടും കിടക്കയിൽ ഇഴച്ചുതപ്പുകയാണു്. മരണവെപ്രാളം. എല്ലാവരും പരിഭ്രമിച്ചു നോക്കിനില്ക്കുകയാണു്. ആർക്കും ഒരു എത്തും പിടിയും കിട്ടിയില്ല. കണ്ണുകൾ മിഴിച്ചു. ആരോ വിളിച്ചുപറഞ്ഞു: "മൂപ്പിൽ വച്ചിരുന്ന മടിശ്ശീലയോ മറ്റോ ആരെങ്കിലും മാറ്റിയിട്ടുണ്ടെങ്കിൽ എടുത്തു കൈയിൽ കൊടുക്കി"നെന്നു്. ചാക്കുണ്ണി ഒരു മടിശ്ശീല അപ്പന്റെ കൈയിൽ കൊടുത്തു. രണ്ടു കൈകൊണ്ടും മടിശ്ശീല മുറുക്കിപ്പിടിച്ചുകൊണ്ടാണു് മൂപ്പിൽ കടന്നുപോയതു്. ആ മൂപ്പിലേടെ മകനാണു ചാക്കുണ്ണി. ആർക്കു വേണമെങ്കിലും പത്തോ നൂറോ കടംകൊടുക്കാൻ വിഷമമൊന്നുമില്ല. അതിനു ചില മൂന്നാമന്മാരുമുണ്ടു്. പക്ഷേ ആളിനെ ഒന്നു പ്രസാദിപ്പിക്കണം. ഒരു ചെറിയ പാർട്ടി. പാർട്ടിയിൽ സഹകരിക്കുവാനൊക്കുന്ന മഹാഭാഗ്യം കൂടാതെ അല്ലറ ചില്ലറ കൈമടക്കും അധമണ്ണരിൽനിന്നു കിട്ടുന്നതാണു് മൂന്നാമക്കുള്ള പ്രതിഫലം.

ചാക്കുണ്ണിയെ കഴിയുന്നതും വൈകുന്നപാടൊന്നു കാണുക. ഒരു മഞ്ഞളിച്ച ചിരിയോടുകൂടി. അപ്പോഴേ ചാക്കുണ്ണിക്കു മനസ്സിലാകും, ഒരു മത്സ്യം ചൂണ്ടലിൽ കൊത്തിയെന്നു്. ചാക്കുണ്ണി ഒരു ചെറിയ പുഞ്ചിരി പൊഴിക്കും. "പിന്നെന്താ, എല്ലാവർക്കും സുഖമാണോ?" കുശലമന്വേഷിക്കും.

തലചൊറിയുന്നതിനിടയിൽ അപേക്ഷകൻ പറയും, "ഓ, ഒക്കെയങ്ങു കഴിഞ്ഞുകൂടുന്നു."

"ആകപ്പാടെ ഒരു വിഷമംപോലൊക്കെ?"

"ഒന്നുമില്ലേ, എന്നാലും ഒന്നു കാണാമെന്നു്..."

"കാശിന്റെ കാര്യത്തിലാണെങ്കിൽ ഞാൻ നന്നാ പരുങ്ങലിലാണു്. (ഘനപ്പെട്ടും) ഒരുത്തരും വാങ്ങിച്ചാ നേരെചൊവ്വെയൊന്നും തരില്ല. എന്തു ചെയ്യാനാ, അവർ്ടേം കുറ്റമല്ല. കൈയിലൊണ്ടാകണ്ടേ? കാശിനെന്തുവാ മാർഗ്ഗം? പിന്നെ ചെലരൊണ്ടു്; അവർക്കു വാങ്ങിക്കണമെന്നേ വിചാരമൊള്ളു."

ഇത്രയുമാകുമ്പോഴേ മൂന്നാമനിടയിൽ കടന്നോളും. "തട്ടത്തൊന്നും പറയരുതേ. എങ്ങനേം നൂറുരൂപാ കൊടുക്കണം. വേണ്ടവണ്ണമൊക്കെ നമുക്കങ്ങു ചെയ്യാം."

ചാക്കുണ്ണി വിടുകയില്ല. "വേണ്ടപ്പെട്ടവരൊക്കെ ഇങ്ങനെ വെഷമിപ്പിക്കാൻതൊടങ്ങിയാലെങ്ങനെ!"

സന്ധ്യമയക്കമാകുവോളം ഈ അനുനയഭാഷണം നീളും. പിന്നെ പാർട്ടിക്കു പാടിയിലേക്കുള്ള പോക്കായി. അന്നത്തെ ചെലവുകളെല്ലാം വഹിക്കണം. ഒന്നുകൂടി വേണ്ടിവന്നുവെന്നും വരാം. ചില ദേവതകളങ്ങനാണല്ലോ പ്രസാദിക്കുക. പണയാധാരം എഴുതി രജിസ്റ്റാക്കി കൊണ്ടുചെന്നു കൊടുത്താൽ നൂറിനു തൊണ്ണൂറഞ്ചു കണക്കാക്കും. ഒരാണ്ടത്തെ പലിശയും എടുത്തിട്ടേ കൊടുക്കൂ. പിന്നെ കണ്ടുമുട്ടുമ്പോഴും ഗഡുക്കളിലും പാർട്ടി സൽക്കാരം ആവർത്തിക്കേണ്ടതുണ്ടു്.

നമ്മുടെ ചാത്തപ്പനേയും പണംകൊണ്ടു സഹായിച്ചതു് ചാക്കുണ്ണിയച്ചനായിരുന്നു. മൂപ്പർക്കാരുടേയും വസ്തുക്കൾ വേണമെന്നു നിർബന്ധമില്ല. പണവും പലിശയും കിട്ടണം. പിന്നെ കൂടെക്കൂടെ പാർട്ടിക്കു ക്ഷണിച്ചേക്കണം. അവധി നീട്ടിക്കിട്ടുന്നതിനു് അതു കൂടാതെ കഴിവില്ല. ചാത്തപ്പൻ കുറച്ചു പണം വാങ്ങിച്ചു. എന്തെങ്കിലും ഒരു തൊഴിലിലേർപ്പെട്ടു് ജീവിച്ചു നന്നാകാൻ. കുറേ പണം! മെയ്നോവാത്ത പണം!! കടലാസിൽ ഒരൊപ്പിട്ടപ്പോൾ കിട്ടിയ പണം!! പണം ചെലവാകാനാണോ പണി! വളരെ കുറഞ്ഞൊരു കാലം. ചില്ലറത്തൊഴിലുകൾ. കൊച്ചുകൊച്ചു കച്ചവടം. പണം ഉണ്ടായിരുന്നാൽ വളന്നു വർദ്ധിക്കുന്ന വീട്ടാവശ്യങ്ങൾ. നാലുപേരെക്കാൾ ജീവിക്കേണ്ടതായ പുരോഗമനആശയഗതി. തന്നെ ബഹുമാനമില്ലാത്തവരെ ഉപേക്ഷിച്ചുപൊയ്ക്കളയുകയാണല്ലോ ധനത്തിന്റെ സ്വഭാവം. ഒരു പണയമെഴുത്തു്! ഒന്നും നടന്നില്ല. ഒരു സുമാറുമില്ല. ആ പണം എങ്ങനെ പോയോ, ആവോ! ചാക്കുണ്ണിയച്ചനെ മൂന്നാമൻസഹിതം ഒന്നുകൂടെ. എന്തിനു്, ഒന്നൊന്നായി പല പണമിടപാടുകൾ. വലയം സൃഷ്ടിക്കുക. വലയങ്ങൾ. വലയത്തിനു വലയങ്ങൾ. വേലിക്കെട്ടുകൾ. വെട്ടിമാറ്റാനാവാത്ത വേലിക്കെട്ടുകൾ. രക്ഷപെടുവാനുള്ള പരിശ്രമങ്ങളെല്ലാം അരക്ഷിതാവസ്ഥയെ വർദ്ധിപ്പിച്ചു.

കടം! ആളിക്കത്തുന്ന അഗ്നിപോലെ അതു വർദ്ധിക്കയായി. കാറ്റും വെയിലും മഞ്ഞും മഴയുമേറ്റ ഇരുമ്പുകഷണംപോലെ തന്റെ നില ഏതുമില്ലാതായി. ചാത്തപ്പനമ്പരന്നു. വെറും വെറും ഒരു ചെറുപ്പക്കാരൻ. 30 തികഞ്ഞിട്ടില്ലാത്ത പയ്യൻ. ഒരു വലിയ കടത്തിന്റെ ഉടമസ്ഥൻ. കടം ഉണ്ടായിരുന്നതല്ല. ഒരു പെണ്ണിനെ കെട്ടിച്ചുണ്ടായതല്ല. ഒരു രോഗമോ, ഒരു കേസോമൂലം വന്നുഭവിച്ചതുമല്ല. വരുത്തിവെച്ചു. കൊടുത്തുതീർക്കാനുള്ള മാർഗ്ഗം? "മൂക്കിനു മീതെ വെള്ളംവന്നാൽ അതുക്കുമീതേ തോണി." ആർക്കെങ്കിലും വസ്തു വിറ്റു് കടംവീട്ടണം. ബാക്കിയുണ്ടെങ്കിൽ ഒരു ചെറിയ പറമ്പു വാങ്ങിച്ചു് ഒരു കൊച്ചുവീടുണ്ടാക്കി എങ്ങനെയെങ്കിലും കഴിയണം. മറ്റുപായങ്ങളൊന്നുമുണ്ടായിരുന്നില്ല. ചാക്കുണ്ണിയെ സമാധാനപ്പെടുത്താൻ "പാർട്ടി"ക്കു മാർഗ്ഗമില്ല. ഇനി അപ്പണി പറ്റുന്ന മട്ടുമല്ല. അയാൾ കടുവായെപ്പോലെ പെരുമാറ്റമായി. വസ്തു വില്ക്കാനുള്ള ആലോചനയായി. പക്ഷെ കടംകൊണ്ടു വലഞ്ഞവന്റെ വസ്തുവിനു വിലക്കുറവാണു്. ചാത്തപ്പന്റെ പിതൃസഹോദരപുത്രൻ എത്തപ്പാച്ചൻ വസ്തു വിലയ്ക്കെടുത്തു. പലരും പറഞ്ഞതിൽ അഞ്ചൂറുരൂപാ കൂടുതൽകൊടുത്തു. ചാത്തപ്പൻ അതു പ്രതീക്ഷിച്ചതല്ല. കടങ്ങളെല്ലാം തീന്നു. എങ്കിലും വീടും പറമ്പും വിറ്റുപോയി. എവിടെയാണിനി താമസം? കടം തീർത്തധികം അഞ്ചൂറുരൂപയുണ്ടു്. ശരി അഞ്ചൂറുരൂപകൊണ്ടെന്താ സാധിക്കുന്നതു്? താമസിച്ചിരുന്ന വീട്ടിലെ ഏതാണ്ടൊക്കെ സൗകര്യങ്ങൾ ലഭിക്കുന്ന ഒരു വീടുകിട്ടിയില്ലെങ്കിൽ പൊടുന്നനെ അതുതന്നെ ഒരു ശ്വാസംമുട്ടലല്ലേ? അങ്ങനെയിരിക്കുമ്പോഴാണു് അല്പം അകലെ ഒരു വീടും പുരയിടവും താമസമില്ലാതെ കാണാനിടയായതു്.

തന്റെ ഉദ്യോഗജീവിതംകൊണ്ടു് ഡോക്ടർ പോൾ സമ്പാദിച്ചതു്. വിദ്യാഭ്യാസംകൊണ്ടു കുടുംബം കുളംതോണ്ടിയ ആളാണു് പോൾ. അദ്ദേഹവും കുടുംബവും ഉദ്യോഗസ്ഥലങ്ങളിലാണു താമസം. അതുകൊണ്ടു് അതു പാട്ടംകൊടുക്കാം. വീടും പറമ്പും സൂക്ഷിക്കണം. പാട്ടത്തുകയും കിട്ടണം. ചാത്തപ്പനു ആ സൗകര്യം പിടിച്ചു. ഡോക്ടർക്കും സൗകര്യമായി. വസ്തു ആദായമുള്ളതു്. വീടു താമസസൗകര്യമുള്ളതു്. കൃഷിക്കും പറ്റിയതു്. മുൻകൂർ പാട്ടംകൊടുക്കാൻ രൂപയുമുണ്ടു്. "അച്ഛനിച്ഛിച്ചതും പാലു്. വൈദ്യൻ വിധിച്ചതും പാലു്." ഉടനെ ഒരു വീടും പറമ്പും ഉണ്ടാക്കാനനുഭവിക്കേണ്ട ബദ്ധപ്പാടൊഴിഞ്ഞു. മനുഷ്യൻ ബദ്ധപ്പാടുകളിൽനിന്നൊഴിയുകയാണു്!! ചട്ടികലങ്ങളുമായി അങ്ങോട്ടു ചെന്നു കയറിയാൽ മതിയല്ലോ. ഓരോ ആണ്ടത്തേയും പാട്ടം മുൻകൂർ. അങ്ങനെ ചാത്തപ്പൻ പാട്ടക്കാരനായി. ഡോക്ടരുടെ നല്ല വീട്ടിൽ താമസിച്ചു. മൂന്നാമത്തെ കൊല്ലമായപ്പോഴേക്കും മുൻകൂർകൊടുക്കാൻ ചാത്തപ്പനു പണമില്ല. വസ്തുവിലെ ആദായംകൊണ്ടു് അന്നന്നത്തേടമൊക്കെ കഴിഞ്ഞുകൂടി. ചാത്തപ്പന്റെ പണത്തിനുള്ള കഴിവും ഡോക്ടർ ഗ്രഹിച്ചു. വസ്തു ഉടനെ ഒഴിഞ്ഞുകൊടുക്കണം. ചാത്തപ്പനു മാറാനിടമില്ല. പഴയ കാലമല്ല. ആരും കേറ്റി താമസിപ്പിക്കയില്ല. ഡോക്ടർക്കൊരു ശങ്ക. കിടപ്പാടമില്ലാത്തവൻ. ഇവൻ ഇറങ്ങിയില്ലെങ്കിലോ? എങ്ങനെയെങ്കിലും അവനെ അവിടെനിന്നിറക്കണം. ഡോക്ടർ കൂടെക്കൂടെ മാറിക്കൊടുക്കാനാവശ്യപ്പെട്ടു. ചാത്തപ്പൻ "പിന്നേം പണ്ടത്തേന്റെ പിന്നത്തെ ചങ്കരനായി!"

ചാത്തപ്പൻ എന്നോടു വന്നാലോചിച്ചു. "എന്താ ചെയ്യുക! ആരോ ഒക്കെ പറയുന്നപോലും മാറണ്ടാ എന്നു്. മാറരുതെന്നു്. അല്ലെങ്കിൽ മൂന്നു നാലേക്കർ വസ്തു ഉള്ള ഡോക്ടർ കുറച്ചു സ്ഥലവും അവിടെ ഒരു വീടും വച്ചുതരട്ടെ, എന്നു്. തന്നില്ലെങ്കിൽ വാങ്ങിക്കാം പോലും! വാങ്ങിച്ചു തരാമെന്നു്."

ആ ആലോചന എനിക്കത്ര നന്നായി തോന്നിയില്ല. അദ്ദേഹം അതിനു കടപ്പെട്ടവനാണോ? അദ്ദേഹത്തിന്റെ ജീവിതകാലം മുഴുവൻകൊണ്ടു നേടിയ വകയാണു് ആ വീടും പറമ്പും. ഒരു ഡോക്ടരുടെ നിലയ്ക്കു് എത്ര വളരെ ആഡംബരങ്ങൾ ഉണ്ടാക്കിയിരുന്നാലും അതധികമായിപ്പോകുന്നതല്ല. അങ്ങനെ ജീവിച്ചിരുന്നെങ്കിൽ ഈ വീടും പറമ്പും സമ്പാദിക്കാൻ അദ്ദേഹത്തിനു കഴിയുമായിരുന്നില്ല. ഒരുത്തൻ, ഒന്നു്, ഒന്നു്, ഒന്നു്, എന്നു് ഓരോന്നു ചേർത്തു വർദ്ധി


## കൊടുങ്ങല്ലൂർ

# മാർതോമാ മഹാമഹം

### നവംബർ 25-ാംനു- ഞായറാഴ്ച, ആഘോഷിക്കുന്നു

കൊടുങ്ങല്ലൂർ മാർ തോമാനഗറിൽ വി. തോമാശ്ലീഹായുടെ തിരുനാൾ ഇക്കൊല്ലം നവംബർ 22-ാംനു- വ്യാഴാഴ്ച ആരംഭിച്ചു് 25-ാംനു- ഞായറാഴ്ച എറണാകുളം മെത്രാപ്പോലീത്താ **മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ** തിരുമേനിയുടെ പൊന്തിഫിക്കൽ പാട്ടുകുർബാന, തിരുശേഷിപ്പു് ചുംബനം, പ്രസംഗം, പ്രദക്ഷിണം മുതലായ വിവിധ പരിപാടികളോടുകൂടി സാഘോഷം നടത്തപ്പെടുന്നതാണു്.

പ്രസുദേന്തി: ചക്കാലക്കൽ കുട്ടംപേരൂർ വക്കി തോമസ്, ചങ്ങനാശ്ശേരി

റെക്ടർ, പൊന്തിഫിക്കൽ ഷ്റൈൻ, കൊടുങ്ങല്ലൂർ


ആദ്ധ്യാത്മികവീഥി

# പീഡിതചൈനായ്ക്കുവേണ്ടിയുള്ള പരിത്യാഗം

ദൈവത്തിന്റെ വത്സലമക്കളേ,

ചൈനായിൽ മതപീഡനം അനുഭവിക്കുന്ന നമ്മുടെ കത്തോലിക്കാ സഹോദരീസഹോദരന്മാർക്കുവേണ്ടി പ്രതിദിനം ഒരു ചെറിയ ജപവും ഒരു പരിത്യാഗവും ദൈവത്തിനു സമർപ്പിച്ചുകൊള്ളാമെന്നുള്ള വ്യവസ്ഥയിന്മേൽ യു. പി. സി. എന്ന ഒരു പ്രാർത്ഥനാസഖ്യത്തിൽ ചേരാമെന്നു് 1956 ആഗസ്റ്റ് 22 ലെ 2-ാം ലക്കം, ഒക്ടോബർ 17 ലെ 10-ാം ലക്കം സത്യദീപത്തിലും ഈ മാസത്തിലെ കർമ്മലകുസുമത്തിലും വേദപ്രചാരമദ്ധ്യസ്ഥനിലും നിങ്ങൾ വായിച്ചിരിക്കുമല്ലോ.

പരിത്യാഗം പ്രാർത്ഥനയുടെ ശക്തി വർദ്ധിപ്പിക്കുമെന്നതുകൊണ്ടാണു് പരിത്യാഗംകൂടി സമർപ്പിക്കണമെന്നു നിഷ്കർഷിച്ചിരിക്കുന്നതു്. എങ്കിലും എന്തു പരിത്യാഗമാണു് ചെയ്യേണ്ടതെന്നു അറിഞ്ഞുകൂടാത്തതിനാൽ ആ ഭാഗം പലരും ഉപേക്ഷിച്ചേന്നുവരാം. അതിനാൽ ആർക്കും നിഷ്പ്രയാസം ചെയ്യാവുന്ന ഏതാനും പരിത്യാഗപ്രവൃത്തികളുടെ ഒരു ലിസ്റ്റു് താഴെചേർക്കുന്നു: ബ: നടയ്ക്കലച്ചന്റെ "എന്റെ മിത്രം" എന്ന പുസ്തകമുള്ളവർ അതു 34-ാം പേജുമുതൽ 39-ാം പേജുവരെ വായിക്കുന്നതു നന്നായിരിക്കും. ആ പുസ്തകത്തിൽ പരിത്യാഗങ്ങളെ നാലുതരമായി വിഭജിച്ചിട്ടുണ്ടു്.

1. ഹിതകരമായതു അല്പമായോ മുഴുവനായോ ഉപേക്ഷിക്കുക.

ഉദാ: സിനിമാകാണാൻ പോകാതിരിക്കുക. പോയാൽതന്നെ നല്ല രസമുള്ള ഭാഗം വരുമ്പോൾ അല്പസമയം കണ്ണടയ്ക്കുക. ആഗ്രഹിച്ചിരുന്നു കിട്ടുന്ന എഴുത്തു കിട്ടിയാലുടനെ പൊട്ടിക്കാതിരിക്കുക. പലഹാരം ഉപേക്ഷിക്കുക.

2. സ്വാഭാവികമായി ഹിതകരമല്ലാത്തതു ചെയ്യുക.

ഉദാ: ഇഷ്ടമില്ലാത്ത ഭക്ഷണം കഴിക്കുക (ആരോഗ്യത്തിനു ഹാനികരമല്ലെങ്കിൽമാത്രം) വേദന അല്പം സഹിച്ചുകൊണ്ടു് മുട്ടിന്മേൽ നില്ക്കുക. വിഷമമുള്ള കാര്യങ്ങൾ അധികാരികൾ കല്പിക്കുമ്പോൾ സന്മനസ്സോടെ ചെയ്യുക.

3. പാപകരമായതു വർജ്ജിക്കുക. (മുൻ രണ്ടു നമ്പറുകളിൽ പറഞ്ഞവയിൽ ചിലതു നിർബന്ധമില്ലാത്തതാണു്. എന്നാൽ ഇതു നിർബന്ധമാണു്)

ഉദാ: ചീത്ത ഗ്രന്ഥപാരായണം, അശുദ്ധ ചിന്ത, സംസാരം, പ്രവൃത്തി മുതലായവ തീരെ വർജ്ജിക്കുക.

4. സമനിലയിലുള്ളവർ അവജ്ഞയോടുകൂടി വീക്ഷിക്കുന്നവ ചെയ്യുക.

ഉദാ: ഗൃഹം അടിച്ചു വൃത്തിയാക്കുക. ചന്തയിൽനിന്നു സാമാനങ്ങൾ വാങ്ങിക്കൊണ്ടുവരുക. സാധാരണ ഭൃത്യന്മാർമാത്രം ചെയ്യാറുള്ള ജോലികൾ ചെയ്യുക.

പൊതുവെ പറഞ്ഞാൽ ശരീരത്തിനോ മനസ്സിനോ ഇഷ്ടമുള്ളതു ഉപേക്ഷിക്കുന്നതും ഇഷ്ടമില്ലാത്തതു ചെയ്യുന്നതും പരിത്യാഗമായി കരുതാം. അങ്ങനെ നോക്കുമ്പോൾ ചൈനായ്ക്കുവേണ്ടി പ്രതിദിനം ഒന്നല്ല ഒരു നൂറു പരിത്യാഗം ചെയ്യാൻ സാധിക്കും.

ഒരു സംഗതികൂടി അറിയിച്ചുകൊള്ളട്ടെ. യു. പി. സി. യിൽ ചേരുന്നവർ തങ്ങളുടെ പേരു ബോംബെയ്ക്കോ റോമിനോ അയച്ചുകൊടുക്കണമെന്നു പറഞ്ഞിട്ടുണ്ടല്ലോ. ഓരോരുത്തരായി അയക്കുന്നതു വിഷമമാകയാൽ പലർ ചേർന്നു ഒരു ലിസ്റ്റയക്കുകയാണു് നല്ലതു്. ലിസ്റ്റു് എം. സി. എസ്. എൽ. സിക്രട്ടറി, സെൻറു് ജോസഫ്സ് ഹൈസ്കൂൾ, പുളിങ്കുന്നു് എന്ന മേൽവിലാസത്തിൽ അയക്കുകയും ഒരണയുടെ സ്റ്റാമ്പു് അടക്കംചെയ്യുകയും ചെയ്താൽ ലിസ്റ്റിൽ എത്രപേരുണ്ടോ അത്രയുംപേർക്കു് ചൈനായ്ക്കുവേണ്ടിയുള്ള ഒരു ജപം സൗജന്യമായി അയച്ചുകൊടുക്കും. ലിസ്റ്റു് അയാൾതന്നെ ബോംബെയിലേക്കു അയച്ചുകൊള്ളുകയും ചെയ്യും.

എന്നു

പ്രാർത്ഥനയുടെ ഐക്യത്തിൽ

സ്വന്തം ആത്മപിതാവു്

കഴിഞ്ഞുണ്ടാക്കിയ വകയ്ക്കു് അവകാശംപറയുന്നതു നീതിയോ? ഓരോന്നോരോന്നായി എറിഞ്ഞുകളയുന്നവന്റെ വക അവനെ വിട്ടകലുകയും ചരതിച്ചുവയ്ക്കുന്നവന്റെ വക കുനകൂട്ടുകയും ചെയ്യും. വലിച്ചെറിഞ്ഞവൻ, കരുതിവച്ചവന്റെ വകയ്ക്കു അവകാശപ്പെടുക! ചാത്തപ്പന്റെ അലക്ഷ്യഭാവം അവനെ ഒന്നുമില്ലാത്തവനാക്കി. അതിനാരാണുത്തരവാദി? ഡോക്ടരോ?

ഞാൻ പറഞ്ഞു: "ഏതായാലും ചാത്തപ്പൻ മറ്റു മാർഗ്ഗങ്ങളാരായണം. ഡോക്ടർക്കു വീടും പറമ്പും ഉടനെ ഒഴിഞ്ഞുകൊടുക്കണം. ഒരു വീടു കൂലിക്കു കിട്ടുമോ എന്നന്വേഷിക്കണം. അല്ലെങ്കിൽ ഒരു മാർഗ്ഗം ഉണ്ടാകുന്നതുവരെ കൂട്ടത്തിലുള്ളവരുടെ, ഏതെങ്കിലും ഒരു വീട്ടിൽ കൂടെത്താമസിക്കണം."

ചാത്തപ്പൻ പറഞ്ഞു: "ഞാനെങ്ങോട്ടു പോകാൻ! ഒരു വീടു കിട്ടുമോ എന്നന്വേഷിക്കാൻ ഇനി ഇപ്രദേശത്തെങ്ങും ഇല്ല. ഈ അടുത്തെങ്ങും ഒരു വീട്ടിൽ കൂടെതാമസിക്കുന്ന കാര്യവും സാദ്ധ്യമല്ല. ഒന്നുമല്ല, എന്റെ കുഞ്ഞുങ്ങൾ ഇന്നിതുവരെ—ഇപ്പോൾ മണി അഞ്ചായി—യാതൊന്നും കഴിച്ചിട്ടില്ല."

"അതെന്താ, ഭക്ഷണത്തിനു വകയൊന്നുമുണ്ടായിരുന്നില്ലേ?" ഞാൻ ചോദിച്ചു.

"ഭക്ഷണത്തിനു വകയുണ്ടായിരുന്നു. തീ പറ്റിക്കാൻ ആ സ്ത്രീ സമ്മതിക്കില്ല. അവരും അവരുടെ വേലക്കാരിയും അടുക്കളയിൽ കേറി. എന്റെ ഭാര്യയെ വെളിക്കാക്കി." ചാത്തപ്പൻ ദയനീയമായി പറഞ്ഞു.

"ആകട്ടെ, നമുക്കങ്ങോട്ടുതന്നെ പോകാം. അവരെ നേരിട്ടുകണ്ടു ഞാൻ പറയാം. ഇന്നൊരു ദിവസത്തേക്കുകൂടി സൗകര്യം തരാതിരിക്കയില്ല."

"വേണ്ടാ, ഞങ്ങൾ പോകയാണു്. എങ്ങോട്ടെങ്കിലും പോകുന്നു. എനിക്കധികമൊന്നും സാമാനങ്ങളില്ല. ഉള്ളതെല്ലാം അവർ വെളിക്കെടുത്തിട്ടിരിക്കുന്നു. ഇനി ഏതായാലും അവരുടെ വീട്ടിൽ താമസിക്കുന്നില്ല."

"ഒടിയാത്ത കമ്പിൽ പറിയാത്ത വള്ളി." എത്രയൊക്കെ ആലോചിച്ചിട്ടും ഒരു മാർഗ്ഗം എന്റെ മുമ്പിൽ തെളിഞ്ഞുകണ്ടില്ല. എന്റെ വീട്ടിലാണെങ്കിൽ യാതൊരു സൗകര്യവുമില്ലതാനും.

(തുടരും)

## കൃതജ്ഞത

ബ. സിസ്റ്റർ അൽഫോൻസായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് കൃതജ്ഞത. താമസിച്ചതിനു് ക്ഷമാപണം.

M. T. R, CHALAKUDY

(2-ാംപേജ് തുടർച്ച)

യിട്ടുള്ള ശീശ്മക്കാരും വേദവിപരീതികളുമേ തകന്നുപോകുന്നുള്ളു. ഞാൻ നസ്രേത്തിലെ ദിവ്യനായ ആശാരി പണിതുകൊണ്ടുവരുന്ന, ലോകത്തിലെ ഒരത്ഭുതമായ കത്തോലിക്കാസഭയെന്ന മന്ദിരത്തിൽ ആത്മീയസന്തോഷത്തോടെ വസിക്കുകതന്നെ ചെയ്യും. അതിൽ നാലുമാസം മാത്രം പ്രായമുള്ള ഒരു ശിശുവാണു ഞാൻ. എന്നെ വേദവിപരീതികളിൽനിന്നും ശീശ്മക്കാരിൽനിന്നും രക്ഷിപ്പാൻ എന്റെ അമ്മയുടെ ഭുജത്തിനു കഴിയുമെന്നു പത്തൊൻപതു നൂററാണ്ടിലെ ചരിത്രം എന്നെ ധൈര്യപ്പെടുത്തുന്നു. കളിത്തോക്കിലെ ഉണ്ടയില്ലാത്ത വെടികൾകൊണ്ടു കത്തോലിക്കാസഭ എന്ന മഹാമേരു മറിഞ്ഞുവീഴുകയില്ല.

എന്നെ വളരെ കൊള്ളരുതാത്തവനായി ചിത്രീകരിച്ചിരിക്കുന്ന ലഘുലേഖാകർത്താക്കളുടെ സഭയിലെ മേല്പട്ടക്കാർ എന്തിനു് എന്നെക്കൊണ്ടു സൺഡേസ്കൂളുകൾക്കു പത്തു ക്ലാസ്സുകളിലെ ടെക്സ്റ്റ് ബുക്കുകൾ എഴുതിക്കുകയും ഒന്നാം ഫാറം മുതൽ ആറാം ഫാറംവരെയുള്ള ആറു സ്ക്രിപ്ച്ചർ ടെക്സ്ററുകൾ എഴുതിക്കുകയും കൂദാശകൾ മുതലായി പല വിഷയങ്ങളെക്കുറിച്ചു പല പുസ്തകങ്ങൾ എഴുതിക്കുകയും ചെയ്തു? ഞാൻ സത്യം കണ്ടപ്പോൾ ധൈര്യത്തോടെ അതിനെ ആശ്ലേഷിച്ചുകൊണ്ടു സർപ്പവും നരകയോഗ്യനും പിശാചുമായിത്തീന്നുവോ? ക്രിസ്തുവിന്റെ ന്യായാസനത്തിൻമുമ്പാകെ നിങ്ങളും ഞാനും നില്ക്കേണ്ട ഒരു ദിവസം വരുന്നു എന്നോർത്തുകൊള്ളുവിൻ.

ഞാൻ ഹോമിയോപ്പതി പഠിച്ചിട്ടു് എന്തായി എന്നു ചോദിക്കുന്നു? പലരേയും ഹോമിയോപ്പതി ഡോക്ടർമാരാക്കിത്തീർത്തു. മങ്ങാട്ടമ്പിള്ളിൽ ബ. അലക്സാന്ത്രയോസ് അച്ചൻ, മി. സി. സി. പൗലോസ് മുതലായ യാക്കോബായക്കാർതന്നെ അതിന്റെ ജീവനുള്ള സാക്ഷികളാണു്. മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താതന്നെ ഞാൻ നിശ്ചയിച്ച മരുന്നുകൾകൊണ്ടു ദൈവകൃപയാൽ തന്റെ കാലിലെ ചർമ്മരോഗത്തിനു കുറവുവന്നു എന്നു സാക്ഷിക്കാൻ കഴിയുന്നവനാണു്. ഞാൻ എഴുതിയ ഹോമിയോപ്പതി "കുടുംബചികിത്സകൻ" വളരെവേഗം വിററുതീരുകയും ഇപ്പോഴും പലരും ടി പുസ്തകം അന്വേഷിക്കുകയും ചെയ്തുവരുന്നു.

ഞാൻ സുവിശേഷഘോടതി വച്ചുവത്രേ. ഇല്ല. ഒരു രൂപാവീതം സംഭാവനവാങ്ങി പൂഞ്ഞയിൽ ഒരു ധ്യാനമന്ദിരം പണിയിച്ചു യാക്കോബായസഭയിലെ സ്വമേധാസുവിശേഷകന്മാരുടെ ആവശ്യത്തിനായി ഒരു കമ്മററിക്കു് അതു തീറെഴുതിക്കൊടുത്തു. സംഭാവന തന്ന കുറേപ്പേർക്കു സമ്മാനങ്ങളും നൽകി.

പ്രസംഗമിഷൻ നടത്തിയിട്ടു് എന്തായി എന്നു ചോദിക്കുന്നു? ദൈവകൃപയാൽ പലരും ആത്മീയമായി ഉണർത്തപ്പെട്ടു. അവരിൽ പലരും ഇന്നും കൃതജ്ഞതയോടെ എന്റെ പ്രസംഗമിഷനെ സ്മരിക്കുമെന്നും വിശ്വസിക്കുന്നു. യാക്കോബായസഭയിൽ ആ തൈകളുടെ വേരു് ഉറയ്ക്കുവാൻതക്ക മണ്ണില്ലെന്നു് എനിക്കറിയാം. ആ സാധുക്കൾ യാക്കോബായസഭയുടെ പ്രഹരങ്ങൾ ഏററു വിഷമിക്കുന്നുണ്ടു്. അവരെ ദൈവം പൂർണ്ണസത്യത്തിലേക്കു വഴിനടത്തട്ടെ.

"യാക്കോബായസഭ ദൈവത്തിന്റെ സഭയല്ലെന്നു മാപ്പാപ്പാപോലും പറകയില്ലെന്നും എന്റെ തെററിദ്ധാരണയാണെ"ന്നും യാക്കോബായസഭയിലെ ചില പ്രധാനസ്ഥാനത്തിരിക്കുന്നവർ പറഞ്ഞു കേട്ടു. ഏകദൈവവും ഏകമിശിഹായും മിശിഹായുടെ ശരീരമാകുന്ന ഏകസഭയും ആ സഭയിൽ ഏകവിശ്വാസവും മാത്രമേയുള്ളു. യാക്കോബായസഭയിൽ ജീവിച്ച ഞാൻ അതുതന്നെയാണു ദൈവത്തിന്റെ സഭയെന്നു വിശ്വസിപ്പാൻ എത്ര ശ്രമിച്ചിട്ടും സാധിക്കുന്നില്ല. കത്തോലിക്കാസഭയിലുള്ള വിവരമുള്ള ഒററമല്പാൻപോലും കത്തോലിക്കാസഭയൊഴിച്ചുള്ള മററു സഭകൾ ദൈവത്തിന്റെ സഭകളാണെന്നു പറയുകയില്ല. അവർ പറയുമെങ്കിൽ ഞാൻ എഴുതിയിട്ടുള്ളതു പ്രതിഷേധിക്കട്ടെ. പരമാർത്ഥികളായിരിക്കുന്ന ഇതരസഭയിലെ വ്യക്തികളെക്കുറിച്ചു കത്തോലിക്കാസഭയുടെ പഠിപ്പിക്കൽ എന്റെ മുൻപുസ്തകത്തിൽ ഞാൻ പ്രസ്താവിച്ചിട്ടുണ്ടു്.

യാക്കോബായസഭയുടെ കൂദാശകളും ആരാധനകളും കത്തോലിക്കാസഭ സ്വീകരിക്കുന്നില്ലേ എന്നു പലരും ചോദിക്കുന്നുണ്ടു്. ഇല്ല. കത്തോലിക്കാസഭയിലുണ്ടായിരുന്ന കൂദാശകളേയും ത്രിതാരാധനയേയും യാക്കോബായക്കാർ മത്സരിച്ചു കത്തോലിക്കാസഭയിൽനിന്നിറങ്ങിപ്പോയപ്പോൾ എടുത്തുകൊണ്ടുപോയിരുന്നു. അവയാണു കത്തോലിക്കാസഭ സ്വീകരിക്കുന്നതു്. ഒരുത്തന്റെ വീട്ടിൽ ചോറും കറിയുമുണ്ടാക്കി സദ്യ നടത്തുമ്പോൾ കുറേ മത്സരക്കാർ കലവറയിലെ കുറേ ചോറും കറിയും എടുത്തുകൊണ്ടു കാട്ടിൽചെന്നു പലരേയും ഊട്ടിയാലും വയറുനിറയും. എന്നാൽ, എടുത്തുകൊണ്ടുപോയവരുടെ വകയല്ല അവ. അവർ ശീശ്മക്കാരായ എതിരാളികൾതന്നെയാണു്. അവരുടെ പ്രവത്തനം നീതീകരിക്കാൻ പാടില്ലെങ്കിലും അവർ എടുത്തുകൊണ്ടുപോയ ചോറും കറിയും ഭക്ഷണം തന്നെയാണു്.

എന്നെക്കുറിച്ചു യാക്കോബായറമ്പാച്ചൻ മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ അനുവാദത്തോടുകൂടി പ്രവചിച്ചിരിക്കുന്നതു നാലു കാര്യങ്ങളാണു്: 1. ഞാൻ ഒരു പ്രത്യേകസഭ സ്ഥാപിക്കും; 2. അല്ലെങ്കിൽ ഖേദംകൊണ്ടു് ആത്മഹത്യചെയ്യും; 3. അല്ലെങ്കിൽ, കരിയാററിൽ മെത്രാനെപ്പോലെ റോമൻവിഷംകൊണ്ടു കൊല്ലപ്പെടും; 4. അല്ലെങ്കിൽ ഒരു ദയറായക്കാരനായി യാക്കോബായസഭയിൽ തിരിച്ചുചെല്ലും. ഈ പ്രവചനങ്ങൾ നടക്കാത്തപക്ഷം ബ. റമ്പാച്ചൻ എഴുതിയതെല്ലാം ഏതാത്മാവിലാണെന്നു പിൻതലമുറ വിധിച്ചുകൊള്ളട്ടെ. കത്തോലിക്കാസഭയിൽ ശരിയായി ജീവിക്കുന്ന ഒരു വിശ്വാസിക്കു വേറൊരു പറുദീസാ ഈ ലോകത്തിൽ കാണേണ്ട ആവശ്യമില്ല. കത്തോലിക്കാ സഭയ്ക്കു വെളിയിലത്രേ സത്യാന്വേഷികൾ കറങ്ങുന്നതു്.

ശൗൽ വി. പൗലോസായി മാറിയപ്പോൾ യഹൂദന്മാർ ആ മഹാപുണ്യാത്മാവിനെപ്പോലും വളരെ വെറുത്തെങ്കിൽ യേശുമിശിഹാ പണിയുന്ന സഭയിലേക്കു അവിടുന്നു എന്നെ വിളിച്ചുചേർത്തപ്പോൾ ശീശ്മക്കാർ ബലഹീനനായ എന്നെ ഇത്രയേറെ ചെളിവാരിയെറിയുന്നതു മനുഷ്യസഹജമായ ബലഹീനതയാണെന്നു വിശ്വസിച്ചു് അവർക്കുവേണ്ടി ഞാൻ പ്രാർത്ഥിച്ചുകൊള്ളുന്നു. ഒരു മനോഹരമായ തോട്ടത്തെ ചവിട്ടിമെതിക്കുന്നവനെ തല്ലിപ്പുറത്താക്കുവാൻ ഉടമസ്ഥൻ ഓടിച്ചെന്നപ്പോൾ കണ്ടകാഴ്ച ഒരു കുരുടൻ വഴിതെററി തോട്ടത്തിലെ വിശിഷ്ടമായ ചെടികളെ ചവിട്ടുന്നതാണു്. അയാളോടു സഹതപിക്കയല്ലാതെ എന്തുചെയ്യും. കത്തോലിക്കാസഭയെന്ന ക്രിസ്തുവിന്റെ മണവാട്ടിയുടെ സൗന്ദര്യം കാണാതെ അവളെ ചവിട്ടിമെതിക്കുന്ന ആളുകളെക്കുറിച്ചു് എനിക്കു ഈ സഹതാപമേയുള്ളു.

എനിക്കു ശത്രുകൾ കൊണ്ടുവന്നു തരുന്ന പ്രിയപ്പെട്ട യാക്കോബായക്കാരേ, നിങ്ങൾ ചെയ്യുന്ന ഉപകാരങ്ങൾക്കായി ഞാൻ ദൈവത്തെ സ്തുതിക്കുകയും നിങ്ങൾക്കു നന്മവരുവാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

(ഈ ലേഖനം ലഘുലേഖയായി അടിച്ചിട്ടുണ്ടു്. ആവശ്യമുള്ളവർ അയക്കുന്നതിനുള്ള സ്റ്റാമ്പുസഹിതം, "സെക്രട്ടറി, സി. ഒ എൽ. അപ്പസ്തോലിക്കു് സെമ്മിനാരി ആലുവാ" എന്ന വിലാസത്തിൽ എഴുതുക.

തൈക്കാട്ടു് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ചു്: ആലുവാ റെയിൽവെസ്റ്റേഷനു സമീപം
എല്ലാ വ്യാഴാഴ്ചയും ഉച്ചയ്ക്കു് 1 മണി മുതൽ
വൈകുന്നേരം 5 മണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിൽ ഉണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണു്.

# ചോദിച്ചാൽ പറയാം

36. ചോ: "മനുഷ്യാ നീ പൊടിയാകുന്നു, പൊടിയിലേക്കു പിന്തിരിയുകയും ചെയ്യും; എന്നു കർത്താവു് അരുളിച്ചെയ്തിട്ടുണ്ടല്ലോ. പിന്നെ ഒരു മനുഷ്യസ്ത്രീയായ മാതാവു എങ്ങനെ പൊടിയിലേക്കു പിന്തിരിയാതെ ഉടലോടെ സ്വർഗ്ഗത്തിലേക്കു പോയി? വല്ല പുണ്യവാന്മാരും ഉടലോടെ സ്വർഗ്ഗത്തിലേക്കു പോയിട്ടുണ്ടോ?

(ബി. വി. എ. അങ്കമാലി)

ഉ: പാപംചെയ്ത ആദിമാതാപിതാക്കന്മാർക്കു ദൈവം നൽകിയ ശിക്ഷയിലാണു് ഇങ്ങനെ പറഞ്ഞിരിക്കുന്നതു്. "നിന്റെ ഭാര്യയുടെ സ്വരം നീ കേൾക്കുകയും, നീ ഭക്ഷിക്കരുതെന്നു നിന്നോടു ഞാൻ കല്പിക്കുകയും പറയുകയും ചെയ്ത വൃക്ഷത്തിൽനിന്നും നീ ഭക്ഷിക്കുകയും ചെയ്തതുകൊണ്ടു് നീ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു...നീ എടുക്കപ്പെട്ട ഭൂമിയിലേക്കു തിരികെപ്പോകുന്നതുവരെ നിന്റെ മുഖത്തെ വിയർപ്പോടുകൂടി നീ അപ്പം ഭക്ഷിക്കും. എന്തുകൊണ്ടെന്നാൽ നീ പൊടിയാകുന്നു; പൊടിയിലേക്കു നീ തിരികെപ്പോകും" (സൃഷ്ടി III 17, 19) ഈ ശിക്ഷയ്ക്കു മുൻപായി ദൈവം പിശാചിനോടു പറഞ്ഞു: "നീയും സ്ത്രീയും തമ്മിലും, നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉണ്ടാക്കും അവൾ നിന്റെ തലതകർക്കും. നീ അവളുടെ കുതികാലിൽ പതിയിരിക്കുകയും ചെയ്യും" (സൃഷ്ടി III 15)

ആദം പാപം ചെയ്തതിനുള്ള—പാപത്തിന്റെ—ശിക്ഷയാണു് പൊടിയിലേക്കു പിന്തിരിയുകയെന്നുള്ളതു്. തന്മൂലം പാപരഹിതരായവർ — ഉത്ഭവപാപത്തോടുകൂടാതെയുള്ളവർ—ഈ ശിക്ഷയ്ക്കു വിധേയരല്ലെന്നുള്ളതു സ്പഷ്ടമാണല്ലോ. മാതാവു് ഉത്ഭവപാപരഹിതയാണെന്നുള്ളതു ഒരു വിശ്വാസസത്യമാണു്. അതിനാൽ പൊടിയിലേക്കു പിന്തിരിയാതെ മാതാവു് ഉടലോടെ സ്വർഗ്ഗത്തിലേക്കു പോകുന്നതിൽ യാതൊരു അസാംഗത്യവുമില്ല. "ഹാവാ, തന്റെ അനുസരണക്കേടുമൂലം മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ മരണത്തിനു കാരണക്കാരിയായതുപോലെ, അനാദിയായ ദൈവത്തിന്റെ അമ്മയും അതേസമയം കന്യകയുമായ മറിയം അവളുടെ അനുസരണയാൽ അവൾക്കും മനുഷ്യവർഗ്ഗത്തിനു മുഴുവനും രക്ഷയുടെ കാരണമായിത്തീന്നു"എന്നുള്ള വിശുദ്ധ ഇരനേവൂസിന്റെ വാക്കുകൾ (Adv. Haer., III, 22) ഇവിടെ അനുസ്മത്തവ്യമാണു്.

വല്ല പുണ്യവാന്മാരും ഉടലോടെ സ്വർഗ്ഗത്തിലേക്കു പോയിട്ടുണ്ടോയെന്നു നമുക്കറിഞ്ഞുകൂടാ. അതു ദൈവത്തിന്റെ അനന്തജ്ഞാനത്തിൽമാത്രം സ്ഥിതിചെയ്യുന്ന ഒരു സംഗതിയാകുന്നു. അതു് അവിടുന്നു വെളിപ്പെടുത്തിത്തരാതെ നമുക്കു അറിയാവുന്നതല്ല. അനന്തശക്തിയായ ദൈവത്തിനു് ആരെയെങ്കിലും ഉടലോടെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുക അസാദ്ധ്യമായ സംഗതിയല്ലല്ലോ.

സൃഷ്ടിയുടെ പുസ്തകത്തിൽ ഗോത്രപിതാക്കന്മാരെപ്പററി പറയുകയിൽ "ഹനോക്കിന്റെ നാളുകൾ ആകെ 365 സംവത്സരങ്ങളായിരുന്നു. ഹനോക്കു് ദൈവത്തെ പ്രസാദിപ്പിച്ചു. അവനില്ല. എന്തുകൊണ്ടെന്നാൽ ദൈവം അവനെ എടുത്തു" (സൃഷ്ടി V 23—24) എന്നു പ്രസ്താവിച്ചിട്ടുണ്ടു്. മററു ഗോത്രപിതാക്കന്മാർ മരിച്ചുവെന്നു് ഖണ്ഡിതമായി മോശ പറയുന്നുണ്ടു്. പ്രവാചകനായ ഏലിയാസ് ഒരു അഗ്നിരഥത്തിൽ സ്വർഗ്ഗത്തിലേക്കു എടുക്കപ്പെടുകയാണുണ്ടായതു് (IV രാജാ II, 11)

37. ചോ: ഈശോ ഒരു പിറവിക്കുരുടനെ സൗഖ്യമാക്കിയതു് തുപ്പൽകൊണ്ടു ചേറുണ്ടാക്കിയിട്ടാണെന്നു കാണുന്നു. ഈ വൃത്തികെട്ട പ്രവൃത്തികൂടാതെ സൗഖ്യമാക്കാത്തതിനു വല്ല ന്യായവുമുണ്ടോ?

(ഇ. എം. ടി. താഴത്തങ്ങാടി)

ഉ: മിശിഹാ തന്റെ പരസ്യജീവിതത്തിനിടയിൽ അനേകം കുരുടന്മാർക്കു കാഴ്ച നൽകിയിട്ടുണ്ടു്. ഒരിക്കൽ അവിടുന്നു രണ്ടു കുരുടന്മാരുടെ കണ്ണുകളെ തൊട്ടുകൊണ്ടു അവർക്കു കാഴ്ചനൽകി (മത്താ: IX, 29) പിന്നൊരിക്കൽ "നീ കാണുക" എന്നു കല്പിച്ചുകൊണ്ടു് ഒരു കുരുടനു കാഴ്ചനൽകി. (ലൂക്കാ XVIII, 42) മറെറാരിക്കൽ ഒരു കുരുടന്റെ കൈക്കുപിടിച്ചു് അവനെ ഗ്രാമത്തിനു പുറത്തുകൊണ്ടുപോയി അവന്റെ കണ്ണുകളിൽ തുപ്പി തന്റെ കൈവെച്ചു അവനോടു എന്തു കാണുന്നുവെന്നു ചോദിച്ചു. അവൻ നോക്കീട്ടു വൃക്ഷങ്ങൾപോലെ മനുഷ്യർ നടക്കുന്നതു ഞാൻ കാണുന്നുവെന്നു പറഞ്ഞു. അവൻ വീണ്ടും തന്റെ കൈ അവന്റെ കണ്ണുകളിൻമേൽവെച്ചു. അപ്പോൾ അവൻ സുഖംപ്രാപിച്ചു. അവൻ സകല വസ്തുക്കളും തെളിവായി കണ്ടിരുന്നു. പിന്നെ അവൻ അവന്റെ വീട്ടിലേക്കു അവനെ അയച്ചുകൊണ്ടു് അവനോടു് നീ ഗ്രാമത്തിൽ പ്രവേശിക്കയും അരുതു്, ഗ്രാമത്തിൽ ഒരു മനുഷ്യനോടും പറയുകയും അരുതു് എന്നു അരുളിച്ചെയ്തു." (മർക്കോസ് VIII, 23—26)

സർവ്വശക്തനായ ക്രിസ്തുവിനു യാതൊരു ബാഹ്യപ്രകടനങ്ങളും കൂടാതെതന്നെ കുരുടനു കാഴ്ചനൽകുവാൻ സാധിക്കുമെന്നതിൽ ആർക്കും സംശയമില്ലല്ലോ. അങ്ങനെ അവിടുന്നു കാഴ്ചനൽകുന്നുമുണ്ടു്. അങ്ങനെയിരിക്കെ, ഈ പ്രത്യേകകുരുടനെ ഗ്രാമത്തിനു പുറത്തു കൊണ്ടുപോയി അവന്റെ കണ്ണിൽ തുപ്പുന്നതും അവൻ ഭാഗികമായി കാണുന്നതും, വീണ്ടും കൈവയ്ക്കുന്നതും, അപ്പോൾ പൂർണ്ണകാഴ്ച ലഭിക്കുന്നതും, ഗ്രാമത്തിൽ പ്രവേശിക്കരുതെന്നും ആരോടും പറയരുതെന്നും അവനെ ഉപദേശിക്കുന്നതും നിരുദ്ദേശ്യമായിട്ടാണെന്നോ, അവനെ ആക്ഷേപിക്കുന്നതിനു് ആണെന്നോ കരുതുന്നതു ശരിയായിരിക്കുകയില്ല.

സ്വർഗ്ഗത്തിൽനിന്നു് ഒരു അടയാളം ചോദിച്ച ഫ്രീശേന്മാരോടു "ഈ തലമുറയ്ക്കു അടയാളം കൊടുക്കുകയില്ലെന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു" എന്നു മറുപടി നൽകി, പടവിൽ കയറി മറുകരയ്ക്കു ചെന്നപ്പോഴാണല്ലോ ഈ അത്ഭുതം പ്രവർത്തിച്ചതു്. ഇതു് ആരുടേയും, ശിഷ്യന്മാരുടെപോലും, ശ്രദ്ധയിൽ പെടരുതെന്നായിരുന്നു ഈശോയുടെ ഉദ്ദേശ്യമെന്നു തോന്നുന്നു. അതുകൊണ്ടാണു് അവനെ ഗ്രാമത്തിനു പുറത്തുകൊണ്ടുപോയതും, പെട്ടെന്നു കാഴ്ചനൽകാതെ പടിപടിയായി സുഖപ്പെടുത്തിയതും, ആരോടും പറയരുതെന്നു വിലക്കിയതും.

പിന്നെ തുപ്പൽ ഉപയോഗിച്ചതെന്തിനാണു്? നേത്രരോഗങ്ങൾക്കു തുപ്പൽ നല്ലൊരു പ്രതിവിധിയാണെന്നു് അക്കാലത്തു ജനങ്ങൾ വിശ്വസിച്ചിരുന്നു. ഉപവസിച്ചിട്ടുള്ള മനുഷ്യരുടെ തുപ്പൽ ആയിരുന്നാൽ കൂടുതൽ ഫലസിദ്ധി ഉണ്ടാകുമെന്നാണു ജനങ്ങൾ കരുതിയിരുന്നതു്. (താൽമൂദ്, Shabbath, XIV, 4142)- ഇങ്ങനെയൊരു ധാരണ ജനങ്ങൾക്കുണ്ടായിരുന്നതിനാൽ, തുപ്പൽ ഉപയോഗിച്ചാൽ കുരുടനു കാഴ്ചലഭിച്ചതു് തുപ്പലിന്റെ സ്വാഭാവികമായ പ്രവത്തനം വഴിയായിട്ടാണെന്നു ജനങ്ങൾ ധരിച്ചുകൊള്ളുമായിരുന്നു.

തുപ്പൽ, തുപ്പലെന്നനിലയിൽ വൃത്തികെട്ടതാണെന്നു് നമുക്കു തോന്നിയേക്കാം. പക്ഷെ ഒരു ആളിനെ രക്ഷിക്കുന്നതിനു് ആവശ്യമെന്നു വന്നാൽ തുപ്പലിനേക്കാൾ വൃത്തികെട്ട സാധനങ്ങൾ സ്വീകരിക്കാനും നാം മടിക്കാറില്ലല്ലോ. ചില ഘട്ടങ്ങളിൽ മനുഷ്യരെ മൂത്രം കുടിപ്പിക്കാറില്ലേ? കുരുടനു കാഴ്ചലഭിക്കുന്നതിനു സഹായിച്ച ആ തുപ്പൽലേപനം ഒരു "വൃത്തികെട്ട" പ്രവൃത്തിയല്ലെന്നു വ്യക്തമാണല്ലോ.

—ഠ—

## നൂറാമത്തെ ജന്മദിനത്തിൽ

സ്കോട്ടലൻഡിൽ ഡൺഡീസ് എന്ന സ്ഥലത്തുള്ള സിസ്റ്റേഴ്സ് ഓഫ് മേഴ്സി എന്ന സന്യാസിനീസമൂഹത്തിലെ മദർ മേരി മാഗ്ദ്ദരറു ഫോഡ്നെററിനു നൂറാമത്തെ ജന്മദിനം ഈയിടെ ആഘോഷിച്ചപ്പോൾ ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും അനുമോദനങ്ങളും പുഷ്പോപഹാരങ്ങളും സമ്മാനങ്ങളും ലഭിക്കുകയുണ്ടായി. അക്കൂട്ടത്തിൽ പരിശുദ്ധപിതാവു തിരുമനസ്സിലെ ഒരു ആശീർവാദവും ബ്രിട്ടീഷ് രാജ്ഞിയുടെ ഒരു അനുമോദനസന്ദേശവും ഉൾപ്പെട്ടിരുന്നു. അയർലൻഡിൽ കോർക്ക സ്വദേശിനിയായ മദർ മേരി മാഗ്ദ്ദരറു് ഈ സന്യാസിനീസഭയിൽ ചേർന്നിട്ടു് 80 വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. അവരുടെ നേതൃത്വത്തിൽ ലോസൈഡിൽ നടത്തപ്പെട്ട വിദ്യാലയം സ്കോട്ട്ലൻഡിലെ ഏററം പ്രഖ്യാതമായ വിദ്യാകേന്ദ്രമായി ഉയന്നു.

Wednesday
November 14
1956

# THE SATHYADEEPAM

(ESTD. 1927)
BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2293
Vol. 30
No. 14




പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,




മതവിരുദ്ധശക്തികളുടെ വിളയാട്ടങ്ങളും ജഡമോഹത്തിനടിമപ്പെട്ടവരുടെ സാഹസങ്ങളും ഒന്നിച്ചുകൂടിയാൽ ലോകത്തിൽ എന്തെല്ലാം ദുരന്തങ്ങളാണുണ്ടാവുകയെന്നു ചരിത്രം വിളിച്ചറിയിക്കുന്നുണ്ട്. ഏതു കാലത്തും ഇതു പ്രത്യക്ഷങ്ങളാണ്. ഓരോ കാലത്തിന്റേയും ജനങ്ങളുടെ മനോഭാവത്തിന്റെയും വ്യത്യാസങ്ങളനുസരിച്ച് പദ്ധതികൾ വ്യത്യാസപ്പെട്ടിരിക്കുമെന്നുമാത്രം. റോമാസാമ്രാജ്യത്തിൽ ബിംബാരാധകരും ദുർവൃത്തന്മാരുമായ കാവ്യർ അതു നഗ്നമായി നടത്തിയിരുന്നു. ക്രിസ്ത്യാനികളെ ക്രിസ്തുവിൽ വിശ്വസിക്കുന്നു എന്ന ഏകകാരണത്താൽ രാജ്യദ്രോഹികളും ചക്രവർത്തിയുടെ ശത്രുക്കളുമായി മുദ്രകുത്തി നീചനീചം മർദ്ദിക്കുകയും ക്രൂരമായി വധിക്കുകയും ചെയ്തിരുന്നു. ആദ്യക്രിസ്ത്യാനികൾ ഇപ്രകാരം വന്യമൃഗങ്ങളെപ്പോലെ വേട്ടയാടപ്പെടുന്നതിനു അവർ എന്തക്രമമാണ് പ്രവർത്തിച്ചിരുന്നതു്? അവർ രക്ഷകനായ ക്രിസ്തുവിൽ വിശ്വസിച്ചു. അവരുടെ ആത്മാവിന്റെ രക്ഷയ്ക്കായി മതകർമ്മങ്ങൾ അനുഷ്ഠിച്ചിരുന്നു. അവർ തമ്മിൽത്തമ്മിൽ സ്നേഹിക്കുകയും യാതൊരുത്തർക്കും യാതൊരുപദ്രവവും ചെയ്യാതെ എല്ലാവരോടും സ്നേഹമായും വിനയമായും പെരുമാറുകയും ചെയ്തിരുന്നു. കഴിവുള്ള നന്മകൾ എല്ലാവർക്കും ചെയ്തുകൊണ്ടിരുന്നു. നിർമ്മത്സരബുദ്ധികളായിരുന്ന പുറജാതിക്കാർപോലും അത്ഭുതം പ്രകടിപ്പിച്ചിരുന്നു, അവർ പരസ്പരം എങ്ങനെ സ്നേഹിക്കുന്നുവെന്നും ദാരുണമായ പീഡനങ്ങളെ എങ്ങനെ സന്തോഷസമേതം സ്വീകരിക്കുന്നുവെന്നും കണ്ടിട്ട്. അനന്തരകാലങ്ങളിലും സത്യതിരുസഭയിലെ പ്രവർത്തനം ഈ ആദർശത്തിൽതന്നെയാണ്. സാഹചര്യങ്ങൾക്കനുസരിച്ച് പ്രവർത്തനരീതികളിൽ വ്യത്യാസമുണ്ടെന്നുമാത്രം. ഇന്നത്തെ ലോകത്തിലും നാമെന്താണ് കാണുന്നതു്? ക്രിസ്തുവിന്റെ സത്യസഭയിൽ വിശ്വസിക്കുന്ന കത്തോലിക്കർ ഓരോ രാജ്യങ്ങളിലും ഏതെല്ലാം വിധത്തിലുള്ള അടിസ്ഥാനരഹിതമായ കുറ്റാരോപണങ്ങൾക്കും ആക്ഷേപങ്ങൾക്കും വിധേയരാക്കപ്പെട്ടിരിക്കുന്നു; ഏതേതുവിധങ്ങളിലുള്ള മർദ്ദനങ്ങൾക്കും ആക്രമണങ്ങൾക്കും വധരീതികൾക്കും ഇരയാക്കപ്പെടുന്നു? കമ്മ്യൂണിസ്റ്റധീനരാജ്യങ്ങളിൽ പാവപ്പെട്ട ക്രിസ്ത്യാനികൾ എത്രമാത്രം പീഡിപ്പിക്കപ്പെടുന്നു. അത്യുന്നതസ്ഥാനങ്ങളിലിരിക്കുന്ന കർദ്ദിനാളന്മാർ മുതൽ സാധാരണ ക്രിസ്ത്യാനികൾവരെയുള്ളവരെല്ലാം അവരുടെ വിശ്വാസത്തെപ്രതി നിത്യവും സഹിച്ചുകൊണ്ടിരിക്കുന്ന ദയനീയപീഡനങ്ങളെപ്പറ്റി ഏറക്കുറെയെങ്കിലും നാമറിഞ്ഞുകൊണ്ടാണല്ലോ ഇരിക്കുന്നതു്. മതസ്വാതന്ത്ര്യം നിയമംമൂലം പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന നമ്മുടെ മാതൃഭൂമിയായ ഭാരതത്തിൽ ഈയിടെയായി കത്തോലിക്കാമതത്തെ അവഹേളിക്കുന്നതിനും നമ്മുടെ ആരാധനാസ്വാതന്ത്ര്യം തടയുന്നതിനും കളമൊരുക്കുന്നതായ സംരംഭങ്ങൾ വർദ്ധിച്ചുവരുന്നതല്ലേ നമ്മുടെ അനുഭവം. മിഷനറിപ്രവർത്തനങ്ങളെ സംബന്ധിച്ചും, ജീവകാരുണ്യപ്രവർത്തനങ്ങളെ സംബന്ധിച്ചും, മാനസാന്തരവേലയെ സംബന്ധിച്ചും എന്തെല്ലാം അടിസ്ഥാനരഹിതമായ കെട്ടുകഥകളും, വിദ്വേഷജന്യമായ ദുരാരോപണങ്ങളുമാണ് നടന്നുകൊണ്ടിരിക്കുന്നതു്? നമ്മുടെ കഥാനായികയായ ആഗ്നസ്സ് ഈദൃശമായ ഒരു പ്രതിസന്ധിഘട്ടത്തെയാണു നേരിടുന്നതു്. ഗൂഢസംഘം അവൾ ക്രിസ്ത്യാനിയാണെന്നു കണ്ടുപിടിക്കുന്നു. അവരുടെ ആരാധനസ്ഥലം മനസ്സിലാക്കുന്നു. ക്രൂരന്മാരായ റോമൻ പട്ടാളത്തിനു അതു വെളിപ്പെടുത്തിക്കൊടുക്കുന്നു. അവരുടെ ഉദ്ദേശമെന്താണ്? ക്രിസ്ത്യാനികളെ നശിപ്പിക്കണം; അവരുടെ ജഡികമോഹം സാധിക്കുന്നതിനു സൗന്ദര്യവതിയായ ആഗ്നസ്സിനെ അവരുടെ ചൊല്പടിക്കു കിട്ടണം. പക്ഷേ ദൈവത്തിന്റെ പ്രവർത്തനങ്ങളെ നശിപ്പിക്കുവാൻ, അവിടുത്തെ ആശ്രയിക്കുന്നവരെ അധഃപ്പതിപ്പിക്കുവാൻ യാതൊരു നാരകീയശക്തിക്കും സാദ്ധ്യമല്ല. ആദിമക്രിസ്ത്യാനികൾ അതു തെളിയിച്ചു; ആഗ്നസ്സും അതു സുതരാം തെളിയിക്കുന്നതാണ്.

വല്യേട്ടൻ



## ബാലരംഗത്തിൽ ചേർന്നവരുടെ പേരുവിവരം

Reg. No. (തുടച്ച)

| | |
|---|---|
| 111 | ടി. ടി. തോമസ് തുണ്ടത്തിൽ, തലപ്പുലം, ഈരാറ്റുപേട്ട |
| 112 | സി. വി. ജോസഫ് ചടാങ്കുളത്തു, തലപ്പുലം |
| 113 | റാണി ജോൺ തയ്യിൽ, മാന്നാനം |
| 114 | ജോസ് ജോൺ തയ്യിൽ, മാന്നാനം |
| 115 | പി. ടി. ജെയിംസ്, പത്തൻപുരയ്ക്കൽ, മൂഴൂർ |

### 93-ാംനമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേര്—വൈദികൻ

### പ്രശ്നം നമ്പ്ര് 94

(കെ. പി. പൗലോസ്
Reg. No. 58)

ഞാൻ ഒരു പുതിയ ഗ്രന്ഥമാണ്. എന്റെ പേര് നിങ്ങൾ സത്യദീപത്തിൽ പലപ്രാവശ്യം കണ്ടിരിക്കും. എന്റെ പേരിനു 5 അക്ഷരമുണ്ട്. 1-ാമത്തെ അക്ഷരം മലയാളത്തിലുണ്ട്, ഭാരതത്തിലില്ല. 2-ാമത്തെ അക്ഷരം പരിചയത്തിലുണ്ട്, അടുപ്പത്തിലില്ല. 3-ാമത്തെ അക്ഷരം അയക്കുന്നവനിലുണ്ട്, പോകുന്നവനിലില്ല. 4-ാമത്തെ അക്ഷരം ആഹാരത്തിലുണ്ട്, പാനീയത്തിലില്ല. അവസാനഅക്ഷരം അന്ധകാരത്തിൽ കാണാം, പ്രകാശത്തിൽ കാണുകയില്ല. എന്റെ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

### മനക്കണക്ക്

(റാണി ജോൺ തയ്യിൽ
Reg. No. 113)

അഞ്ചു മാങ്ങാ തിന്നാൻ അഞ്ചുപേർക്കു അഞ്ചു മിനിട്ടുവേണം. എന്നാൽ പത്തുപേർക്കു പത്തു മാങ്ങാ തിന്നാൻ എത്ര മിനിട്ടുവേണം?

(ഉത്തരം അടുത്തതിൽ)

ചെറുകഥ

## മരണം തൊറുതിരുത്തി

(കെ. എൽ. അന്തോണി
Reg. No. 84)

മദ്ധ്യാഹ്നസൂര്യന്റെ ഉഗ്രകിരണങ്ങൾ തട്ടി വാടിത്തളന്ന ചെറുലതകൾ, വീണ്ടും ഒന്നു കുളിക്കുവാൻ വേണ്ടി, ആ കുളിർമയുള്ള രാത്രിയെ കാത്തിരിക്കുകയാണ്. നേരം സായാഹ്നത്തോടടുത്തുതുടങ്ങി. പ്രദോഷസൂര്യൻ അതിന്റെ ചെങ്കിരണങ്ങൾ വീശിക്കൊണ്ട്, പടിഞ്ഞാറെ ചക്രവാളത്തിൽ മന്ദംമന്ദം താഴുകയാണ്. പക്ഷിജാലങ്ങൾ ആസന്നമാകുന്ന രാത്രിയുടെ ഭയാനകതയെ ഓർത്തു് ചില ദയനീയമായ കളകളസ്വനങ്ങൾ അന്തരീക്ഷത്തിൽ മുഴക്കിക്കൊണ്ടു അവയുടെ പാർപ്പിടങ്ങളിലേക്കു പറന്നുപോവുകയാണ്. പ്രഭാതം മുതൽ പ്രദോഷംവരെ പണിയെടുത്തു് ക്ഷീണിച്ചുതളന്ന മനുഷ്യർ അന്തിവിശ്രമത്തിനായി അവരുടെ വീടുകളിലേക്കും വേഗത്തിൽ നടകൊള്ളുന്നു. സാവധാനത്തിൽ ലോകമാകെ രാത്രിയുടെ കൂരിരുട്ടിൽ ആണ്ടുമറയുന്നു. ഒരു തണുത്ത മന്ദമാരുതൻ ആ കുറ്റിക്കാടുകളിലൂടെ മന്ദംമന്ദം പ്രവഹിച്ചുകൊണ്ടിരുന്നു. ജോൺമാസ്റ്റർ ആ കുറ്റിക്കാടിന്റെ അരികെയുള്ള ഒരു കൽത്തറയിലിരുന്നു് ഇടയ്ക്കിടെ നീണ്ട നെടുവീർപ്പുകൾ വിടുകയാണ്; കണ്ണുനീർ തുള്ളികൾ ഇടവിടാതെ, ഇരുകവിൾത്തടങ്ങളിലൂടെയും ഒഴുകിക്കൊണ്ടിരുന്നു. രാത്രിയുടെ ആക്രമണത്തെ അദ്ദേഹം അറിയുന്നില്ല. ദേവാലയത്തിൽനിന്നും ഉയന്ന മണിനാദം ജോൺമാസ്റ്ററുടെ കണ്ണുപുടങ്ങളിൽ വന്നലച്ചപ്പോഴാണ് അദ്ദേഹം കണ്ണുതുറന്നു് ചുറ്റുപാടും ഒന്നു നോക്കിയതു്. രാത്രിയുടെ കൂരിരുട്ടും ഹൃദയത്തെ മഥിക്കുന്ന ചിന്തയും അദ്ദേഹത്തിൽ ഭയം ഉളവാക്കി. എങ്കിലും ഒരുവിധത്തിൽ തപ്പിത്തടഞ്ഞു വീട്ടിലെത്തിയതോടെ ഒരു ദൃഢനിശ്ചയം മനസ്സിലുറച്ചു.

x x x x

ജോൺമാസ്റ്റർ ആ നാട്ടിലെ മാന്യമായ ഒരു കുടുംബത്തിലെ അംഗവും ഒരു ഹൈസ്കൂൾ അദ്ധ്യാപകനുമാണ്. അദ്ദേഹത്തിന്റെ മാതാപിതാക്കന്മാർ മാതൃകാകത്തോലിക്കരും. ഒരു പുത്രസന്താനത്തെ ലഭിക്കുവാൻ ആ മാതാപിതാക്കന്മാർ വളരെ പ്രാർത്ഥിച്ചിരുന്നു. ദൈവപരിപാലനയിൽ അവർക്കതു ലഭിച്ചു. ആ ശിശുവിനെ അവർ ലാളിച്ചു ഓമനിച്ചു വളർത്തി. ജോണിയുടെ മാതാവിനു വിവാഹത്തിനു മുമ്പേ അങ്കുരിച്ചതാണ് ഒരഭിലാഷം—തന്റെ ഓമനമക്കളിൽ ഒരാളെ ഒരു വൈദികനായി കാണുവാൻ. അതിനായി അവൾ അഹർനിശം ദൈവമാതാവിനോടു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ആ പ്രാർത്ഥനയുടെ സാഫല്യം ജോണിയിൽ മൊട്ടിട്ടുവളരുന്നതായി ദൈവഭക്തയായ അവൾ ദർശിച്ചാനന്ദിച്ചു. ഒരു മാതൃകാബാലനായി വളർന്നുവന്ന ജോണിയിൽ ഹൈസ്കൂളിൽ കയറിയതോടെ ചില മാററങ്ങൾ സംഭവിച്ചു. കൂട്ടുകാരുമായി അവൻ ഇടപഴകിയതോടെ അവന്റെ ഭക്തജീവിതത്തിനു ഒരു വിരാമം വന്നു. അവൻ കോളെജിൽ പഠിക്കുന്ന കാലത്തു് മേരി എന്ന ഒരു യുവതിയുമായി കുറെ കൂടുതൽ അടുപ്പത്തിലായി. ഈ സാഹചര്യങ്ങൾ ജോണിയുടെ യൗവ്വനത്തിന്റെ ആദ്ധ്യാത്മികമായ അഭികാമ്യതയെ നശിപ്പിച്ചു. വൈദികജീവിതത്തിനുള്ള അഭിലാഷങ്ങൾ മുരടിച്ചു. മാതാപിതാക്കന്മാരുടെ സകല പ്രതീക്ഷകളും അഭിലാഷങ്ങളും ശിഥിലമായി. അതായിരിക്കും ദൈവഹിതമെന്നവർ സമാധാനിച്ചു. എങ്കിലും ആ മാതാവു തന്റെ മകന്റെ പരിപാവനജീവിതത്തിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

മേരി ഒരു കർഷകകുടുംബത്തിലെ അംഗമായിരുന്നു. എങ്കിലും അവൾ ഒരു അദ്ധ്യാപികയാകത്തക്കവണ്ണം ഉന്നതവിദ്യാഭ്യാസം ചെയ്തിരുന്നു. കാലത്തിന്റെ തികവിൽ ജോണിയും മേരിയും ഒരേ സ്കൂളിൽതന്നെ അദ്ധ്യാപകാദ്ധ്യാപികമാരായി ജോലിയിൽ പ്രവേശിച്ചു. അവർ വിവാഹിതരാകുന്നതിനുള്ള ആലോചനകൾ പരസ്പരം നടന്നു. ജോണിയുടെയോ മേരിയുടെയോ മാതാപിതാക്കന്മാർ ഇതേപ്പററി അറിഞ്ഞില്ല. വേണ്ടത്ര അന്വേഷിച്ചുമില്ല. ഇതൊരു സ്വാതന്ത്ര്യയുഗമാണല്ലോ. അവരുടെ ജീവിതനൗക ലോകസാഗരത്തിൽ എങ്ങിനെയായിരിക്കും പുരോഗമിക്കുക. പ്രകൃതിയുടെ വികൃതമായ ചുഴികളിൽപ്പെട്ടു ആ നൗക കുതന്നു നശിച്ചുപോകുമോ?

മേരി രണ്ടു മൂന്നു ദിവസങ്ങളായി സ്കൂളിൽ പോയിട്ട്. അവളുടെ പനി അത്ര നിസ്സാരമല്ലെന്നു ഒരു തോന്നൽ എല്ലാവർക്കുമുണ്ടായി. സ്കൂളിൽനിന്നു കുറെ ദിവസത്തെ അവധി വാങ്ങി. അവളുടെ ദയനീയസ്ഥിതി ഒന്നിനൊന്നു വർദ്ധിച്ചു. അത്യധികം വ്യസനകരമായ ഒരഭിപ്രായമാണ് ഡോക്ടർ പ്രകടിപ്പിച്ചതു്. വിവരമറിഞ്ഞു് അടുത്ത ദിവസം അവളുടെ വീട്ടിലേക്കു മേരിയെ കാണുന്നതിനായി ജോൺസാർ പുറപ്പെട്ടു. മേരിയുടെ പനി അത്യധികം വർദ്ധിച്ചിരുന്നു. അവളുടെ കരചരണങ്ങളെ അനക്കുവാൻപോലും അവൾക്കു കഴിഞ്ഞിരുന്നില്ല. ദേഹമാസകലം വേദന. ജീവിതാനന്ദങ്ങളുടെ നശ്വരത അവൾക്കനുഭവവേദ്യമായി. അവൾ അവളുടെ ഭൂതകാലസംഭവങ്ങളോരോന്നായി പരിശോധിച്ച് പശ്ചാത്തപിച്ചു. അവസാനമായി അവൾ പാപസങ്കീർത്തനത്തിനു ഒരു വൈദികനെ കൊണ്ടുവരുവാനായി അപേക്ഷിച്ചു. മാതാപിതാക്കന്മാർ നീറുന്ന ഹൃദയത്തുടിപ്പുകളോടെ, ഉടനെ ആളയച്ചു. വിവരം അറിഞ്ഞ ഉടനെ വികാരിയച്ചൻ വന്നു. അവളുടെ പാപസങ്കീർത്തനം കേട്ടു. അവൾക്കു വിശുദ്ധകുർബാനയും ഉപദേശങ്ങളും നൽകി. അവൾ മനസ്താപത്തിന്റെ അശ്രുക്കൾ പൊഴിച്ചു. ക്രിസ്തുവിനെ സ്വീകരിച്ചു സംതൃപ്തിയടഞ്ഞു.

ജോൺമാസ്റ്റർ പ്രഭാതത്തിൽ എഴുന്നേററ ഉടനെതന്നെ മേരിയുടെ വീട്ടിലേക്കു രോഗവിവരമറിയുവാൻ യാത്രയായി. ചിന്താമഗ്നനായി, വ്യസനാക്രാന്തനായി അദ്ദേഹം മേരിയുടെ വീട്ടിലേക്കു കടന്നുചെന്നു.

മനോഹരമായ ആ കൊച്ചുവീടിന്റെ മുമ്പിൽ മേരിയുടെ പരിലാളനയേററു വളർന്ന റോസച്ചെടികളും, മുല്ലച്ചെടികളും വണ്ണച്ചെടികളും ശോകമാന്ന വാടിത്തളർന്നു നില്ക്കുകയാണ്, ഏതോ ദുഃഖവാർത്തയറിയിച്ചുകൊണ്ടു്. മേരിയുടെ മാതാപിതാക്കന്മാർ അവളെ പരിചരിച്ചുകൊണ്ടു കട്ടിലിനടുത്തുനില്ക്കുന്നു. ജോൺമാസ്റ്റർ മുറിയിലേക്കു പ്രവേശിച്ചു.

ജോൺമാസ്റ്ററെ കണ്ടമാത്രയിൽ മേരിയുടെ ഹൃദയം വികാരഭരിതമായി. അവൾ കരഞ്ഞുപോയി. ജോൺമാസ്റ്റർക്കും ദുഃഖമടക്കാൻസാധിച്ചില്ല. മേരി മാതാപിതാക്കന്മാരിൽനിന്നും കുറച്ചുവെള്ളം വാങ്ങി കുടിച്ചശേഷം ശാന്തമായി ജോൺമാസ്റ്ററോടു പറഞ്ഞു: "ഞാൻ അങ്ങയോടു ചെയ്ത അപരാധം ക്ഷമിക്കണം. അങ്ങ് അതിമഹത്തായ ഒരു ലക്ഷ്യത്തിൽനിന്നു വ്യതിചലിക്കാൻ ഞാൻ കാരണമായി. അതിനാൽ അങ്ങ എന്നെ വിസ്മരിച്ചു, ദൈവവുമായി രമ്യപ്പെട്ടു അങ്ങേ മാതാപിതാക്കന്മാരുടെ ആഗ്രഹം നിറവേററ

(ശേഷം 4-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1